# സാന്ത്വനപ്രകാശം

പാലാ രൂപത ബുള്ളറ്റിൻ




ഏപ്രിൽ 09 – ഉയിർപ്പുതിരുനാൾ

Vol. LXXIII April 2023 No. 4



പാലാ കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന മൂറോൻ കൂദാശയുടെ തിരുക്കർമ്മങ്ങൾ





പാലാ രൂപത
പ്രസ്ബിറ്ററൽ കൗൺസിലും
മാർ ജോസഫ് പവ്വത്തിൽ
അനുസ്മരണ സമ്മേളനവും



ചങ്ങനാശ്ശേരി ആർച്ച് ബിഷപ് എമിരത്തൂസ് മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ ഭൗതികദേഹത്തിന് അരികിൽ അഭിവന്ദ്യ പിതാക്കന്മാർ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുന്നു


അഭിവന്ദ്യ മെത്രാപ്പോലീത്ത
മാർ ജോസഫ് പവ്വത്തിൽ പിതാവിന്
പാലാ രൂപതയുടെ പ്രണാമം


ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
നെല്ലാപ്പാറ ഇടവക

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ


APRIL 2023

Vol. LXXIII No. 4

# CONTENTS

സർക്കുലർ 312 ........................................ 259

സർക്കുലർ - 313 ........................................ 263

സംയുക്ത സർക്കുലർ ........................................ 265

സർക്കുലർ 314 ........................................ 271

ലേഖനം ........................................ 275

Transfer & Appointments ........................................ 284

അറിയിപ്പുകൾ ........................................ 285

വാർത്തകൾ ........................................ 305

ആദരാഞ്ജലികൾ ........................................ 341

അഭിവന്ദ്യ പിതാവിന്റെ ഡയറി ........................................ 346

സർക്കുലർ - 312

# അഭിഷേകതൈലത്തിന്റെ കൂദാശ

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

പരിശുദ്ധ റൂഹായുടെ സഹായത്താൽ ദൈവജനത്തെ വിശുദ്ധീകരിക്കുന്നതിന്റെയും പരിപൂർണ്ണരാക്കുന്നതിന്റെയും അടയാളമായാണ് അഭിഷേകതൈലത്തെ സഭ കരുതുന്നത്. സീറോ-മലബാർ സഭയിൽ പീഡാനുഭവവാരത്തിലോ അതിനോടടുത്ത മറ്റ് ഏതെങ്കിലും ദിവസങ്ങളിലോ ആണ് അഭിഷേകതൈലം കൂദാശ ചെയ്യുന്നത്. മാമ്മോദീസായിലെ വെള്ളവും രണ്ടാമത്തെ റൂശ്മയ്ക്കുള്ള തൈലവും വെഞ്ചരിക്കുന്നതിനും തൈലാഭിഷേകത്തിനുമാണ് വി. തൈലം ഉപയോഗിക്കുന്നത്. ദൈവാലയത്തിന്റെയും ദപ്പായുടെയും കൂദാശയ്ക്കും ഈ അഭിഷേകതൈലംതന്നെയാണ് ഉപയോഗിക്കുന്നത്. സൈത്ത് എന്ന സുറിയാനിപദമാണ് സാധാരണയായി നമ്മുടെ സഭയിൽ വി. തൈലത്തിന് ഉപയോഗിക്കുന്നത്. “ഒലിവ്” എന്നാണ് ഇതിന്റെ അർത്ഥം. സുഗന്ധദ്രവ്യങ്ങൾ ചേർത്ത തൈലത്തെയാണ് “മൂറോൻ” എന്നു വിളിക്കുന്നത്. നമ്മുടെ സഭയിലെ ദൈവാരാധനക്രമത്തിൽ അഭിഷേകതൈലത്തിന്റെ (വിശുദ്ധ മൂറോന്റെ) കൂദാശക്രമം എന്നാണ് തൈലത്തിന്റെ വിശുദ്ധീകരണത്തിനു പേരു നൽകിയിരിക്കുന്നത്. സുറിയാനിസഭയിൽ എല്ലാവർഷവും അഭിഷേകതൈലം കൂദാശ ചെയ്യുന്ന പാരമ്പര്യമില്ല. ഒരിക്കൽ കൂദാശചെയ്യപ്പെട്ട തൈലം ഉപയോഗിച്ചുതീരുമ്പോൾമാത്രമാണ് വീണ്ടും കൂദാശ ചെയ്യുന്നത്. മെത്രാപ്പോലീത്തയോ മെത്രാനോ ആണ് വിശുദ്ധ തൈലകൂദാശയുടെ കാർമ്മികൻ.

വി. തൈലത്തിന്റെ കൂദാശയുടെ ക്രമം ഇപ്രകാരമാണ്: കൂദാശ ചെയ്യുവാനുള്ള തൈലവും അതിൽ ചേർക്കാനുള്ള

സുഗന്ധദ്രവ്യങ്ങളും മദ്ബഹയിൽ വയ്ക്കുകയും പ്രാരംഭ പ്രാർത്ഥനകൾക്കും സങ്കീർത്തനങ്ങളുടെ ആലാപനത്തിനും ശേഷം “ഓനീസ” എന്നറിയപ്പെടുന്ന കീർത്തനങ്ങളും വചന ശുശ്രൂഷയും കാറോസൂസയും നടത്തുകയും ചെയ്യുന്നു. അതിനുശേഷം തൈലത്തിന്റെ കൂദാശകർമ്മം ആരംഭിക്കുന്നു. ഗ്ഹാന്തപ്രാർത്ഥനകൾക്കും ഭാഷണകാനോനകൾക്കും “പരിശുദ്ധൻ” എന്ന കീർത്തനത്തിനുശേഷം തൈലത്തിന്റെ കൂദാശയുടെ രണ്ട് അഭിഷേകപ്രാർത്ഥനകൾ കാർമ്മികൻ ചൊല്ലുന്നു. അതിനുശേഷം കാർമ്മികൻ കൈകളുയർത്തി, വലതുകൈ ഇടതുകൈയുടെ മുകളിൽ വരത്തക്കവിധം കുരിശാകൃതിയിൽ തൈലത്തിന്റെമേൽ പിടിച്ചുകൊണ്ട് പരിശുദ്ധ റൂഹായുടെ ആവാസത്തിനായി പ്രാർത്ഥിക്കുന്നു. അതേത്തുടർന്ന് സുഗന്ധദ്രവ്യം കുരിശാകൃതിയിൽ തൈലത്തിൽ ഒഴിക്കുകയും വലതുകൈയുടെ ചൂണ്ടുവിരൽ തൈലത്തിൽ മുക്കി കുരിശാകൃതിയിൽ റൂശ്മ ചെയ്ത് ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യുന്നു: “വിശ്വാസികളെ മുദ്രിതരാക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും ബലപ്പെടുത്തുന്നതിനും സ്ഥിരീകരിക്കുന്നതിനുമായി ഈ തൈലം, സജീവവും ജീവദായകവുമായ സ്ലീവായുടെ അടയാളത്താൽ റൂശ്മ ചെയ്യപ്പെടുകയും പവിത്രീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു.” തുടർന്ന് ഓനീസകളും സങ്കീർത്തനങ്ങളും ആലപിച്ചതിനുശേഷം വിശുദ്ധ കുർബാന ഓനീസാ ദ്റാസയോടെ തുടരുകയും പ്രത്യേക സമാപനപ്രാർത്ഥനകളോടെ അവസാനിപ്പിക്കുകയും ചെയ്യുന്നു.

നമ്മുടെ രൂപതയിൽ മാർച്ച് മാസം 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 6.45 ന് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് വി. മൂറോന്റെ കൂദാശാകർമ്മം നടക്കുകയാണ്. രൂപതയിലെ വൈദികകൂട്ടായ്മയുടെ ഐക്യത്തിന്റെ പ്രതീകമായി രൂപത കൂരിയാ അംഗങ്ങളും എല്ലാ ഫൊറോനാവികാരിമാരും കൂദാശാകർമ്മത്തിൽ പങ്കെടുക്കുന്നതാണ്. വി. മൂറോന്റെ ഉപയോ

ഗത്തെ സംബന്ധിച്ചു ചില പ്രായോഗികനിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.

1. ഇടവകദൈവാലയങ്ങളിൽ വിശുദ്ധ തൈലം ഉപയോഗിച്ചു തീരുമ്പോൾ കത്തീഡ്രൽ ദൈവാലയത്തിൽനിന്നു വാങ്ങാവുന്നതാണ്. തൈലം വാങ്ങാൻ വരുമ്പോൾ ദൈവാലയങ്ങളിൽ വി. മൂറോൻ സൂക്ഷിക്കുന്ന പാത്രം കൊണ്ടുവരേണ്ടതാണ്.

2 ഇടവകദൈവാലയങ്ങളിൽ അഭിഷേകതൈലം ആദരവോടെ സംരക്ഷിക്കുന്നതിനായി മാമ്മോദീസാത്തൊട്ടിയോടനുബന്ധിച്ച് ഒരു ചെറിയ സക്രാരി ഉണ്ടാക്കി അതിൽ വി. മൂറോൻ സൂക്ഷിക്കേണ്ടതാണ്.

3. മാമ്മോദീസായിലെ വെള്ളവും രണ്ടാമത്തെ റൂശ്മയ്ക്കുള്ള തൈലവും വെഞ്ചരിക്കുന്നതിനും തൈലാഭിഷേകത്തിനുമാണ് വി. തൈലം ഉപയോഗിക്കുന്നത്. രണ്ടാമത്തെ റൂശ്മയ്ക്ക് ഉപയോഗിക്കുന്ന (പുരോഹിതൻ വെഞ്ചരിച്ച) തൈലമാണ് പിന്നീടുള്ള മാമ്മോദീസായിൽ ഒന്നാമത്തെ റൂശ്മയ്ക്കായി ഉപയോഗിക്കേണ്ടത്.

4. രോഗീലേപനത്തിന് വി. മൂറോനോ മാമ്മോദീസായിൽ വെഞ്ചരിച്ച തൈലമോ അല്ല ഉപയോഗിക്കേണ്ടത്. രോഗീലേപനശുശ്രൂഷയുടെ ഭാഗമായി പ്രത്യേകം തൈലം വെഞ്ചരിക്കേണ്ടതാണ്. ഒലിവെണ്ണയോ മറ്റ് സസ്യയെണ്ണകളോ രോഗീലേപനത്തിനുള്ള തൈലമായി ഉപയോഗിക്കാവുന്നതാണ്.

5. മാമ്മോദീസായിലും രോഗീലേപനത്തിലും റൂശ്മ കഴിഞ്ഞ് തൈലം തുടച്ചുമാറ്റാൻ ഉപയോഗിക്കുന്ന പഞ്ഞിയും തുണിയും കത്തിച്ചുകളയേണ്ടതാണ്.

വി. തൈലത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട ഈ നിർദ്ദേശങ്ങൾ കൃത്യതയോടെ പാലിക്കുവാൻ എല്ലാവരും പരിശ്രമിക്കണം. അതുവഴി ദൈവത്തിന്റെ തിരുനാമം മഹത്ത്വപ്പെടുവാൻ ഇടയാകട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 20-03-2023

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

---

NB : വി. മൂറോൻ കൂദാശയോടനുബന്ധിച്ച് 2023 മാർച്ച് 20-ാം തീയതി തിങ്കളാഴ്ച നല്കപ്പെട്ട സർക്കുലർ.

സർക്കുലർ - 313

# പീഡാനുഭവവാര തിരുക്കർമ്മങ്ങൾ

മിശിഹായിൽ പ്രിയ ബഹു. വൈദികരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവീശോമിശിഹായുടെ പെസഹാ രഹസ്യങ്ങളുടെ അനുസ്മരണദിവസങ്ങളായ പീഡാനുഭവവാരത്തിലേക്ക് തിരുസ്സഭ പ്രവേശിക്കുകയാണല്ലോ. ഓശാന ഞായറാഴ്ചയിലെ തിരുക്കർമ്മങ്ങളോടെ ആരംഭിച്ച് ഉത്ഥാനത്തിന്റെ അനുസ്മരണത്തോടെയാണ് പീഡാനുഭവവാരം അവസാനിക്കുന്നത്. ഈശോയുടെ ജറുസലേമിലേക്കുള്ള ആഘോഷമായ പ്രവേശനമാണ് ഓശാനഞായറാഴ്ച അനുസ്മരിക്കുന്നത്. ഈശോയുടെ അവസാനത്തെ അത്താഴവും പരിശുദ്ധ കുർബാനയുടെയും പൗരോഹിത്യത്തിന്റെയും സ്ഥാപനവും പെസഹാവ്യാഴാഴ്ച ഓർമ്മിക്കുന്നു. കർത്താവിന്റെ പീഡാസഹനവും കുരിശുമരണവും സംസ്കാരവും അനുസ്മരിച്ചുകൊണ്ട് പീഡാനുഭവവെള്ളിയും വലിയശനിയും കഴിഞ്ഞ് ഉയിർപ്പിന്റെ ആഘോഷത്തിലേക്കു സഭ എത്തുന്നു. വലിയ നോമ്പിന്റെ അവസാനദിനങ്ങളായ പീഡാനുഭവവാരത്തിലെ തിരുക്കർമ്മങ്ങൾക്കു സഹായകമാകുന്ന ചില നിർദ്ദേശങ്ങൾ നല്കുകയാണ്.

1. പരിശുദ്ധ കുർബാനയുടെയും മറ്റു തിരുക്കർമ്മങ്ങളുടെയും ഓൺലൈൻ സംപ്രേക്ഷണം നിരുത്സാഹപ്പെടുത്തേണ്ടതാണ്.
2. പെസഹാവ്യാഴാഴ്ച ഒരു ഇടവകയിൽ ഒരു കുർബാന മാത്രമേ അർപ്പിക്കാവൂ.
3. പെസഹാവ്യാഴാഴ്ച മൂന്നാമത്തെ കൂദാശക്രമം (മാർ നെസ്തോറിയസിന്റെ കൂദാശാക്രമം) ആണ് ഉപയോഗിക്കേണ്ടത്.

4. പെസഹാവ്യാഴാഴ്ച ദിവസം പരിശുദ്ധ കുർബാന പ്രത്യേകം തയ്യാറാക്കിയ സ്ഥലത്തേക്കുമാറ്റി സ്ഥാപിക്കേണ്ടതില്ല.

5. പീഡാനുഭവവെള്ളിയാഴ്ച പ്രഘോഷണഗ്രന്ഥത്തിൽ നിന്നാണ് സുവിശേഷം വായിക്കേണ്ടത്.

6. പീഡാനുഭവവെള്ളിയാഴ്ച ദിവ്യകാരുണ്യസ്വീകരണ ശുശ്രൂഷ നടത്തേണ്ടതില്ല.

7. ഉയിർപ്പുതിരുനാളിന്റെ തിരുക്കർമ്മം പുലർച്ചെ മൂന്നുമണിക്കാണു നടത്തേണ്ടത്.

പീഡാനുഭവവാരത്തിലെ ആരാധനക്രമ ആഘോഷങ്ങളിലും ഈശോയുടെ രക്ഷാരഹസ്യങ്ങളെ ധ്യാനിക്കുന്നതിനും ആത്മീയതയിൽ വളരുന്നതിനും എല്ലാവർക്കും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു. ഉത്ഥിതനായ മിശിഹാ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 28-03-2023

സംയുക്ത സർക്കുലർ

23 Ch. 283-364

# സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ രജതജൂബിലി നിറവിൽ

മിശിഹായിൽ പ്രിയ ബഹു. വൈദികരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

ഇന്നത്തെ ക്ലാസ്സുമുറികളാണ് രാഷ്ട്രത്തിന്റെ നാളെയെ നിർണ്ണയിക്കുന്നത് എന്ന സത്യം മനസ്സിലാക്കി സഭ ഇളംതലമുറയുടെ വിദ്യാഭ്യാസകാര്യങ്ങളിൽ മുന്തിയ പരിഗണനയാണു നൽകിവരുന്നത്. കത്തോലിക്കാസഭയുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ ആത്മീയ ഭൗതിക വിജ്ഞാനങ്ങളെ സമഞ്ജസമായി സമന്വയിപ്പിക്കുന്നതുമാണ്. രാഷ്ട്രനിർമ്മിതിയിൽ തലമുറകളെ സജ്ജരാക്കുകയെന്ന പരമമായ ലക്ഷ്യമാണ് ഇതിനു പിന്നിൽ. ആത്മീയ ഭൗതികവിജ്ഞാനങ്ങളെ പരസ്പര പൂരകമായിട്ടാണ് സഭ എന്നും കണ്ടിട്ടുള്ളത്. ഭാരതത്തിലെ സർവ്വജനങ്ങളുടെയും അഭിവൃദ്ധിക്ക് ഉപയുക്തമായ ഭരണവ്യവഹാരങ്ങൾ സംശുദ്ധവും ആദർശാധിഷ്ഠിതവുമാക്കാൻ മതധാർമ്മികതയുടെ മൂല്യങ്ങൾ ലയിച്ചുചേർന്ന പഠനമാണാവശ്യം. രാഷ്ട്രം കർക്കശമായ കല്പനകളും നിയമങ്ങളും നൽകുമ്പോൾ ക്രൈസ്തവധാർമ്മികത ദയ, സ്നേഹം, ആർദ്രത തുടങ്ങിയ മൂല്യങ്ങളടങ്ങിയ കർമ്മപദ്ധതികൾക്കാണു പ്രാധാന്യം നൽകുന്നത്. പാഠ്യപദ്ധതി ഒന്നായിരിക്കുമ്പോഴും നമ്മുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളെ വ്യത്യസ്തമാക്കുന്നത് അതിൽ അന്തർലീനമായിരിക്കുന്ന മതാത്മകവും ധാർമ്മികവുമായ മൂല്യങ്ങളുടെ മികവും തെളിമയുമാണ്.

ദൈവികജ്ഞാനത്തോടൊപ്പം അക്ഷരജ്ഞാനവും പകർന്നുകൊടുത്തുകൊണ്ടാണ് സഭ കേരളത്തിൽ സ്വയം അടയാളപ്പെടുത്തിയത്. പ്രാഥമിക വിദ്യാഭ്യാസസ്ഥാപനങ്ങളിൽ തുടക്കംകുറിച്ച സഭയുടെ പ്രവർത്തനം ഉന്നതവിദ്യാഭ്യാസത്തിലും സാങ്കേതികവിദ്യാഭ്യാസരംഗത്തും കാലത്തിന്റെ ആവശ്യത്തിനനുസരിച്ച് മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. നവസാങ്കേതികവിദ്യയുടെയും ഉദാരീകരണത്തിന്റെയും കാലത്ത് അതിനെ അഭിമുഖീകരിക്കാൻ പുതുതലമുറയെ സജ്ജമാക്കുന്നതും തൊഴിൽരംഗത്ത് മുന്നേറാൻ കഴിയുന്നതുമായ വിദ്യാഭ്യാസ പദ്ധതിയെക്കുറിച്ച് നാം ചിന്തിച്ചു. മെഡിക്കൽ, എൻജിനീയറിംഗ് മേഖലകളിലെ നമ്മുടെ സാന്നിദ്ധ്യവും വിഭവസമാഹരണവും കാലോചിതമായ നീക്കംതന്നെയായിരുന്നു. ഇതുകൊണ്ടൊന്നും അവസാനിക്കേണ്ടതല്ല രാഷ്ട്രനിർമ്മിതിയിലും ഔദ്യോഗികരംഗങ്ങളിലുമുള്ള നമ്മുടെ പങ്കാളിത്തം. ഒരു കാലത്ത് തീർത്തും ശുഷ്കമായിരുന്ന സിവിൽ സർവ്വീസ് രംഗത്തെ കേരളത്തിന്റെ പ്രാതിനിധ്യം കണ്ടറിഞ്ഞ് ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ പാലായിൽ ആരംഭിച്ച സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് ഉന്നത ഭരണമണ്ഡലത്തിൽ വ്യാപകമായി കേരളത്തിന്റെ യുവതലമുറയെ എത്തിക്കുന്നതിൽ വിജയിച്ചു. 1998 ൽ നമ്മുടെ പിതാക്കന്മാരുടെ നേതൃത്വത്തിൽ സ്ഥാപിതമായ ഈ പരിശീലനകേന്ദ്രം കഴിഞ്ഞ 25 വർഷത്തെ പ്രവർത്തനത്തിലൂടെ ഐ.എ.എസ്, ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ സിവിൽ സർവ്വീസുകളിൽ 339 പേരെയും മറ്റനേകരെ വിവിധ സർക്കാർ അർദ്ധസർക്കാർ സർവ്വീസുകളിലും എത്തിച്ചു എന്നതിൽ ചാരിതാർത്ഥ്യമുണ്ട്. രജതജൂബിലിയുടെ നിറവിലായിരിക്കുന്ന പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പൂർവ്വവിദ്യാർത്ഥികളാണ് തിരുവനന്തപുരം, ഇടുക്കി, തൃശൂർ, എറണാകുളം എന്നീ ജില്ലകളിലെ ഇപ്പോഴത്തെ കളക്ടർമാർ എന്നതിൽ നമുക്ക് അഭിമാനിക്കാം.

വിവരസാങ്കേതികവിദ്യയുടെയും മറ്റു സാങ്കേതികമേഖലകളുടെയും സാധാരണീകരണത്തിലൂടെ ലോകം ഒരു ആഗോളഗ്രാമമായതോടെ നാം അഡ്രസ്സുചെയ്യേണ്ടിവരുന്ന പ്രശ്നമാണ് വിദ്യാസമ്പന്നരായ യുവജനങ്ങൾ നാടുപേക്ഷിച്ചു പോകുന്ന പ്രവണത. നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്കും വളർച്ചയ്ക്കും ഉതകേണ്ട മാനവശേഷിയും ബൗദ്ധിക സമ്പത്തും നഷ്ടമാകുന്ന ഈ അവസ്ഥയ്ക്കുപിന്നിൽ രാഷ്ട്രീയവും സാമൂഹികവും തൊഴിൽപരവും സാമ്പത്തികവുമായ കാരണങ്ങളുണ്ടാവാം. അനഭിലഷണീയവും ദൂരവ്യാപകവുമായ ദോഷഫലങ്ങൾ സൃഷ്ടിക്കുന്ന ഈ മനോഭാവത്തെ നാം ഗൗരവപൂർണ്ണമായ ചിന്തയ്ക്കു വിധേയമാക്കണം. തീർത്തും ലാഘവത്തോടെ മാതൃരാജ്യത്തെ വിട്ടുപോകാൻ പ്രേരിപ്പിക്കുന്ന- സ്വയം അന്യവൽക്കരിക്കുന്ന - ചില ആശയധാരകളും പ്രചോദനങ്ങളും ഇവിടെ പ്രബലമാകുന്നുണ്ടോ എന്നു സംശയിക്കണം. യുവജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസ-തൊഴിൽ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിൽ ഗവൺമെന്റും പൊതുസമൂഹവും പരാജയപ്പെടുന്നിടത്താണ് നാം ഉണരേണ്ടത്. നല്ല സ്കോളർഷിപ്പോടെ ഉന്നതവിദ്യാഭ്യാസം നേടാൻ രാജ്യത്തെ മുന്തിയ സർവ്വകലാശാലകളിലും സ്ഥാപനങ്ങളിലും നിലവിലുള്ള അവസരങ്ങളും തൊഴിൽസാധ്യതകളും പുതുതലമുറ അറിയാതെ പോകരുത്. ഇതിനു സഹായകമായ പൊതുബോധം വിദ്യാർത്ഥികളിലും മാതാപിതാക്കളിലും സൃഷ്ടിക്കുവാനുള്ള ഉത്തരവാദിത്വമാണ് ഇന്ന് ഏറെ പ്രസക്തം. രൂപത-ഇടവക തലങ്ങളിൽ പ്രവർത്തിക്കുന്ന യുവജനപ്രസ്ഥാനങ്ങളുടെയും മാതൃ-പിതൃവേദികളുടെയും ശ്രദ്ധയും ജാഗ്രതയും ഇക്കാര്യത്തിലുണ്ടാകണം. ഇതിനായി കരിയർ ഗൈഡൻസ്, പഠനശിബിരങ്ങൾ, സെമിനാറുകൾ ഇവ സംഘടിപ്പിക്കണം. വിനോദപരിപാടികൾക്കപ്പുറം വിജ്ഞാനാർജ്ജനത്തിന് ഉതകുംവിധം ഇന്റർനെറ്റിനെയും ഇലക്ട്രോണിക് ഉപകരണങ്ങളെയും നവമാധ്യമങ്ങളെയും ഉപ

യോഗിക്കണം. വായനശീലവും ഇന്റർഡിസിപ്ലിനറി പഠനരീതികളും പ്രോത്സാഹിപ്പിക്കപ്പെടണം.

പുതിയ കാലത്തിന്റെ മത്സരാധിഷ്ഠിത പഠനസമ്പ്രദായങ്ങൾ വിദ്യാർത്ഥികളെ പരിചയപ്പെടുത്തുന്നതിലും പരിശീലിപ്പിക്കുന്നതിലും നമ്മുടെ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് മാതൃകാപരമായ പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്. വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ്, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്, കേന്ദ്ര സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, പി.എസ്.സി. എന്നിവയുടെ മത്സരപരീക്ഷകളിലൂടെ ഈ രാജ്യത്തുതന്നെ തൊഴിൽ നേടാൻ കഴിയുംവിധമുള്ള പഠന പരിശീലനപരിപാടികൾ ഇവിടെ ഏറെ കാര്യക്ഷമമായി നടക്കുന്നു. അർഹരായവർക്ക് സ്കോളർഷിപ്പുകളും ഫീസിളവുകളും നൽകുന്നുമുണ്ട്. സിൽവർ ജൂബിലിവർഷം പ്രമാണിച്ച്, സിവിൽ സർവ്വീസ് ഫുൾടൈം പരിശീലനത്തിനു ചേരുന്ന 25 ഉദ്യോഗാർത്ഥികൾക്ക് യോഗ്യതാപരീക്ഷയുടെ അടിസ്ഥാനത്തിൽ പൂർണ്ണമായും സൗജന്യപഠനമൊരുക്കുവാനും തീരുമാനിച്ചിട്ടുണ്ട്. അവസാനവർഷ ഡിഗ്രി വിദ്യാർത്ഥികൾക്കും ഈ യോഗ്യതാപരീക്ഷ എഴുതാവുന്നതാണ്. നമ്മുടെ കുട്ടികളുടെ പ്രായത്തിനും ബുദ്ധിക്കും പ്രാപ്തിക്കും അഭിലാഷങ്ങൾക്കും ഉതകുന്ന പരിശീലനപരിപാടികളെ നാം പ്രയോജനപ്പെടുത്തണം.

ഐ.എ.എസ്, ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ 21 സിവിൽ സർവ്വീസുകളിലേക്ക് 2024-ൽ നടക്കുന്ന പരീക്ഷയ്ക്കുള്ള കോച്ചിങ് ക്ലാസുകളുടെ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയോ ഉപരിയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷം ദീർഘിക്കുന്ന ഫുൾടൈം കോഴ്സിന്റെ ഭാഗമായി പ്രിലിമിനറി, മെയിൻസ്, ഇന്റർവ്യൂ എന്നീ മൂന്നുഘട്ട പരീക്ഷകൾക്കുമുള്ള പരിശീലനമാണ് നൽകുന്നത്. ഡിഗ്രിയോടൊപ്പം ഐ.എ.എസ്. പഠിക്കുന്നതിനുള്ള ആഡ് ഓൺ കോഴ്സും ഹയർ സെക്കൻഡറി വിദ്യാർ

ത്ഥികൾക്കുവേണ്ടിയുള്ള ഫൗണ്ടേഷൻ കോഴ്സും ആറാം ക്ലാസുമുതൽ ആരംഭിക്കുന്ന ബ്യൂട്ടിഫുൾ മൈന്റ്സ് എന്ന പരിശീലനപരിപാടിയും സ്കൂൾ കുട്ടികൾക്കുള്ള സമഗ്രവ്യക്തിത്വ വികസനക്യാമ്പുകളും ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിവരുന്നു. നമ്മുടെ കുട്ടികൾക്ക് ഇന്ത്യയിലെ തൊഴിൽമേഖലകളെയും വിദ്യാഭ്യാസ സാധ്യതകളെയും പരിചയപ്പെടാനും മത്സരപ്പരീക്ഷകൾക്കു സജ്ജരാകാനും ഉതകുന്ന ക്ലാസുകളും പരിശീലനവുമാണ് നാം ലക്ഷ്യംവയ്ക്കുന്നത്.

പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശീലനമികവും സർവ്വസജ്ജമായ ലൈബ്രറിയും പഠന ക്യുബിക്കിളുകളും സിവിൽ സർവ്വീസ് പരീക്ഷയിൽ നിരന്തരമായി ലഭിക്കുന്ന വിജയവും ഈ സ്ഥാപനത്തെ അനന്യമാക്കുന്നു. ഭരണഘടന, നിയമവ്യവസ്ഥ, ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ, പ്രധാന തൊഴിൽസാധ്യതകൾ ഇവയെല്ലാം നമ്മുടെ കുട്ടികൾ മനസ്സിലാക്കി വളരണം. രാജ്യസ്നേഹവും സാമൂഹിക ബോധവും സമഭാവനയും സ്വഭാവമേന്മയുമുള്ള പൗരന്മാരാണ് രാജ്യത്തിന്റെ സമ്പത്ത്. ദ്രുതഗതിയിൽ മാറുന്ന കാലത്തിന്റെ സങ്കീർണ്ണതകൾ വിദ്യാഭ്യാസത്തിലും തൊഴിൽമേഖലകളിലുമെല്ലാം പ്രതിഫലിക്കുന്നുണ്ട്. ഇക്കാര്യത്തിലുള്ള നിതാന്തമായ ഉണർവാണ് ഇന്നിന്റെയും നാളെയുടെയും ആവശ്യം.

രാഷ്ട്രനിർമ്മിതിയിൽ പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് ഇക്കഴിഞ്ഞ 25 വർഷങ്ങൾ നിർവ്വഹിച്ച നിസ്തുലമായ സേവനങ്ങളെ നന്ദിയോടെ സ്മരിക്കാം. നമ്മുടെ കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെയും സമഗ്രമായ വ്യക്തിത്വ വികാസത്തിനും ബൗദ്ധികവളർച്ചയ്ക്കും ഊന്നൽ നൽകി അവരെ ഉത്തമപൗരൻമാരാക്കി രാജ്യശുശ്രൂഷയ്ക്കായി സമർപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന എല്ലാ കർമ്മപരിപാടികളോടും നമുക്ക് ആത്മാർത്ഥമായി സഹകരിക്കാം. പ്രത്യേകിച്ച്, ഈ രജതജൂബിലിവർഷത്തിൽ സംഘടിപ്പിക്കുന്ന സ്കോളർഷിപ്പ് പരീക്ഷ, സിൽവർ ജൂബിലി റെസി

ഡെൻഷ്യൽ ക്യാമ്പ്, വ്യക്തിത്വവികസനസെമിനാർ, ക്ലാസുകൾ എന്നിവയിൽ നമ്മുടെ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. ജൂബിലിവർഷത്തിൽ 25 വിദ്യാർത്ഥികൾക്ക് തികച്ചും സൗജന്യമായി സിവിൽ സർവ്വീസ് ഫുൾ ടൈം പരിശീലനം നൽകാൻ ഇൻസ്റ്റിറ്റ്യൂട്ട് എടുത്ത ധീരമായ നടപടിയെ അങ്ങേയറ്റം അഭിനന്ദിക്കുന്നു. നല്ല തയ്യാറെടുപ്പോടെ 2023 മെയ് മാസം 8-ാം തീയതി തിങ്കളാഴ്ച നടക്കുന്ന പരീക്ഷക്കൊരുങ്ങി സ്കോളർഷിപ്പിന് അർഹരായി മികച്ച പരിശീലനം നേടി രാജ്യനിർമ്മിതിയിൽ പങ്കാളികളാകാൻ യുവതീ യുവാക്കളെ ആഹ്വാനം ചെയ്തുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

**ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

**ബിഷപ് ജോസ് പുളിക്കൽ**
കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ

ബന്ധപ്പെടേണ്ട ഫോൺ നമ്പർ:
9539381100, 9539371100, 04822 215831
E-mail: civilpala@yahoo.com
Web :www.civilservicepala.com

---

NB: ഈ സർക്കുലർ 2023 ഏപ്രിൽ മാസം 23-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

സർക്കുലർ - 314

# കത്തോലിക്കാ കോൺഗ്രസ്

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

സഭയിലും സമൂഹത്തിലും നിർണായകസ്വാധീനം ചെലുത്തിയ കത്തോലിക്കാ കോൺഗ്രസ് രൂപീകൃതമായിട്ട് 105 വർഷങ്ങൾ പൂർത്തിയാകുകയാണ്. 1905 ൽ മാന്നാനത്ത് ക്രാന്തദർശിയായ നിധീരിക്കൽ മാണിക്കത്തനാരുടെയും അല്മായപ്രമുഖനായിരുന്ന പാറായിൽ വർക്കിതരകന്റെയും നേതൃത്വത്തിൽ നടന്ന സമുദായസംഗമമാണ് കത്തോലിക്കാ കോൺഗ്രസിന്റെ രൂപീകരണത്തിനു കാരണമായത്. 1905 മുതൽ 1918 വരെ തിരുവിതാംകൂറിന്റെ വിവിധ കേന്ദ്രങ്ങളിൽവച്ച് വമ്പിച്ച സമുദായസംഗമങ്ങൾ നടന്നുവന്നു. 1918 ൽ ചങ്ങനാശ്ശേരിയിൽ നടന്ന സമ്മേളനത്തിലാണ് കത്തോലിക്കാ കോൺഗ്രസിന്റെ ആദ്യരൂപമായ 'കേരള കത്തോലിക്കാ മഹാജനസഭ' എന്ന സംഘടന രൂപംകൊണ്ടത്.

ഇന്നത്തെ പാലാ രൂപതയുടെ പരിധിയിൽ വരുന്ന നിരവധി അല്മായപ്രമുഖരുടെ ത്യാഗപൂർണമായ പ്രവർത്തനമാണ് കത്തോലിക്കാ കോൺഗ്രസിന്റെ രൂപീകരണത്തിനും വളർച്ചയ്ക്കും കാരണമായത്. അവരുടെ പാവനസ്മരണയ്ക്കുമുമ്പിൽ പാലാ രൂപത ആദരാഞ്ജലികൾ അർപ്പിക്കുന്നു.

സമൂഹത്തിൽ മാറ്റത്തിനായി സമരപോരാട്ടങ്ങൾ നടത്തിയ കത്തോലിക്കാ കോൺഗ്രസിന്റെ ആദ്യകാലചരിത്രം സംഭവബഹുലമായിരുന്നു. നവോത്ഥാനമുന്നേറ്റങ്ങൾക്കു വേഗം നൽകിയ മലയാളി മെമ്മോറിയൽ, നിവർത്തനപ്രക്ഷോഭം, പൗരസമത്വപ്രക്ഷോഭം എന്നിവയ്ക്ക് കത്തോലിക്കാ കോൺഗ്രസ് നേതൃത്വം നൽകി. ദിവാൻ സി.പി.ക്കെതിരേ നടന്ന സമരം ഏവരെയും ആവേശംകൊള്ളിക്കുന്നതായിരുന്നു.

അക്കാലത്ത് പതിനായിരങ്ങളെ അണിനിരത്തി സമരത്തിനു നേതൃത്വം നൽകിയ ഷെവ. ഇലഞ്ഞിക്കൽ തര്യത് കുഞ്ഞി ത്തൊമ്മനെ ദിവാന്റെ പോലീസ് ജയിലിൽ അടച്ചു. തുടർന്ന്, ജോസഫ് ചാഴികാടന്റെ നേതൃത്വത്തിലാണ് ആ സമരം വിജയം വരിച്ചത്. 1957 ൽ വിമോചനസമരത്തിനു കാരണമായ വിദ്യാ ഭ്യാസസമരത്തിനും 1972 ലെ കോളജ് സമരത്തിനും നേതൃത്വം നൽകിയത് കത്തോലിക്കാ കോൺഗ്രസ് ആയിരുന്നു. ചുരുളി, കീരിത്തോട് തുടങ്ങിയ സ്ഥലങ്ങളിൽ കർഷകകുടിയിറക്കു കൾക്കെതിരേയും അമരാവതി കുടിയിരുത്തൽ സമരത്തിനും നേതൃത്വം നൽകിയത് കത്തോലിക്കാ കോൺഗ്രസായിരുന്നു.

സമീപകാലത്തും കത്തോലിക്കാ കോൺഗ്രസ് സമുദാ യവും സമൂഹവും നേരിടുന്ന പ്രശ്നങ്ങൾ ഏറ്റെടുക്കുന്നു വെന്നത് അഭിനന്ദനാർഹമാണ്. നമ്മുടെ രൂപതയിൽ ലക്ഷ ങ്ങളെ പങ്കെടുപ്പിച്ചു നടത്തിയ സമുദായ, കർഷകമുന്നേറ്റങ്ങൾ വിസ്മരിക്കാനാവില്ല. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടിനെ തിരേയും കാർഷികോത്പന്നങ്ങളുടെ വിലത്തകർച്ചക്കെതി രേയും ബഫർസോൺ പ്രശ്നത്തിലും നിരവധി സമരങ്ങൾക്ക് കത്തോലിക്കാ കോൺഗ്രസ് നേതൃത്വം നൽകി.

ചർച്ച് ആക്ട്, സ്വാശ്രയവിദ്യാഭ്യാസനിയമം, ന്യൂനപക്ഷ അവകാശധ്വംസനങ്ങൾ, തീവ്രമതനിലപാട് ഉയർത്തുന്ന വെല്ലു വിളികൾ എന്നിവയ്ക്കെതിരേയും നിതാന്തജാഗ്രത തുടരുന്നു. കുടുംബകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സ്വാശ്രയശീലം വളർത്തുന്നതിനുമായി നടത്തുന്ന ആയിരങ്ങൾ പങ്കെടുക്കുന്ന അടുക്കളത്തോട്ടമത്സരം വിജയകരമായ എട്ടു വർഷങ്ങൾ പിന്നിട്ടു. സഭയുടെ യുവജനസംഘടനയിൽ പ്രവർത്തിച്ചു പുറ ത്തിറങ്ങിയ യുവനേതാക്കളെ ഉൾക്കൊള്ളിച്ചുകൊണ്ട് യൂത്തു കൗൺസിൽ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചതു ശ്രദ്ധേയ മാണ്.

അതിവേഗം മാറുന്ന സാമൂഹികസാഹചര്യത്തിൽ നമ്മൾ നേരിടുന്ന വെല്ലുവിളികൾ വേറിട്ടതും വ്യത്യസ്തവുമാണ്. സഭാ നേതൃത്വത്തിനും സമുദായത്തിനും പൊതുസമൂഹത്തിലുണ്ടാ

യിരുന്ന സൽപ്പേരും സ്വീകാര്യതയും ഇല്ലാതാക്കാനുള്ള ഗൂഢവും സംഘടിതവുമായ പ്രവർത്തനങ്ങൾ വ്യാപകമാകുന്നു. ജനസംഖ്യയിൽ ഉണ്ടാകുന്ന കുറവും യുവജനങ്ങളുടെ അനിയന്ത്രിതമായ കുടിയേറ്റങ്ങളും ജന്മമെടുത്ത മണ്ണിൽ നമ്മുടെ നിലനില്പിനെ അപകടത്തിലാക്കുന്നു. സർക്കാർ ഉദ്യോഗതലത്തിലും കക്ഷിരാഷ്ട്രീയ നേതൃനിരയിലും ക്രൈസ്തവസാന്നിധ്യം കുറഞ്ഞുവരുന്നു. നവമാധ്യമങ്ങളുടെ തെറ്റായ പ്രവണതകളും കടന്നുകയറ്റവും സമൂഹത്തെ തിന്മയിലേക്കും തെറ്റിദ്ധാരണകളിലേക്കും നയിക്കുന്നു. ലൈംഗിക ധാർമികതയും മൂല്യച്യുതിയും സംഭവിച്ച ചെറുതല്ലാത്ത ഒരു യുവതലമുറ വളർന്നുവരുന്നു. സ്ത്രീപീഡനങ്ങളും ലൈംഗിക അതിക്രമങ്ങളും പോക്സോ കേസുകളും വൻതോതിൽ വർധിക്കുന്നു. എല്ലാത്തരം ലഹരിവസ്തുക്കളും നാട്ടിൻപുറങ്ങളിൽപ്പോലും പിടിമുറുക്കുന്നു. തീവ്രമതനിലപാടുകളും അനുബന്ധപ്രവർത്തനങ്ങളും കുടുംബങ്ങളെയും യുവതലമുറയെയും നാടിന്റെ സാമ്പത്തികക്രമങ്ങളെപ്പോലും ദോഷമായി ബാധിക്കുന്ന രീതിയിലേക്കു മാറിയിരിക്കുന്നു. ഭരണകൂട അവഗണനകൾക്കും ന്യൂനപക്ഷ അവകാശവിവേചനങ്ങൾക്കും നമ്മൾ നിരന്തരം വിധേയരാകുന്നു. നമ്മുടെ വിശ്വാസങ്ങളെയും വിശ്വാസപ്രതീകങ്ങളെയും അപമാനിക്കാനും അവഹേളിക്കാനും നിരീശ്വരവിശ്വാസവിരുദ്ധ ഗ്രൂപ്പുകൾ നിരന്തരം ശ്രമിക്കുന്നു. കഴിഞ്ഞ ഒന്നരപ്പതിറ്റാണ്ടിലേറെയായി തുടരുന്ന കാർഷികോത്പന്നങ്ങളുടെ വിലത്തകർച്ചയും പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥാവ്യതിയാനവും കുടുംബങ്ങളുടെ സാമ്പത്തികനിലയെ അപകടത്തിലാക്കിയിരിക്കുന്നു.

കോവിഡനന്തരപ്രശ്നങ്ങൾ സമൂഹികക്രമത്തിലും വ്യക്തികളിലും ഉണ്ടാക്കിയ മാറ്റങ്ങൾ നിരവധിയാണ്. സാമൂഹികജീവിതത്തിലും മതജീവിതത്തിലും പുതിയ പ്രശ്നങ്ങൾ ഉടലെടുത്തിരിക്കുന്നു. വ്യത്യസ്തവും നൂതനവുമയ പ്രവർത്തനശൈലി നമ്മൾ സ്വീകരിക്കേണ്ടതുണ്ട്. കത്തോലിക്കാ കോൺഗ്രസിന്റെ ജന്മദിനാഘോഷം സംഘടനയുടെ പ്രവർത്തനങ്ങളെ സജീ

വമാക്കാനും നവീകരിക്കാനുമുള്ള അവസരമാക്കിമാറ്റണം. ഇനിയും കത്തോലിക്കാ കോൺഗ്രസ് യൂണിറ്റുകൾ തുടങ്ങാത്ത ഇടവകയിൽ പ്രവർത്തനങ്ങൾ തുടങ്ങി സമ്പൂർണ കത്തോലിക്കാ കോൺഗ്രസ് രൂപതയായി പാലായെ മാറ്റണം. യൂണിറ്റുകൾ ഉള്ള ഇടവകകളിൽ കൂടുതൽ ആളുകളെ അംഗങ്ങളാക്കി സംഘടനയെ ശക്തിപ്പെടുത്തണം. സഭയിലെ യുവജനസംഘടനകളിലെ പ്രവർത്തനശേഷം യുവജനനേതാക്കൾ കത്തോലിക്കാ കോൺഗ്രസിലേക്കു കടന്നുവരണം.

കഴിഞ്ഞ ഏതാനും വർഷങ്ങളായി ക്രിയാത്മകവും നിസ്വാർത്ഥവുമായി പ്രവർത്തിക്കുന്ന ഒരു അല്മായനേതൃനിരയെ വളർത്തിയെടുക്കാൻ കത്തോലിക്കാ കോൺഗ്രസിനു സാധിച്ചിട്ടുണ്ട്. സമുദായത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കുവേണ്ടി അവർ നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണ അറിയിക്കുകയും നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്നു. കത്തോലിക്കാ കോൺഗ്രസ് പ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും പ്രോത്സാഹനവും നൽകുന്ന ബഹു. വൈദികരെയും നന്ദിയോടെ ഓർമിക്കുന്നു. തുടർന്നും കത്തോലിക്കാ കോൺഗ്രസ് നടപ്പാക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും വിജയാശംസകൾ നേർന്നുകൊണ്ടും ഏവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ടും,

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 28-03-2023

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

---

N.B. ഈ സർക്കുലർ 2023 ഏപ്രിൽ 30-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാനമധ്യേ വായിക്കുകയും കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്കായി വി. കുർബാനമദ്ധ്യേ സംഭാവനശേഖരണം നടത്തി 2023 മെയ് 15-ാം തീയതിക്കുമുമ്പ് രൂപതാകേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് താത്പര്യപ്പെടുന്നു.

ലേഖനം

# തിരുസ്സഭയുടെ നിയോഗം കാത്ത വിനീതവിശുദ്ധൻ സഭയുടെ കിരീടത്തിൽനിന്ന് ജീവന്റെ കിരീടത്തിലേക്ക്

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

ആർച്ചുബിഷപ് മാർ ജോസഫ് പവ്വത്തിൽ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിച്ചുകഴിഞ്ഞു. പരിശുദ്ധ സഭയെ ഇത്ര സ്വാഭാവികമായ രീതിയിൽ സ്നേഹിച്ചവർ അധികം കാണുകയില്ല. ദൈവത്തിന്റെ സ്വരം കേട്ട് സ്വർഗത്തെ ലക്ഷ്യമാക്കി ജീവിച്ച പവ്വത്തിൽ പിതാവ് നിത്യതയുടെ തീരത്ത് എത്തി. അസ്തമയസൂര്യന്റെ തിരോധാനവിസ്മയം കാണാൻ കടൽത്തീരത്തു കാത്തിരിക്കുന്ന സഞ്ചാരിയെപ്പോലെ, സ്വർഗത്തിലേക്കു തുറന്നുവച്ച രണ്ടു കണ്ണുകളുമായി പരലോക വിസ്മയം കാണാൻ നോക്കിപ്പാർത്തിരിക്കുകയായിരുന്നു അദ്ദേഹം. അദ്ദേഹം പറഞ്ഞതും എഴുതിയതും ഒന്നും കാറ്റെടുത്തുപോയിട്ടില്ല. പതിരുകളില്ലാത്ത പറച്ചിലും എഴുത്തുമായിരുന്നു ആ ജീവിതം മുഴുവനും. അദ്ദേഹം പറഞ്ഞതെല്ലാം വീണ്ടും വീണ്ടും പറയേണ്ടതും പറയാവുന്നതുമാണ്. തന്റെ സുദീർഘമായ ജീവിതംകൊണ്ട് അദ്ദേഹം പഠിപ്പിച്ചത് മൂല്യങ്ങളാണ് മൂലധനം എന്നത്രേ. എല്ലാ ദിവസവും പവ്വത്തിൽ പിതാവ് അന്വേഷണത്തിലും യാത്രയിലുമായിരുന്നു. ദൈവാന്വേഷണത്തിന്റെ യാത്രയായിരുന്നു അത്. പൂന പേപ്പൽ സെമിനാരിയിൽ പഠിച്ചിറങ്ങിയ പവ്വത്തിൽ ജോസഫ് കൊച്ചച്ചൻ എന്നും എല്ലാവരിലും വിസ്മയം ജനിപ്പിച്ചിരുന്നു. 1972 ഫെബ്രുവരി 13 ന് വി. പത്രോസിന്റെ ബസിലിക്കായിൽവച്ച് പോൾ ആറാമൻ മാർപാപ്പയാൽ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ട നാൾമുതൽ പരിശുദ്ധ സിംഹാസനത്തോട് നിർവ്യാജമായ സ്നേഹവും ആദരവും അനുസരണവും പുലർത്തിയിരുന്നു. 'അവൻ പറയുന്നതു കേൾക്കുക' എന്നു കാനായിൽവച്ച് പരി

ശുദ്ധ അമ്മ പറഞ്ഞെങ്കിൽ, പവ്വത്തിൽ പിതാവ് എപ്പോഴും പറഞ്ഞിരുന്നത് അപ്പസ്തോലികസിംഹാസനം പറയുന്നതു കേൾക്കുക എന്നായിരുന്നു. തിരുസ്സഭയുടെ നിയോഗം കാത്ത വിനീത വിശുദ്ധനായിരുന്നു പവ്വത്തിൽ പിതാവ്.

**ബൗദ്ധികനിലപാടും സമീപനങ്ങളും**

അസാധാരണമായ ധൈഷണികശക്തിയും വിവേകവും പവ്വത്തിൽ പിതാവിൽ നിറഞ്ഞുനിന്നിരുന്നു. ആംഗ്ലിക്കൻ സഭ അതിന്റെ കാതോലികപാരമ്പര്യത്തിലേക്കും ദൈവശാസ്ത്രത്തിലേക്കും ആരാധനക്രമ ഉറവിടങ്ങളിലേക്കും തിരിച്ചുപോകണമെന്നു വാദിച്ച ഓക്സ്ഫോർഡ് പ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളിയായിരുന്നു കർദ്ദിനാൾ ഹെൻറി ന്യൂമാൻ. സീറോ മലബാർ സഭ അതിന്റെ പൗരസ്ത്യപാരമ്പര്യങ്ങളും ദൈവശാസ്ത്രവീക്ഷണങ്ങളും ആരാധനക്രമതനിമയും വീണ്ടെടുക്കണം എന്ന നിലപാടിന്റെ ശക്തമായ പ്രചാരകനായിരുന്നു പവ്വത്തിൽ പിതാവ്. അദ്ദേഹത്തിന്റെ ഓക്സ്ഫോർഡിലെ പഠനവും സ്വാഭാവികമായും ഈ നിലപാടിനെ സ്വാധീനിച്ചിട്ടുണ്ട്. മലബാർ സഭയിലെ ആരാധനക്രമപ്രസ്ഥാനത്തിന്റെയും വ്യക്തിസഭാദൈവശാസ്ത്രത്തിന്റെയും സഭൈക്യപ്രസ്ഥാനമുന്നേറ്റത്തിന്റെയും ബുദ്ധികേന്ദ്രം പവ്വത്തിൽ പിതാവായിരുന്നു. കർദ്ദിനാൾ ന്യൂമാന്റെയും കർദ്ദിനാൾ റാറ്റ്സിംഗറുടെയും ദൈവശാസ്ത്രനിലപാടുകളിൽ ഉറച്ചുനിന്ന്, ഭാരതനസ്രാണിസമുദായത്തിലെ പാറേമ്മാക്കൽ തോമ്മാക്കത്തനാർ, നിധീരിക്കൽ മാണിക്കത്തനാർ, പ്ലാസിഡ് പൊടിപാറ ഒപ്പം, കർദ്ദിനാൾ ടിസ്സറന്റ് എന്നിവരിൽനിന്നു പൗരസ്ത്യസുറിയാനി ദൈവശാസ്ത്രകാഴ്ചപ്പാടുകൾക്കു പ്രചുരപ്രചാരം നല്കിയ പിതാവ് എന്നും ഉറച്ച നിലപാടുകളുടെ ശ്രേഷ്ഠഗുരുവായിരുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ വിശ്വസ്തനായ ഒരു മകനാണ് പിതാവ്. ചെറുപ്പത്തിന്റെ ചുറുചുറുക്കിൽ കൗൺസിലിന്റെ വീക്ഷണം സീറോ മലബാർ സഭയിൽ നടപ്പാക്കുന്നതിനുവേണ്ടി ജീവിതം മാറ്റിവച്ച വ്യക്തിത്വമാണ് പവ്വത്തിൽ പിതാവിന്റേത്. സൂനഹദോസിന്റെ ഒരു സ്വീകാര്യതയ്ക്ക് (reception)

ഭാരതത്തിൽ മുഖ്യകാരണമായത് പിതാവിന്റെ നിലപാടുകളാണ്. കൗൺസിലിന്റെ പ്രമാണരേഖകളിൽ അദ്ദേഹം ഏറ്റവും ഇഷ്ടപ്പെട്ടിരുന്നത് ലിറ്റർജി, പൗരസ്ത്യസഭകൾ, സഭൈക്യം എന്നീ പ്രമാണരേഖകളായിരുന്നു. ഈ സൂനഹദോസിനെ ഭാരതത്തിൽ പോപ്പുലറാക്കിയതിനാലാണ് ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് പിതാവ് പവ്വത്തിൽ പിതാവിനെ 'സീറോ മലബാർ സഭയുടെ കിരീടം' എന്നു വിശേഷിപ്പിച്ചത്. ഇന്നു സഭയുടെ കിരീടത്തിൽനിന്നു ജീവന്റെ കിരീടത്തിലേക്ക് ആ ധന്യാത്മാവ് യാത്ര ചെയ്തുകഴിഞ്ഞു.

**നല്ല ഭാഗം തിരഞ്ഞെടുത്തവൻ**

തന്നിൽനിന്നു മറ്റാർക്കും എടുത്തുമാറ്റാൻ സാധിക്കാത്ത നല്ല ഭാഗം തിരഞ്ഞെടുത്ത വ്യക്തിയാണ് പവ്വത്തിൽ പിതാവ്. ദൈവശാസ്ത്രത്തിലെ ഏറ്റം ശ്രദ്ധേയമായ രണ്ടു പ്രയോഗശൈലികളാണ് Coram Deo (ദൈവത്തിന്റെ മുമ്പിൽ), Cor Orans (പ്രാർത്ഥിക്കുന്ന ഹൃദയം) എന്നിവ. ഒറ്റ വാക്യത്തിൽ പറഞ്ഞാൽ ഇതാണ് പവ്വത്തിൽ പിതാവ്. ഈ സുവിശേഷശൈലി സ്വന്തമാക്കിയപ്പോൾ കാഴ്ചയുള്ള ഒരു ഹൃദയം (Cor Cum Visum) അദ്ദേഹം സ്വന്തമാക്കി. അതിന്മേൽ അക്കാദമിക് പ്രാധാന്യത്തെക്കാൾ ആത്മീയപ്രാധാന്യമുള്ള ചിന്തകൾ രൂപീകരിച്ചു. കാഞ്ഞിരപ്പള്ളി മെത്രാനായിരുന്ന കാലംമുതൽക്കേ ഒരു സമഗ്രസ്വഭാവമുള്ള ദൈവശാസ്ത്രജ്ഞനായി അറിയപ്പെട്ടു. ഗുണമേന്മയുള്ളതും ജനബന്ധമുള്ളതുമായ ഒരു ദൈവശാസ്ത്രസംസ്കാരം അദ്ദേഹം രൂപീകരിച്ചു. പവ്വത്തിൽ പിതാവ് ചരിത്രം പഠിച്ചവനും ചരിത്രത്തെ സൃഷ്ടിച്ചവനും ചരിത്രത്തിന്റെ ഭാഗമായിത്തീർന്നവനുമാണ്. അദ്ദേഹം സഭയുടെ ജീവിക്കുന്ന പാരമ്പര്യത്തിന്റെ ദാർശനികനാണ്. സഭയുടെ പാരമ്പര്യങ്ങളെ ഇത്രമാത്രം ഫിലോസഫിക്കൽ ആയിട്ടുകണ്ട മറ്റൊരു വ്യക്തിയും ഭാരതത്തിൽ കാണില്ല. ജീവിക്കുന്ന സുവിശേഷമാകുന്ന ഈശോമിശിഹായാണ് സഭയിലെ ഏറ്റവും നല്ല ഫിലോസഫിയും ഫിലോസഫറും എന്ന ഒരിജന്റെ നിലപാടുതന്നെയാണ് പവ്വത്തിൽ പിതാവിന്റേതും. ദൈവശാസ്ത്രം കേവലം അക്കാ

ദമിക് ആകരുതെന്നും സമഗ്രമായ രീതിയിൽ എക്ലേസിയോദ മിക് - സഭാത്മകം - ആകണമെന്നും ശക്തമായ നിലപാടു സ്വീകരിച്ച സഭയുടെ കാവൽക്കാരനായിരുന്നു.

**താപസഗുണമേന്മയുള്ള സാത്വികൻ**

ഏതെങ്കിലും ഒരു പ്രത്യേക ആശ്രമത്തിലെ അംഗമാകാതെ, എന്നാൽ, തികച്ചും താപസഗുണങ്ങളോടുകൂടി ജീവിച്ച ആചാ ര്യശ്രേഷ്ഠനായിരുന്നു പവ്വത്തിൽ പിതാവ്. വെറും സാധാരണ ജീവിതശൈലി - ഭക്ഷണക്രമത്തിലും വസ്ത്രധാരണത്തിലും വാക്കുകളിലും. പവ്വത്തിൽ പിതാവിൽ മർത്തായും മറിയവും ഒരുമിച്ചുചേർന്നിരുന്നു. മറിയത്തിന്റെ ഹൃദയവും മർത്തായുടെ കരങ്ങളുമായിരുന്നു അദ്ദേഹത്തിന്റേത്. എപ്പോഴും കർമ്മനിര തനായിരുന്നു. ഒരിക്കലും വ്യഗ്രചിത്തനല്ലായിരുന്നു. ദൈവവ ചനത്തെ ധ്യാനിച്ചുജീവിച്ചതുകൊണ്ടാണത്. ഏകാഗ്രതയിലൂ ടെ വളർത്തിയ താപസഗുണത്തിനു കുലീനത്വമുണ്ട്. സാത്വി കനെ അറിയാൻ തമോഗുണം നിറഞ്ഞവനു സാധ്യമല്ല. എതിർ ക്കുന്നവരോടു മറുതലിക്കാൻ പോയില്ല. സംഭാഷണങ്ങളു ടെയും സംവാദത്തിന്റെയും തലപ്പത്ത് ആയിരുന്ന കാലത്തും മറുവശം കേൾക്കുക എന്ന നിലപാട് എപ്പോഴും സ്വീകരിച്ചി രുന്നു (Audiatur et altera pars). ക്ഷമയും ദീർഘശാന്തതയും പുലർത്തുന്ന ഭാരതഋഷിപ്രോക്തമായ പുണ്യംകൊണ്ടുകൂടി യാണിത്. എന്നും സാധാരണക്കാരന്റെ ഭാഷയിൽ സംസാരിച്ചു. സാധാരണ വിശ്വാസികൾമുതലുള്ള എല്ലാവരും അടിസ്ഥാന കാര്യങ്ങൾ പഠിക്കണമെന്നുള്ള നിർബന്ധംകൊണ്ടാണിത്. പകിട്ടുകൂടാതെ ലളിതമായിട്ടാണു സംസാരിച്ചതും എഴുതി യതും. വർത്തമാനഭാഷ ഉപയോഗിച്ചതിനാൽ കുട്ടികളിലേക്കും മുതിർന്നവരിലേക്കും ഒരുപോലെ അദ്ദേഹത്തിന്റെ ആശയങ്ങൾ ഒഴുകിയിറങ്ങി. വാചാടോപം കൂടാതെയാണ് സാധാരണജന ങ്ങളോടു ബന്ധപ്പെടേണ്ടതെന്ന് അദ്ദേഹം ജീവിതത്തിലൂടെ വ്യക്തമാക്കി. മരുഭൂമിയിൽ താമസിച്ച് അതിനെ ദൈവത്തിന്റെ ആധ്യാത്മികപാർപ്പിടമാക്കിത്തീർക്കുന്ന സമീപനത്തിന്റെ നില

പാടുകളുടെ ഉടമയാണ് അദ്ദേഹം. അങ്ങനെ സഭയുടെ ചൈതന്യം സമൂഹത്തിൽ തെളിയിച്ച കർമ്മയോഗിയായി.

**ബോധ്യങ്ങളുടെ മനുഷ്യൻ**

പവ്വത്തിൽ പിതാവ് എന്നുപറഞ്ഞാൽ ബോധ്യങ്ങളുടെയും നിലപാടുകളുടെയും ആൾരൂപമാണ്. അദ്ദേഹത്തിന്റെ ശൈലി- ലോജിസ്റ്റിക്സ് - തുറന്ന മനസ്സുള്ള എല്ലാവർക്കും തർക്കമറ്റത്, കുറ്റമറ്റത് എന്ന തോന്നലുള്ളവാക്കുന്നതാണ്. വേണ്ടതുമാത്രം വേണ്ടപ്പോൾ, വേണ്ടപോലെ, വേണ്ടവരോട്, വേണ്ടരീതിയിൽ പറയുന്ന അധ്യാപകനായിരുന്നു അദ്ദേഹം. ഈ പൂർണതയ്ക്കുമുമ്പിൽ എതിർപ്പുകൾ കളകൾപോലെ വളർന്നിരിക്കാം. പവ്വത്തിൽ പിതാവിന്റെ നിലപാടുകളുടെ ഒരു നീണ്ട പട്ടികതന്നെയുണ്ട്: ദൈവശാസ്ത്രവിഷയങ്ങളിൽ ലിറ്റർജിക്ക് മുൻഗണന നൽകി; ഭരണഘടനയിൽ ന്യൂനപക്ഷാവകാശങ്ങൾക്ക്, വിദ്യാഭ്യാസമേഖലയിൽ പൊതുവിദ്യാഭ്യാസത്തിന്, രാഷ്ട്രീയത്തിൽ മൂല്യാധിഷ്ഠിത രാഷ്ട്രീയനിലപാടുകൾക്ക്, അനുദിനജീവിതത്തിൽ പ്രാർത്ഥനയ്ക്ക്, അജപാല പ്രബോധനങ്ങളിൽ വിശ്വാസപരിശീലനത്തിന്, സീറോ മലബാർ സിനഡിൽ പാരമ്പര്യ സുറിയാനി പാരമ്പര്യങ്ങൾക്ക്, സി.ബി.സി.ഐയിൽ ഭാരതത്തിന്റെ വൈവിധ്യങ്ങൾക്ക്, കെ.സി.ബി.സിയിൽ വ്യക്തിസഭകളുടെ കൂട്ടായ്മയ്ക്ക്, പത്രങ്ങളിൽ ദീപികയ്ക്ക്, പ്രവാസികളോടു സംസാരിക്കുമ്പോൾ മാതൃസഭയ്ക്കും പാരമ്പര്യങ്ങൾക്കും ലിറ്റർജിക്കും, നിറഞ്ഞ വാക്കുകളോ ഗർവു സ്ഫുരിക്കുന്ന പ്രയോഗങ്ങളോ ഒന്നുമില്ല. പക്ഷേ, ശക്തവും വിശുദ്ധവുമായ നിലപാടുകളുണ്ട്. ഒരു സെലിബ്രിറ്റിയുടെ പരിവേഷമില്ലാതെ ലാളിത്യത്തിന്റെ ആൾരൂപമായിത്തീർന്നു അദ്ദേഹം. സെലിബ്രിറ്റിക്കുവേണ്ടി പരാതികൂടാതെ മണിക്കൂറുകൾ കാത്തുനില്ക്കാൻ മടി കാണിക്കാത്തവർ കൃത്യനിഷ്ഠയുള്ള ലാളിത്യത്തിന്റെ ഉടമകളെ ചിലപ്പോൾ അംഗീകരിച്ചില്ലെന്നുവന്നേക്കാം. പവ്വത്തിൽ പിതാവ് സത്യസന്ധമായ ലാളിത്യത്തിന്റെ വേഷം ധരിച്ചവനായിരുന്നു. പ്രകടനാത്മകത ലേശംപോലുമില്ല. അമാനുഷികമെന്നു തോന്നിപ്പിക്കുന്ന ഗരിമയും ധാടിയും

മോടിയും ഒന്നുമില്ലായിരുന്നു. ഒരു വിശുദ്ധനാണെന്നു തെളിയിക്കാനുള്ള തത്രപ്പാടും ഒരിക്കലും കാണിച്ചിരുന്നില്ല. പക്വമാനസനായിരുന്നു, ശുദ്ധഹൃദയനായിരുന്നു, മോശയുടെ ചൈതന്യംപേറിയ ധീരപുരുഷനായിരുന്നു.

**പ്രാദേശികസഭയുടെ സ്വത്വബോധം**

വ്യക്തിസഭകളുടെ സ്വന്തം വ്യക്തിത്വം, പവ്വത്തിൽ പിതാവിന്റെ നിരന്തരപഠനവിഷയമായിരുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകൾ പഠിച്ചവരിൽ പവ്വത്തിൽ പിതാവ് അഗ്രഗണ്യനായിരുന്നു. ശ്ലൈഹികപാരമ്പര്യമുള്ള സഭകളെ റീത്തുകളായിമാത്രമല്ല വ്യക്തിസഭകളായി കാണണം, റീത്തുകളെ സഭാത്മകമായി വ്യാഖ്യാനിക്കണമെന്ന കാഴ്ചപ്പാടിനു മുൻതൂക്കം നൽകി പഠിപ്പിക്കാൻ തുടങ്ങി. പവ്വത്തിൽ പിതാവ് പാരമ്പര്യത്തിന്റെ സംരക്ഷകനാണ്. യൗസേപ്പ് എന്ന പേര് അർത്ഥമാക്കുന്നതുപോലെ അതിന്റെ വളർത്തുപിതാവാണ്. ഭാരതക്രൈസ്തവർക്കു ഇതൊരു പഠനവിഷയമായിട്ടും പഠിക്കേണ്ട വിഷയമായിട്ടും ചൂണ്ടികാട്ടി. ദൈവശാസ്ത്രവും ചരിത്രവും നമുക്കു പ്രിയപ്പെട്ട വിഷയമാക്കിത്തന്നു. പവ്വത്തിൽ പിതാവു സമയത്തിനുമുമ്പേ പ്രാദേശികസഭയുടെ സ്വത്വബോധത്തെക്കുറിച്ചു ചിന്തിച്ചവനാണ്. ഗോത്രബോധം എന്ന ചിന്ത എല്ലാ സമുദായങ്ങളിലും കൊട്ടിഘോഷിക്കുമ്പോഴും അതിനേക്കാൾ ശ്രേഷ്ഠമായ സഭയുടെ സ്വത്വബോധം ഉന്നതമായ തലത്തിലേക്കാണ് സഭാംഗങ്ങളെ ഉയർത്തിയത്. ദൈവികതയുടെ അവബോധം പ്രദേശ-സമുദായസ്ഥിതമായ സ്വത്വബോധമായി വളരേണ്ടതാണ്. അതു ലിറ്റർജിയിൽ അധിഷ്ഠിതമായിരിക്കണമെന്ന് അദ്ദേഹം മനസ്സിലാക്കി. സമൂഹാരാധനയുടെ ഉദാത്തതയിലേക്ക് ഉയരുക എളുപ്പമല്ല. ഒരിക്കലും അസ്തമിക്കാത്ത സൗന്ദര്യത്തിന് അസ്തമിച്ചില്ലാതാകുന്ന ക്ഷണികസൗന്ദര്യത്തിന്റെ സ്വഭാവമല്ല ഉള്ളത്. ഈ അനുഭവം അജപാലനധർമ്മത്തിൽ എങ്ങനെ പ്രദാനം ചെയ്യാമെന്ന് പവ്വത്തിൽ പിതാവ് തന്റെ ജീവിതംകൊണ്ടു പഠിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. അപ്രകാരം സഭാഗാത്രത്തെ കാത്ത വഴിവിളക്കായി.

**വിദ്യാഭ്യാസത്തെ സ്വന്തം അപ്പസ്തോലികമേഖലയായി കണ്ടു**

ഈ രാജ്യത്തെ ഏറ്റവും കൂടുതൽ സ്നേഹിച്ച ഒരു പൗര നായിരുന്നു പവ്വത്തിൽ പിതാവ്. ഈ രാജ്യത്തിന്റെ സമ്പത്തും വൈവിധ്യവും എല്ലാം അദ്ദേഹത്തിന്റെ മനസ്സിൽ നിറഞ്ഞു നിന്നിരുന്നു. ഒരു നല്ല സെക്യുലർ കാഴ്ചപ്പാട് പിതാവിനു സഹ ജമായിരുന്നു. പക്ഷേ, വഴിതെറ്റിപ്പോകുന്ന സെക്യുലറിസത്തെ ഒരിക്കലും ഉൾക്കൊണ്ടിരുന്നില്ല. അഗാധമായ വായനയിലൂടെ ഈ രാജ്യത്തിന്റെ രാഷ്ട്രീയ-സാംസ്കാരിക-വിദ്യാഭ്യാസ-കലാ-കായികരംഗങ്ങളെല്ലാം പവ്വത്തിൽ പിതാവിന്റെ ബുദ്ധി യിലും മനസ്സിലും ഉണ്ടായിരുന്നു. മധ്യതിരുവിതാംകൂറിലെ സഭ കളുടെ കൂട്ടായ്മയിലും രാഷ്ട്രീയനിലപാടുകളിലും ശക്തമായ വ്യക്തിമുദ്ര പതിപ്പിച്ച പിതാവ് വിശ്വാസവിഷയങ്ങളിന്മേൽ ഉണ്ടാകുന്ന അപചയങ്ങളെക്കുറിച്ചു വേദനിച്ചിരുന്നു. പൊതു വിദ്യാഭ്യാസത്തെ എല്ലാവർക്കും ഇഷ്ടവിഷയമാക്കിത്തീർത്ത തിൽ പവ്വത്തിൽ പിതാവ് തെറ്റാത്ത നിലപാടുകൾ സ്വീകരിച്ചു. സ്വാശ്രയവിദ്യാഭ്യാസമേഖലയിൽ സഭ എടുക്കേണ്ട നിലപാ ടുകളെക്കുറിച്ച് ഈടുറ്റ പ്രബോധനം നൽകി. ഈ മേഖലക ളിൽ അത്യപൂർവമായ സ്വാധീനം ചെലുത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. വിദ്യാഭ്യാസ-സാംസ്കാരികമേഖലകളിൽ ഒരു Novus Ordo - പുതിയ ചിട്ടക്രമം - നൽകി. സിവിൽ സർവീസ് മേഖലയിലെ നിർണായകമായ ഇടപെടലിലൂടെ രാഷ്ട്രനിർ മ്മാണത്തിൽ സജീവപങ്കാളിത്തം വഹിച്ചു. ഭൗതികതയ്ക്കു മാത്രം ഊന്നൽ കൊടുക്കുന്ന വിദ്യാഭ്യാസത്തെ അദ്ദേഹം എതിർത്തു. സഭയുടെയും രാജ്യത്തിന്റെയും കാര്യങ്ങളിൽ നിദ്ര വിട്ട് ഉണർന്നു പ്രവർത്തിച്ച യൗസേപ്പാണ് മാർ പവ്വത്തിൽ. പൂർവ യൗസേപ്പിന്റെ പക്കലേക്കു എല്ലാവരും പൊയ്ക്കൊണ്ടി രുന്നു. കേരളത്തിലും എല്ലാവരും കേൾക്കാനും അറിയാനും ആഗ്രഹിച്ചിരുന്നത് പവ്വത്തിൽ പിതാവിന്റെ സ്വരവും നിലപാ ടുകളുമായിരുന്നു. അത് Viva Vox ജീവിക്കുന്ന സ്വരമായി രുന്നു. സെക്യുലർ ലോകത്തെ എല്ലാക്കാര്യങ്ങളിലും ഇടപെട്ട പ്പോഴും എപ്പോഴും ഒരു കല്ലേറുദൂരം മാറിയിരുന്ന് ദൈവപി

താവുമായി സംസാരിച്ച് സമൂഹമനഃസാക്ഷിയുടെ കെടാത്ത ശോഭയായി.

**സമാപനം**

പവ്വത്തിൽ പിതാവ് പല വ്യവസ്ഥിതികളോടും കലഹിച്ചെങ്കിലും ഒരു വ്യക്തിയോടും പിണങ്ങാൻ ഇഷ്ടപ്പെട്ടിരുന്നില്ല. അസാധാരണമായ ഒരു social grace കാത്തുസൂക്ഷിച്ചു. പവ്വത്തിൽ പിതാവ് എന്ന വ്യക്തി മനുഷ്യബന്ധങ്ങളുടെ ആൾരൂപമായിരുന്നു. അദ്ദേഹം എന്നും അന്വേഷിച്ചത് സത്യത്തിലുള്ള സമന്വയമാണ്. തത്ത്വനിഷ്ഠയില്ലാത്ത കോംപ്രമൈസുകളെ എന്നും എതിർത്തിരുന്നു. ജനാധിപത്യത്തിന്റെ കാവൽക്കാരനടുത്ത കർമ്മങ്ങളും മതേതരത്വത്തിന്റെ മൂല്യങ്ങളും മതമൈത്രിയുടെ അടിസ്ഥാനശിലകളും തിരിച്ചറിഞ്ഞിട്ടുള്ള പവ്വത്തിൽ പിതാവിനെ അറിയാനും അനുകരിക്കാനും പ്രയാസമുള്ളവരുണ്ടായേക്കാം. അന്ധനു കാഴ്ചയിൽ കുറഞ്ഞതൊന്നും സവിശേഷമല്ല. വിശക്കുന്നവനു ഭക്ഷണത്തിൽക്കുറഞ്ഞതൊന്നും സവിശേഷമല്ല. മൂല്യങ്ങളിൽനിന്നു വ്യതിചലിക്കുന്നതൊന്നും പവ്വത്തിൽ പിതാവിന് ഇഷ്ടമില്ലായിരുന്നു. തിന്മകൾക്കും അന്തസ്സാരശൂന്യതകൾക്കും കാപട്യങ്ങൾക്കും അനീതിക്കും ചൂഷണത്തിനും സ്നേഹരാഹിത്യത്തിനും എതിരായ തീവ്രമായ മൂർച്ചയുള്ള ചിന്തകളും വിചാരങ്ങളുമായിരുന്നു പിതാവിന്റേത്. ഗാന്ധിജിയെക്കുറിച്ചു ഫിലിപ്പ് നോയൻ ബേക്കർ പറഞ്ഞു: “നഷ്ടപ്പെട്ടവരുടെയും ഒറ്റപ്പെട്ടവരുടെയും സ്നേഹപിതാവാണ് മഹാത്മാഗാന്ധി.” പവ്വത്തിൽ പിതാവ് മഹാത്മാവായിരുന്നു. സമൂഹമനഃസാക്ഷിയുടെ ധീരവക്താവായിരുന്നു.

പവ്വത്തിൽ പിതാവ് നമ്മൾ നിരന്തരമായിട്ടു പഠിക്കേണ്ട പാഠശാലയാണ്. പവ്വത്തിൽ പിതാവിന്റെ പക്വതയിൽ പങ്കുചേരുക അത്ര എളുപ്പമല്ല. അദ്ദേഹത്തിന്റെ നിലപാടുകളെ വാക്കുകൾകൊണ്ടുമാത്രം മനസ്സിലാക്കുമ്പോൾ യഥാർത്ഥ പവ്വത്തിൽ പിതാവ് നമുക്കു നഷ്ടപ്പെടുകയാണ്. പിതാവിന്റെ പരിശ്രമങ്ങൾ ജീവിതസാക്ഷ്യമാക്കാൻ സാധിക്കണം. ദൈവികമായ ഒരു മാനവികതയുടെ സംശുദ്ധരൂപമായിരുന്നു പിതാവ്. വിശാ

ലമായ അർത്ഥത്തിൽ ധാരണയും തെറ്റിദ്ധാരണയും തെറ്റാക്കുന്ന ധാരണയും തോന്നലിലുള്ള ധാരണയും മനുഷ്യസഹജമാണ്. എന്നാൽ, സത്യം സത്യമായി കാണാനുള്ള കഴിവു വളർത്താതെ വ്യക്തിയെയോ വസ്തുക്കളെയോ അവർ സൂചിപ്പിക്കാത്ത അർത്ഥത്തിൽ കാണാൻ ശ്രമിക്കുന്നവർ വസ്തുതയെ വികലമാക്കുന്നു. സത്യത്തെ അസത്യമാക്കുന്നു. തിരിച്ചറിവ് എന്ന മനുഷ്യഗുണത്തെ പരിഹസിക്കലാണത്. മാധ്യമങ്ങൾമുതൽ മനുഷ്യവ്യക്തികൾവരെ തിരിച്ചറിവിനെ അടിച്ചമർത്തുന്ന പ്രവണതകൾ കാണിക്കുന്നുണ്ട്. പൊതുസ്വീകാര്യതയ്ക്കായി മതത്തെ തള്ളിപ്പറയുന്നവരുണ്ട്. അതു വളർച്ചയല്ല, വിളർച്ചയാണ്. എഡ്വാർഡ് മ്യോറിക്കേ എന്ന ജർമ്മൻ കവി ആരാലും ശ്രദ്ധിക്കപ്പെടാത്ത പഴയ ഓട്ടുവിളക്കിന്റെ സൗന്ദര്യത്തെക്കുറിച്ചു പറയുന്നുണ്ട്: "അതു കാണപ്പെടുന്നതായി തോന്നില്ലെങ്കിലും അതു യഥാർത്ഥത്തിൽ തന്നിൽ തെളിഞ്ഞു കത്തി ജ്വലിക്കുന്നു" (A thing of beauty rests in itself; from it bliss shines forth). പ്രകാശശോഭ പരത്തിയ വഴിവിളക്കായി പവ്വത്തിൽ പിതാവ് നമ്മുടെ ഹൃദയങ്ങളിൽ വസിക്കട്ടെ. സഭാസ്നേഹത്തിന്റെ സഹനസാക്ഷിയായ പവ്വത്തിൽ പിതാവ് സ്വർഗീയസഭയിലും നിറഞ്ഞുശോഭിക്കട്ടെ.

---

NB : ഈ ലേഖനം 2023 മാർച്ച് 21-ാം തീയതി ദീപിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചതാണ്.

# കച്ചേരിക്കാര്യം

## Transfers & Appointments (March 2023)

| | Name | Office |
|---|---|---|
| 1. | Chennattu Mathew | Administrator and Chaplain Fathima Mission Hospital and Hostels, Kozhuvanal |
| 2. | Kuzhinjalil Mathew | Incardinated to Eparchy of Palai |
| 3. | Madathikunnel Paul | Residence at Vianney Home, Muttuchira |
| 4. | Moonnanappallil Joseph | Incardinated to Archdiocese of Hartford, USA |
| 5. | Moothedath Mathew | Residence at Mar Aprem Priest Home Palai |
| 6. | Pampara Joseph | Relieved from Kozhuvanal |
| 7. | Parekkattu Emmanuel | Residence at Domus Josaphat, the Presbytery of Mar Sleeva Medicity Palai, Cherpunkal |
| 8. | Pullikattil Joseph | Incardinated to Archdiocese of Hartford, USA |
| 9. | Puthiyidath Joseph | Sick Leave |
| 10. | Vanchipurackal Joseph | Vicar, Valachira |
| 11. | Vellaplackil George | Incardinated to Archdiocese of Hartford, USA |

## വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

# ആണ്ടുതിരട്ട്

1. ആണ്ടുതിരട്ട് രൂപതക്കച്ചേരിയിൽനിന്നു നിർദ്ദേശിക്കുന്ന തീയതിക്കുമുമ്പായി പ്രതിനിധി/പൊതുയോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങി രൂപതക്കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

2. ആണ്ടുതിരട്ട് പാസാക്കുന്ന യോഗത്തിൽവച്ചാണ് പുതിയ കൈക്കാരന്മാരെയും ഓഡിറ്റർമാരെയും തിരഞ്ഞെടുക്കേണ്ടത്. അവരുടെ **ഔദ്യോഗിക പേര് (ഐഡി/ആധാർ)** ആണ് നൽകേണ്ടത്. തുടർച്ചയായി രണ്ടു പ്രാവശ്യം തിരഞ്ഞെടുക്കപ്പെട്ടവർ വീണ്ടും തിരഞ്ഞെടുക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം.

3. **എല്ലാ പള്ളികൾക്കും ജോയിന്റ് അക്കൗണ്ട് (വികാർ & കൈക്കാരൻ) നിർബന്ധമാണ്. (Statutory)**.

4. തിരഞ്ഞെടുക്കപ്പെട്ട ഓഡിറ്റർമാർ പരിശോധിച്ച കണക്കാണ് മാസത്തിരട്ട്, ആണ്ടുതിരട്ടുയോഗങ്ങളിൽ അവതരിപ്പിക്കേണ്ടത്. **മാസത്തിരട്ട് റിപ്പോർട്ട് അതതു മാസങ്ങളിൽ രൂപതാകേന്ദ്രത്തിലേക്ക് അയച്ചുതരേണ്ടതാണ്.** (ആണ്ടുതിരട്ടു പരിശോധനയ്ക്കായി ഓരോ ഇടവകയ്ക്കും നിർദ്ദേശിച്ചിരിക്കുന്ന തീയതി/സമയക്രമം ചുവടെ ചേർക്കുന്നു. ഈ ക്രമം പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ). ഫീസ് തുക ചെക്കായോ Bank Transfer വഴിയോ നൽകേണ്ടതാണ്. **ക്യാഷ് സ്വീകരിക്കാൻ നിയമം അനുവദിക്കുന്നില്ല.** ഓരോ വർഷത്തെയും കണക്കുകൾ ആ വർഷംതന്നെ ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കുകയും റിപ്പോർട്ട് കൃത്യമായി പള്ളിയിൽ സൂക്ഷിക്കുകയും ചെയ്യണം. **12 എ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻ കാർഡ്** ഇവ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. ഇവയുടെ **കോപ്പികളും** രൂപതാകേന്ദ്രത്തിൽ നൽകേണ്ടതാണ്.

5. കല്പനപ്രകാരമുള്ള പിരിവുകൾ രൂപതാ ബുള്ളറ്റിനിൽ അറിയിക്കുന്നതിനനുസരിച്ച് പള്ളിയിൽ അറിയിച്ച് സംഭാവനകൾ ശേഖരിക്കുകയും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സമയങ്ങളിൽ

തന്നെ രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ്. പിരിവുകൾ യഥാസമയങ്ങളിൽ ലഭിക്കാതെവന്നാൽ ഓരോന്നും അതതു കേന്ദ്രങ്ങളിലേക്കു നിശ്ചിതസമയങ്ങളിൽ അയച്ചുകൊടുക്കാനും കണക്കുകൾ ക്രമീകരിക്കാനും ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കാനും ബുദ്ധിമുട്ടുണ്ടാകും.

6. രൂപതയിൽനിന്നു ലഭിക്കുന്ന സഹായങ്ങളുടെ വരവും ചെലവും തിരട്ടിൽ ഉൾപ്പെടുത്തണം.

7. മരാമത്തുപണികളുടെ (പള്ളി, പള്ളിമുറി, കപ്പേള, സിമിത്തേരി, പാരീഷ് ഹാൾ മുതലായവ) കണക്കുകൾ പ്രത്യേകം എഴുതി സൂക്ഷിക്കേണ്ടതും വർഷാവസാനം അവ ഓഡിറ്റ് ചെയ്ത് നാൾവഴിയിൽ ചേർത്ത് യോഗത്തിൽ പാസ്സാക്കി അംഗീകാരത്തിനായി ഏല്പിക്കേണ്ടതുമാണ്.

8. ആണ്ടുതിരട്ടിനുമുമ്പായി മുന്നാണ്ടത്തെ നിത്യകുർബാനകൾ ചൊല്ലിത്തീർക്കേണ്ടതാണ്.

9. ആണ്ടുതിരട്ട് അംഗീകാരത്തിനായി കൊണ്ടുവരുമ്പോൾ പൊതുകണക്കിന്റെയും കൃഷിക്കണക്കിന്റെയും തന്നാണ്ടത്തെ **നാൾവഴി, പേരേട്, നിത്യക്കുർബാനയുടെ കണക്ക്, ഓഡിറ്റേഴ്സ് റിപ്പോർട്ട് ബുക്ക്, പാസ് ബുക്ക്, FD രസീതുകൾ, കഴിഞ്ഞവർഷത്തെ ആണ്ടുതിരട്ട് പരിശോധനാറിപ്പോർട്ടിന്റെ കോപ്പികൾ** എന്നിവ കൊണ്ടുവരേണ്ടതാണ്.

10. ആണ്ടുതിരട്ടു സംബന്ധിച്ച് **പാലാ രൂപത നിയമാവലിയിൽ (P 359 ff)** നല്കിയിട്ടുള്ള ഇതരനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

11. ഇടവകകളിലെ കണക്കുകൾ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തുതന്നിരിക്കുന്ന പ്രോഗ്രാമനുസരിച്ച് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

12 ആണ്ടുതിരട്ടുമായി വരുമ്പോൾ നടത്തുകൈക്കാരനും അക്കൗണ്ടന്റും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

## ആണ്ടുതിരട്ടുകണക്കിൽ സിംഹാസനഫീസ് തിട്ടപ്പെടുത്തുന്ന ക്രമം ഇപ്രകാരമാണ്

വിവിധയിനത്തിലുള്ള നേർച്ചവരുമാനം, തിരിപ്പണം, അടിമ നേർച്ച, വാടകയിനവരവ് (ഹാൾ, കെട്ടിടങ്ങൾ എന്നിവ) പ്രത്യേക കാര്യത്തിനു നിയോഗമില്ലാത്ത സംഭാവനകൾ, പലിശവരുമാനം, ശവസംസ്കാരവരുമാനം, കല്ലറയുടെ പണിക്കൂലി ഒഴിവാക്കി യുള്ള വരുമാനം (50:50), പലവക വരുമാനം, കാർഷികവരുമാന ങ്ങൾ (തേങ്ങ, റബർ, ജാതിക്കാ, അടയ്ക്ക, കുരുമുളക്, പാട്ടവരു മാനം, തടികൾ (റബർ, തേക്ക്, ആഞ്ഞിലി, പാഴ്മരങ്ങൾ) എന്നി വയുടെ വിറ്റുവരവ്) ഇവയും പസ്സാരത്തിന്റെ പകുതിയും കൂട്ടി ക്കിട്ടുന്ന തുകയിൽനിന്ന് നിത്യകുർബാനയ്ക്കുള്ള തുക, റബർ ടാപ്പിംഗ് കൂലി ഇവ കുറച്ചുകിട്ടുന്ന തുകയാണ് പൊതുവിൽ ആകെ വരുമാനമായി കണക്കാക്കുക. ഈ തുകയുടെ 7% സിംഹാ സനഫീസ് (*Cathedraticum*) ആയി കണക്കാക്കുന്നു. മൊത്തം തുകയെ നേർച്ചവരുമാനമെന്നും, ഇതരവരുമാനമെന്നും (കാർഷി കം, വാടക എന്നിവ) കണക്കാക്കി നേർച്ചവരുമാനത്തിൽനിന്നു 20,000 രൂപ കുറച്ച് (ഇരുപതിനായിരം രൂപയെങ്കിലും നേർച്ചവരു മാനമില്ലാത്ത പള്ളികളെ ഒഴിവാക്കാൻ) ബാക്കിവരുന്ന തുകയുടെ 10% വും ഇതരവരുമാനത്തിൽനിന്ന് 40,000 രൂപ കുറച്ചു ബാക്കി തുകയുടെ 3% ചേർന്നുവരുന്ന തുക Needy Church Fund (NCF) ആയി കണക്കാക്കുന്നു.

മൊത്തം വരുമാനത്തിന്റെ 0.5% (അരശതമാനം) (PWF) അഥവാ Priest Welfare Fund ആയി കണക്കാക്കുന്നു. രൂപതയിൽ സേവനം ചെയ്യുന്ന അച്ചന്മാരുടെ ഒരു മാസത്തെ ശമ്പളം ADCP ഫണ്ടിലേക്ക് 13th Month Allowance ആയി സ്വീകരിക്കുന്നു. പസാ രത്തിന്റെ 43% പസ്സാരവിഹിതമെന്ന പേരിൽ വൈദികമന്ദിരങ്ങ ളുടെ നടത്തിപ്പിനും അച്ചന്മാരുടെ ചികിത്സാവശ്യങ്ങൾക്കായും ADCP Fund Trust ലേക്കു പൂർണ്ണമായും നൽകുന്നു. വിളിച്ചുചൊല്ലു കുറവുചെയ്യുമ്പോൾ പരിഹാരപ്പിഴയായി നൽകുന്ന തുക Default Fees എന്ന പേരിലും സൺഡേ കളക്ഷൻ വേദപ്രചാരഫണ്ടി ലേക്കും സ്വീകരിക്കുന്നു. ഇതിനുപുറമേ രൂപത ഡിറക്ടറി, സിന

ഡൽ ന്യൂസ്, സാന്ത്വനപ്രകാശം, തിരട്ടുഫോറം, Edayan Software Annual Subscription എന്നിവയുടെ തുകയും ചേർത്താണ് വാർഷികകണക്കുകൾ ക്രമപ്പെടുത്തുന്നത്.

| DATE | PARISH AND TIMING | | | |
|---|---|---|---|---|
| 02-05-2023<br>Tuesday | Palai Cathedral<br>(9 am)<br>Mutholy<br>(11 am) | Kudakkachira<br>(9.30 am)<br>Palakad<br>(11.30 am) | Lalam Old<br>(10 am)<br>Thodanal<br>(12 pm) | Moonnani<br>(10.30 am)<br>Urulikunnam<br>(12.30 pm) |
| 03-05-2023<br>Wednesday | Aruvithura<br>(9 am)<br>Moonilavu<br>(11 am) | Chennadu<br>(9.30 am)<br>Maniamkulam<br>(11.30 am) | Edamaruku<br>(10am)<br>Nellapara<br>(12 pm) | Kalathookadavu<br>(10.30 am)<br>Valavoor<br>(12.30 pm) |
| 04-05-2023<br>Thursday | Bharananganam<br>(9 am)<br>Idamattom<br>(11 am) | Amparanirappel<br>(9.30am)<br>Plassanal<br>(11.30 am) | Choondacherry<br>(10 am)<br>Poovathodu<br>(12 pm) | Edapady<br>(10.30 am)<br>Piusmount<br>(12.30 pm) |
| 05-05-2023<br>Friday | Cherpunkal<br>(9 am)<br>Manalumkal<br>(11 am) | Alphonsagiri<br>(9.30 am)<br>Manjamattom<br>(11.30 am) | Kanjiramattom<br>(10 am)<br>Paduva<br>(12 pm) | Karimpani<br>(10.30 am)<br>Palayam<br>(12.30 pm) |
| 06-05-2023<br>Saturday | Elanji<br>(9 am)<br>Mutholapuram<br>(11 am) | Josegiri<br>(9.30 am)<br>Santhipuram<br>(11.30 am) | Kakkoor<br>(10 am)<br>Thirumarady<br>(12 pm) | Mulakulam<br>(10.30 am)<br>Xavierpuram<br>(12.30 pm) |
| 08-05-2023<br>Monday | Kadanad<br>(9 am)<br>Pizhaku (Urumpukavu)<br>(11 am) | Anthinad<br>(9.30 am)<br>Aimcombu<br>(11.30 am) | Kavumkandam<br>(10 am)<br>Kurumannu<br>(12 pm) | Manathoor<br>(10.30 am)<br>Geovally<br>(12.30 pm) |
| 09-05-2023<br>Tuesday | Kaduthuruthy<br>(9 am)<br>Poozhikkol<br>(11 am) | Arunoottimangalam<br>(9.30 am)<br>Thuruthipally<br>(11.30 am) | Keezhoor<br>(10 am)<br>Eravimangalam<br>(12 pm) | Mannar<br>(10.30 am)<br>Vakkad<br>(12.30 pm) |

| | | | | |
|---|---|---|---|---|
| 10-05-2023 Wednesday | Koottickal (9 am)<br>Parathanam (11 am) | Cholathadam (9.30 am)<br>Velanilam (11.30 am) | Kavaly (10 am)<br>Yenthayar (12 pm) | Malayinchipara (10.30 am)<br>Vilakkumadam (12.30 pm) |
| 12-05-2023 Friday | Kothanalloor (9 am)<br>Nambiakulam (11 am) | Kalathoor (9.30 am)<br>Perumthuruthu (11.30 am) | Mannarappara (10 am)<br>Sleevapuram (12 pm) | Manvettam (10.30 am)<br>Vedagiri (12.30 pm) |
| 15-05-2023 Monday | Kuravilangad (9 am)<br>Monippally (11 am) | Kattampak (9.30 am)<br>Udayagiri (11.30 am) | Kurichithanam (10 am)<br>Vayala (12 pm) | Mannackanad (10.30 am)<br>Kizhaparayar (12.30 pm) |
| 16-05-2023 Tuesday | Moolamattom (9 am)<br>Elappally (11 am) | Arakulam New (9.30 am)<br>Kudayathoor (11.30 am) | Arakulam Old (10 am)<br>Kulamavu (12 pm) | Edadu (10.30 am)<br>Lourdes Mount (12.30 pm) |
| 17-05-2023 Wednesday | Muttuchira (9 am)<br>Malapuram (11 am) | Fathimapuram (9.30 am)<br>Valachira (11.30 am) | Jaigiri (10 am)<br>Alphonsapuram (12 pm) | Kanjirathanam (10.30 am)<br>Vimalagiri (Chakkikavu) (12.30 pm) |
| 19-05-2023 Friday | Poonjar (9 am)<br>Maniamkunnu (11 am) | Adivaram (9.30 am)<br>Payyanithottam (11.30 am) | Kaipally (10 am)<br>Peringulam (12 pm) | Kunnonny (10.30 am)<br>Thakady (12.30 pm) |
| 20-05-2023 Saturday | Pravithanam (9 am)<br>Kayyoor (11 am) | Elamthottam (9.30 am)<br>Narianganam (11.30 am) | Kaveekunnu (10 am)<br>Ullanad (12 pm) | Mundankal (10.30 am)<br>Vezhanganam (12.30 pm) |
| 22-05-2023 Monday | Ramapuram (9 am)<br>Ezhacherry (11 am) | Anthialam (9.30 am)<br>Karoor (11.30 am) | Chakkampuzha (10 am)<br>Kondad (12 pm) | Chittar (10.30 am)<br>Kurinji (12.30 pm) |
| 23-05-2023 Tuesday | Teekoy (9 am)<br>Mavady (11 am) | Ayyampara (9.30 am)<br>Santhigiri (11.30 am) | Adukkam (10 am)<br>Vagamon (12 pm) | Mangalagiri (10.30 am)<br>Vellikulam (12.30 pm) |

| | | | | |
|---|---|---|---|---|
| 24-05-2023 Wednesday | Thudanganad (9 am)<br>Maryland (11 am) | Gagultha(Mattathippara) (9.30 am)<br>Melukavumattom (11.30 am) | Jose Mount (Illiary) (10 am)<br>Neeloor (12 pm) | Kakombu (10.30 am)<br>Sibigiri (12.30 pm) |
| 25-05-2023 Thursday | Varianikad (9 am)<br>Thidanad (11 am) | Chemmalamattom (9.30 am)<br>Vakakkad (11.30 am) | Chettuthodu (10 am)<br>Velliamattom (12 pm) | Paika (10.30 am)<br>Neeramthanam (12.30 pm) |
| 26-05-2023 Friday | Arunapuram (9 am)<br>Mevada (11 am) | Kizhathadiyoor (9.30 am)<br>Nelliyani (11.30 am) | Lalam New (10 am)<br>Paingalam (12 pm) | Meenachil (10.30 am)<br>Poovarany (12.30 pm) |
| 29-05-2023 Monday | Chempilavu (9 am)<br>Mangalaram (11 am) | Kadaplamattom (9.30 am)<br>Mattakkara (11.30 am) | Kozhuvanal (10 am)<br>Moozhoor (12 pm) | Kuruvinal (10.30 am)<br>Poovakulam (12.30 pm) |
| 30-05-2023 Tuesday | Koothattukulam (9 am)<br>Vadakara (11 am) | Marangoly (9:30 am)<br>Pala Town Chapel (11.30 am) | Periappuram (10 am)<br>Mallikassery (12 pm) | Piravom (10.30 am)<br>Kochukottaram (12.30 pm) |
| 31-05-2023 Wednesday | Kalikavu (9 am)<br>Retnagiri (11 am) | Koodalloor (9.30 am)<br>Alphonsa Shrine (11.30 am) | Marangattupally (10 am) | Palakattumala (10.30 am) |

NB: ആണ്ടുതിരട്ട് പാസ്സാക്കിയവർക്ക് മുൻകൂട്ടി സമയം നിശ്ചയിച്ച് കണക്കുകൾ 2023 മേയ് 02 നു മുമ്പ് സമർപ്പിക്കാവുന്നതാണ്.

## സിൽവർ ജൂബിലി സ്കോളർഷിപ്പ് & റസിഡൻഷ്യൽ ക്യാമ്പ് സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ

നമ്മുടെ കുഞ്ഞുങ്ങളെയും യുവതലമുറയെയും രാജ്യ സ്നേഹവും സാമൂഹികബോധവും സമഭാവനയും സ്വഭാവ മേന്മയുമുള്ളവരാക്കി രാഷ്ട്രസേവനത്തിനു സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ 1998 ൽ ചങ്ങനാശ്ശേരി അതിരൂപതയുടെയും പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെയും നേതൃത്വത്തിൽ സ്ഥാപിതമായ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ മികവിന്റെ 25 വർഷങ്ങൾ പൂർത്തിയാക്കുകയാണ്. ഇക്കാലയളവിൽ 339 പേർ ഈ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് IAS, IFS, IPS, IRS തുടങ്ങിയ സിവിൽ സർവ്വീസുകളിലും മറ്റനേകർ വിവിധ സർക്കാർ, അർദ്ധസർക്കാർ സർവ്വീസുകളിലും എത്തിച്ചേർന്നിട്ടുണ്ട്. തിരുവനന്തപുരം, ഇടുക്കി, ആലപ്പുഴ, വയനാട് എന്നീ ജില്ലകളിലെ ഇപ്പോഴത്തെ കളക്ടർമാർ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളാണ്.

രജതജൂബിലിവർഷം പ്രമാണിച്ച് ഡിഗ്രിയോ പോസ്റ്റ് ഗ്രാജുവേഷനോ കഴിഞ്ഞ് ഫുൾ ടൈം കോഴ്സിന് ചേരുന്ന 25 വിദ്യാർത്ഥികളെ 30,55,000/- രൂപയുടെ സ്കോളർഷിപ്പ് നൽകി പൂർണ്ണമായും സൗജന്യമായി പഠിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2023 മെയ് മാസം 8-ാം തീയതി തിങ്കളാഴ്ച നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയിലൂടെയാണ് അർഹരായവരെ തിരഞ്ഞെടുക്കുന്നത്. ജാതിമതഭേദമെന്യേ ഏവർക്കും മത്സരപ്പരീക്ഷയിൽ പങ്കെടുക്കാം.

2023 ഏപ്രിൽ 20 ന് രാവിലെ 9.30 മുതൽ 23 വരെ ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾക്കായി ഒരു റസിഡൻഷ്യൽ ക്യാമ്പും സംഘടിപ്പിക്കുന്നുണ്ട്. IAS, IPS, IRS രംഗത്തുള്ളവരും മറ്റു മേഖലകളിലെ പ്രഗല്ഭരും

നയിക്കുന്ന ക്ലാസ്സുകൾ വ്യക്തിത്വവികസനവും സിവിൽ സർവ്വീസ് ഓറിയന്റേഷനുമാണ് ലക്ഷ്യംവയ്ക്കുന്നത്. താത്പര്യമുള്ള കുട്ടികളെ രണ്ടു പ്രോഗ്രാമുകളിലും പങ്കെടുപ്പിക്കാൻ ശ്രമിക്കുമല്ലോ. ഇതുമായി ബന്ധപ്പെട്ട് വിവരങ്ങൾ ബഹു. അച്ചന്മാർ ഇടവകാംഗങ്ങളുടെ അറിവിലേക്കായി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ബന്ധപ്പെടേണ്ട നമ്പരുകൾ: 9539381100, 04822 215831.

ആദരപൂർവ്വം,

**മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്**
വികാരി ജനറാൾ പാലാ രൂപത &
മാനേജർ, സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ

## ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

### 1. സെമിനാരിവിദ്യാർത്ഥികളുടെ പരിശീലനത്തിനുള്ള സംഭാവന

നമ്മുടെ രൂപതയിലെ വൈദികവിദ്യാർഥികളുടെ പരിശീലനത്തിനുള്ള സംഭാവനയായി 2023 ഏപ്രിൽ 6 പെസഹാവ്യാഴാഴ്ച വിശുദ്ധ കുർബാനമധ്യേ പിരിവ് നടത്തി ലഭിക്കുന്ന തുക 2023 മേയ് 15 നു മുമ്പായി രൂപത ഫിനാൻസ് ഓഫീസറെ (ഫാ. പ്രൊക്യുറേറ്റർ) ഏല്പിക്കേണ്ടതാണ്.

### 2. വിശുദ്ധനാടിനുള്ള സംഭാവന

വിശുദ്ധനാടിന്റെ സംരക്ഷണാർത്ഥം 2023 ഏപ്രിൽ 7 പീഡാനുഭവവെള്ളിയാഴ്ച പിരിഞ്ഞുകിട്ടുന്ന തുക 2023 മേയ് 15 നു മുമ്പായി രൂപത ഫിനാൻസ് ഓഫീസറെ ഏല്പിക്കേണ്ടതാണ്.

### 3. കത്തോലിക്കാ കോൺഗ്രസിനുള്ള സംഭാവന

കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്കായി 2023 ഏപ്രിൽ 30-ാം തീയതി ഞായറാഴ്ച പിരിവു നടത്തി ലഭിക്കുന്ന തുക 2023 മേയ് 15 നുമുമ്പായി രൂപത ഫിനാൻസ് ഓഫീസറെ ഏല്പിക്കേണ്ടതാണ്.

# മൈനർ സെമിനാരി പ്രവേശനം

പ്രിയ ബഹു. അച്ചന്മാരേ,

നമ്മുടെ രൂപത മൈനർ സെമിനാരിയിൽ ചേർന്നു വൈദിക പഠനം നടത്തുവാൻ ആഗ്രഹിക്കുന്നവർ 2023 ഏപ്രിൽ 10-ാം തീയതി ക്കുമുമ്പ് **വെരി റവ. ഫാ. റെക്ടർ, ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരി, കരൂർ പി.ഒ., 686 574, പാലാ** എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷകർ S.S.LC, Plus 2 പരീക്ഷകൾ എഴുതിയിരിക്കുന്നവരോ ഉപരി പരീക്ഷായോഗ്യതയുള്ളവരോ ആയിരിക്കണം. **(സെമിനാരിപ്രവേശനത്തിന്റെ ഇന്റർവ്യൂ ഏപ്രിൽ മാസം 15-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വച്ചു നടത്തുന്നു.)**

പേര്, വീട്ടുപേര്, വയസ്സ്, മാതാപിതാക്കളുടെ പേര്, ഇടവക, പഠിക്കുന്ന വിദ്യാലയം, വിദ്യാഭ്യാസയോഗ്യത, S.S.L.C., Plus 2 പരീക്ഷകൾ എഴുതിയിരിക്കുന്നവരാണെങ്കിൽ ഹാൾ ടിക്കറ്റ് നമ്പർ എന്നീ വിവരങ്ങൾ അപേക്ഷയിൽ കാണിച്ചിരിക്കണം.

സൽസ്വഭാവികളും പൗരോഹിത്യത്തിലേക്ക് ആഭിമുഖ്യമുള്ളവരുമായ യുവാക്കന്മാരെ കണ്ടെത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി രൂപതാ മൈനർ സെമിനാരിയിൽ ചേരാൻ പ്രോത്സാഹിപ്പിക്കണമെന്നു താത്പര്യപ്പെടുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,




**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 28-03-2023

---

NB: ബഹു. വികാരിയച്ചന്മാർ ഇക്കാര്യങ്ങൾ വി. കുർബാനമദ്ധ്യേ പള്ളിയിൽ അറിയിക്കേണ്ടതാണ്.

For the Google application form please scan the QR Code


"And the child grew and became strong; he was filled with wisdom, and the grace of God was on him". Luke 2:40
6-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി പാലാ രൂപത മൈനർ സെമിനാരി വിദ്യാർത്ഥികളും മേജർ സെമിനാരി വിദ്യാർത്ഥികളും സംയുക്തമായി സംഘടിപ്പിക്കുന്ന ഏകദിന ധ്യാനം
CALLED
TO
HOLINESS
രൂപതയിലെ എല്ലാ ഇടവകകളിലും നടത്തപ്പെടുന്ന ധ്യാനം 2023 ഏപ്രിൽ മാസം ആരംഭിക്കുന്നു
Inspiring Talks....
Audio Visuals....
Spirit Filled Prayer Sessions....
For Enquiries...
Fr Vincent Moongamakel
94476 61326
Fr Mathew Thennattil
86068 15642
Bro Joseph Valloothadathil
80780 17015

# ബഹു. വൈദികരുടെ വാർഷികധ്യാനം

പാലാ രൂപതയിലെ വൈദികരുടെ 2023 ലെ വാർഷിക ധ്യാനം ജൂലൈ - ആഗസ്റ്റ് മാസങ്ങളിൽ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് രണ്ടു ബാച്ചുകളായി നടത്തപ്പെടുന്നു. തലശ്ശേരി അതിരൂപതാംഗമായ റവ. ഡോ. ടോം ഓലിക്കരോട്ട് ആണ് വാർഷികധ്യാനം നയിക്കുന്നത്.

**Batch I 2023 ജൂലൈ 30 ഞായർ മുതൽ ഓഗസ്റ്റ് 3 വ്യാഴം വരെ**

**Batch II 2023 ഓഗസ്റ്റ് 6 ഞായർ മുതൽ ഓഗസ്റ്റ് 10 വ്യാഴം വരെ.**

വാർഷികധ്യാനത്തിൽ പങ്കെടുക്കേണ്ട ബഹു. വൈദികരുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു.

**Batch I**
**July 30 - August 3**

Very Rev. Fr. / Rev. Fr.

1. Adappacheril Sebastian
2. Alappattukunnel Sebastian
3. Alapattumedayil Mathew
4. Ambattu Joseph
5. Ambattupadavil Joseph
6. Ammanathukunnel Joseph
7. Ampazhathumkal George
8. Ancheril Jose
9. Arackal Joseph
10. Aranjaniputhenpura Augustine
11. Attangattil Joseph
12. Attapattu Zacharias
13. Brahmanavelil Thomas
14. Chakkalayil Thomas
15. Chandrankunnel Mathew(Jr)
16. Chathankunnel George
17. Cheenothuparampil Joseph
18. Cheeramkuzhy Michael
19. Changanazhacheril Joseph
20. Cherukarakunnel Joseph
21. Chollanal George
22. Choorakattu George (Jr)
23. Chovelikudiyil James
24. Edathumparampil Joseph
25. Ennackappallil Mathew
26. Eruppakkattu Philip
27. Ettumanukaran Alvin
28. Ettuparayil Sebastian
29. Illimoottil Joseph
30. Kachiramattam Augustine
31. Kadankavil Mathew
32. Kadhaliyil Joseph
33. Kadookunnel Mathew
34. Kaitholil Joseph

35. Kakkaniyil Abraham
36. Kalapurackal Joseph
37. Kalayil Mathew
38. Kallarackal Martin
39. Kandathikudilil Augustine
40. Kaniampadickal Sebastian
41. Kaniyodickal Joseph
42. Kappil Joseph
43. Kappiliparampil Kuriakose
44. Karikulam Joseph
45. Kattackal Jacob
46. Kattiparampil Thomas
47. Kavumpurath George
48. Kizhakkearanjaniyil George
49. Kizhakkearanjaniyil Mathew
50. Kizhakkeparampil Michael
51. Kochodackal Thomas
52. Kochumuriyil Joseph
53. Kollithanathumalayil Abraham
54. Kolliyil Antony
55. Koonammakal Thomas
56. Koottiyaniyil Augustine
57. Koovalloor Joseph
58. Kottarathil Emmanuel
59. Kottayil James
60. Kottayil Kurian
61. Kozhikott Alexander
62. Kozhupankutty Augustine
63. Kozhupankutty Mani
64. Kumbulumkal Mathew
65. Kumbulumoottil Sebastian
66. Kunnackattu Cherian (Biju)
67. Kunnappallil Jose
68. Kunnumpuram Berchmans
69. Kuppapuzhackal Abraham
70. Kurichiyel Isaac
71. Kurumuttath Joseph
72. Kuruppasseriyil Joseph
73. Kuttarappallil John
74. Kuttianickal Sebastian
75. Kuttiyanickal Mathew
76. Kuzhimullil Abraham
77. Madathikunnel Joseph
78. Madathikunnel Paul
79. Madukavil George
80. Mamalasseril Tom Jose
81. Mampallikunnel Sebastian
82. Mandapathil George
83. Manianchira Joseph
84. Mannanal Joseph
85. Mannoor Sebastian
86. Maprakarottu Sebastian
87. Mattam John
88. Mattamundayil John
89. Mattel Francis
90. Mecheril Augustine
91. Meekkattukunnel Andrews
92. Menamparampil Scaria
93. Modiyil Scaria
94. Moolayil Cherian
95. Moolechalil George
96. Moongamakel Vincent
97. Mukaleparambil Joseph
98. Mulangattil George
99. Mundackal Joseph
100. Muthuplackal Mathew
101. Nadackal Antony
102. Nadackal George
103. Naduviledam Paul
104. Naduvilekoot Ignatius

105. Naduvilekoot Joseph
106. Narikkatt Michael
107. Nellickal George
108. Nellickatheruvil Jose
109. Nirappel Cyriac
110. Njarakkattil Joseph
111. Njaralakattu Philip
112. Njavally Thomas
113. Olickal Alexander
114. Olickalputhenpura Thomas
115. Ottathengumkal Enas
116. Ozhukayil George
117. Paikada Alexander
118. Pallackal Joseph
119. Palliparampil George
120. Pampara Joseph
121. Panackakuzhiyil Thomas
122. Pandarakappil Alex
123. Pandaraparabil Jacob
124. Pandiamackal Joseph (Jr)
125. Pangottil Kuriakose
126. Panthalanickal Mathew
127. Panthiruvelil Martin
128. Parackal Paul
129. Parampithadathil George
130. Parekkattu Emmanuel
131. Parekunnel George
132. Parekunnel Thomas
133. Pariyappanal Johnson
134. Parathotty Mathew
135. Pathickelputhenpurayil Kuriakose
136. Pazheparampil George
137. Peedikamalayil Augustine
138. Pendanam Sebastian
139. Periappuram Emmanuel
140. Perumattathil Augustine
141. Peruvelil Sebastian
142. Pezhathumkal Jacob
143. Pezhumkattil Thomas
144. Polakatt Kurian
145. Ponnamvarickayil George
146. Poovathumkal Joseph
147. Porunnolil James
148. Pottakulam Jacob
149. Pulavelil Joseph (Jr.)
150. Pulinthanath Kuriakose
151. Pulleettu Johnson
152. Pullukalayil Mathew
153. Punnathanathu Thomas
154. Purakkattuputhenpura John
155. Purayidam Thomas
156. Puthenparambil Thomas
157. Puthenpura Augustine
158. Puthenpura Joseph
159. Puthenpurackal Mathew
160. Puthiyamattam John
161. Puthiyaparampil Jacob
162. Puthoor Sebastian
163. Puthukulangara Thomas
164. Puthuparambil Thomas
165. Thadathil Joseph (Jr.)
166. Thadathil Joseph (Sr.)
167. Thadathil Mathew
168. Thakadiyel Abraham
169. Thalavayalil Abraham
170. Thalodil Joseph
171. Thannickapara Jacob
172. Thannickapara Joseph
173. Thannimalayil Thomas

174. Tharappel George
175. Thayil Thomas
176. Thazhathuvarickayil Joseph
177. Thekkumcherikunnel Sebastian
178. Thengumpally Joseph
179. Theruvath Augustine
180. Theruvil Joseph
181. Tholanickal Joseph
182. Thonakkara Antony
183. Thonikuzhiyil Sebastian
184. Thuruthel Sebastian
185. Thuruthippallil Mathew
186. Vadakara Joseph
187. Vadakethakidiyel Kuriakose
188. Vadakkekuttu Joseph
189. Vadakkemangalathu Joseph
190. Vadakkenellikattil Joseph
191. Vadakkummukulayil Thomas
192. Valiaveettil Thomas
193. Valiyaveettil Kalappura Sebastian
194. Vanchipurackal George
195. Varakukalaparampil George
196. Varickamakal Augustine
197. Vattamattathil Philip .
198. Vattappillil Joseph
199. Vattappulam Devasiachan
200. Vayalil James
201. Vazhakalayil Antony
202. Vazhayil Antony
203. Vazhayil Thomas
204. Vazheparambil Zacharia
205. Vekathanam Scaria
206. Velamparampil Cyrus
207. Vellaringattu Jacob
208. Vengaloor Mathew
209. Vettathel Joseph
210. Vettukallel James
211. Vettukallel Mathew
212. Vettukattil Thomas
213. Vilakkunnel Joseph

**Religious Priests Working in the Eparchy**

214. Pottamparampil Thomas MSFS
215. Tharakan Dyson MC

## Batch II
## August 6 - August 10

Very Rev. Fr. / Rev. Fr.

1. Alanickal Joseph
2. Alappattukottayil Sebastian
3. Alencheril Joseph
4. Ambazhathinal George
5. Ammottukunnel Mathew
6. Ampazhathumkal Mathew
7. Anithanam Kurian
8. Anithottathil Gervasis
9. Arackaparampil Mathew
10. Aranjaniputhenpura Joseph
11. Attuchalil Joseph
12. Ayallukunnel Thomas
13. Chakkalackal Joseph
14. Chamakalayil Sebastian
15. Chandrankunnel Mathew (Sr.)
16. Chavelil John
17. Cheeramkuzhy George
18. Chellamthara Thomas
19. Chennattu Mathew
20. Chillckal Thomas
21. Choorackal Joseph
22. Choorakattu George (Sr.)
23. Edathinal Francis
24. Edayodiyil George
25. Erimattathil Abraham
26. Eruvelikunnel Antony
27. Ettackakunnel George
28. Ezhuparayil Joseph
29. Illimootil Thomas
30. Kadalikattil Mathew
31. Kadaplackal Sebastian
32. Kadukammackal Augustine
33. Kaduppil Joseph
34. Kakkallil Jose
35. Kalachirayil Thomas
36. Kalayil Kurian
37. Kallacheril Joseph
38. Kanatt Cyriac
39. Kaniampadickal Abraham
40. Kaniampadickal Mathew
41. Kanjirathumkal Emmanuel
42. Kannanthanam John
43. Karamvely George
44. Karottukizhakkel Thomas
45. Kavalammackal Mathew
46. Kavanadimalayil Mathew
47. Keeramthadathil Joseph
48. Keeranchira Jose
49. Kizhakkekuttu Sebastian
50. Kizhakkel Thomas
51. Kochayyankanal James
52. Kochukaippettiyil Cyriac
53. Kochuparampil Joseph
54. Kolath Mathew
55. Kollamparampil Devasia
56. Koonanickal Joseph
57. Koramkuzha Mathew
58. Kottarathil George
59. Kottayil Jose
60. Kottukappally Lukose
61. Kudilil James
62. Kulamackal Abraham
63. Kulangra Philip
64. Kumminiyil Joseph
65. Kunnackattu Cherian (Joby)
66. Kunnel Cyriac
67. Kunnumpurath Paul
68. Kurisummoottil Mathew (Sr.)

69. Kurumundayil Philip
70. Kuruvachira Joanny
71. Kuttikatt Thomas
72. Kuzhinjalil Jose
73. Kuzhinjalil Joseph
74. Kuzhivelithadathil Joseph
75. Madappally Thomas
76. Madathiparampil Thomas
77. Madickangal James
78. Madurapuzha Zacharias
79. Malamackal Scaria
80. Malayilputhenpura Thomas
81. Maleparampil Joseph
82. Manarkattu Joseph
83. Mangalath James
84. Maniangatt Zacharias
85. Mannoor Thomas
86. Mannukuzumpil George
87. Mathilakath Mathew
88. Mathothu Kurian
89. Mattam Kurian
90. Mattathil Philip
91. Mecheril Joseph
92. Menachery Thomas
93. Meyickel Joseph
94. Mookkenthottathil Joseph
95. Moolakunnel Alexander
96. Moolayil Thomas
97. Moolechalil Thomas
98. Moothedam Mathew
99. Mukkamkuzhiyil Kurian
100. Mulanjanal Joseph
101. Muthanatt Joseph
102. Mylapparampil Joseph
103. Nadackal Thomas
104. Naduthadam John
105. Naduthadam Sebastian
106. Naduvilekkut Michael
107. Narithookil Joseph
108. Narithookil Kuriakose
109. Narivelil Mathew
110. Nellikunnucherivupurayidom George
111. Niravath George
112. Njarakunnel George
113. Njarakunnel George Varghese
114. Njaralakatt Antony
115. Olayathil Thomas
116. Olickal Thomas
117. Oravachalil George
118. Ouseparambil Joseph
119. Ouseparambil Michael
120. Padickakuzhuppil Sebastian
121. Pakkarampel John
122. Palackaparampil Augustine
123. Palackathadathil Abraham
124. Palackattukunnel Mathew
125. Palithottam John
126. Panachikkalkarottu James
127. Panampuzha Joseph
128. Pandiamackal Joseph (Sr.)
129. Panthalanickal Christy
130. Panthiruvelil Mathew
131. Parackal Thomas
132. Paraplackal Augustine
133. Paraplackal Francis
134. Paraplackal Paul
135. Paravummel Joseph
136. Pariath Joseph (Jr.)
137. Pariath Joseph (Sr.)
138. Paruthiparayil Thomas
139. Pattery Thomas
140. Pazheparampil Sebastian
141. Pazhethudippara Zacharias

142. Peedikayil Mathew
143. Periappurath Abraham
144. Peringamalayil Issac
145. Pezhumkattil Abraham
146. Plathottam Thomas
147. Polachirakunnumpuram George
148. Poovakulam George
149. Poovathumkal Jose
150. Potheettel John
151. Pulavelil Joseph (Sr.)
152. Pulickaparampil Mathew
153. Puliurumbil James
154. Pullattu Thomas
155. Pullukalayil George
156. Punnathanathukunnel Mathew
157. Purayidathil Joseph
158. Puthettu Cyriac
159. Puthiyaparampil George
160. Puthiyidath Joseph
161. Puthiyidath Mathew
162. Puthumana Joseph
163. Sauriamkuzhy George
164. Thadathil Cyriac
165. Thadathil Kurian
166. Thadickaparambil Kuriakose
167. Thalodil Augustine
168. Tharappel Jose (Jr.)
169. Tharappel Joseph (Sr.)
170. Thayyil Antony
171. Thayyil Mathew
172. Thekkel Jospeh (Jr.)
173. Thekkel Mathew
174. Thennattil Mathew
175. Theruvil George
176. Thevarkunnel Mathew
177. Thottathil Joseph
178. Thottumkal Michael
179. Thottumkal Thomas
180. Thudiamplackal Kuruvila
181. Thuruthiyil Abraham
182. Vadakkekara Michael
183. Vadakkel Cyriac
184. Vadakkel Jacob
185. Vadakkel Thomas
186. Vadakkethottiyil George
187. Vadayattukuzhy George
188. Vallompurayidathil Jose
189. Valummel Thomas
190. Vanchipurackal Joseph
191. Varickamackal Emmanual
192. Varickamackal Kurian
193. Vattamukalel Kuriakose
194. Vayalil Joseph
195. Vayaliparambil George
196. Vazhacharickal Mathew
197. Vazhacharickal Thomas
198. Vazhackapara Joseph
199. Vazhakkaparayil Mathew
200. Vechoor Dominic
201. Vedikunnel Thomas
202. Vellachalil Kuriakose
203. Vellamaruthunkal Jacob
204. Vellaringattu Kurian
205. Velooparambil George
206. Vennayippallil Mathew
207. Vethanath Sebastian
208. Vettukallel George
209. Vettukallel Sebastian

**Religious Priests Working in the Eparchy**

210. Anithottathil Jibin MSFS
211. Illickal Kuriakose
212. Kizhakkeparampil Abraham CRM
213. Varakukalaparampil Thomas MC

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നഴ്സസിനായി ചൊവ്വാഴ്ചകളിൽ വാക്ക് - ഇൻ - ഇന്റർവ്യൂ**

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നഴ്സസിനായി മാർച്ച് 14, 21, 28 തീയതികളിൽ വാക്ക് - ഇൻ - ഇന്റർവ്യൂ സംഘടിപ്പിക്കുന്നു. ജി.എൻ.എം. നഴ്സിംഗ് ഡിഗ്രിയും ഒപ്പം കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ ഉള്ളവർക്കും പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ട്മെന്റിൽ ചൊവ്വാഴ്ചകളിൽ രാവിലെ 9 മണിക്ക് നേരിട്ടു ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/814 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

**ഏറ്റുമാനൂർ വിമല ഹോസ്പിറ്റലിൽ ഒ.പി. സേവനം തുടങ്ങി മാർ സ്ലീവാ മെഡിസിറ്റി പാലാ**

ഏറ്റുമാനൂർ വിമല ഹോസ്പിറ്റൽ മാർ സ്ലീവാ മെഡിസിറ്റി പാലായുമായി സഹകരിച്ച് ആരംഭിക്കുന്ന ഒ.പി. വിഭാഗങ്ങളുടെ ഉദ്ഘാടനം നടന്നു. ചടങ്ങിൽ പാലാ മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കൊമ്മഡോർ ഡോ. പോളിൻ ബാബു, ഏറ്റുമാനൂർ വിമല ഹോസ്പിറ്റൽ ഡയറക്ടർമാരായ ഡോ. ജീവൻ ജോസഫ്, ഡോ. പ്രീതി കോര എന്നിവർ ധാരണാപത്രം കൈമാറി. നെഫ്രോളജി, പ്ലാസ്റ്റിക് സർജറി വിഭാഗങ്ങളുടെ സേവനം എല്ലാ ചൊവ്വാഴ്ച വൈകുന്നേരങ്ങളിലും, കാർഡിയോളജി ഒ.പി. വ്യാഴാഴ്ച വൈകിട്ടും, ഗ്യാസ്ട്രോ എന്ററോളജി ഒ.പി. വെള്ളിയാഴ്ച വൈകുന്നേരങ്ങളിലും ലഭ്യമാകും.

**ആഷ്ഹദിന് ചികിത്സയൊരുക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ**

96 ദിവസത്തെ ആശുപത്രിവാസത്തിനുശേഷം ആഷ്ഹദ് വീട്ടിലെത്തി. വീട്ടിലേക്ക് സൈക്കിളിൽ പോകുമ്പോൾ എതിരേ വന്ന കാർ ആഷ്ഹദിനെ ഇടിക്കുകയായിരുന്നു. തലയോട്ടിയും തുടയെല്ലും പൊട്ടിയും നട്ടെല്ലിനു ക്ഷതമേറ്റുമാണ് പാലാ മാർ സ്ലീവാ ആശുപത്രിയിൽ ആഷ്ഹദിനെ എത്തിക്കുന്നത്. നാട്ടുകാർ ഒത്തു

ചേർന്നാണ് ചികിത്സയ്ക്കുള്ള പണം സ്വരൂപിച്ചത്. ചികിത്സയിലിരിക്കേ ആംബുലൻസിൽ സ്കൂളിലെത്തി ആഷ്ഹദ് പ്ലസ്ടു പരീക്ഷകൾ എഴുതിയിരുന്നു. ചികിത്സയ്ക്കുശേഷം ആഷ്ഹദ് ആശുപത്രി വിട്ടു.

**ഐ. എസ്. ജി. കേരള കോൺഫറൻസ് സംഘടിപ്പിച്ചു മാർ സ്ലീവാ മെഡിസിറ്റി പാലാ**

പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ ആഭിമുഖ്യത്തിൽ കുമരകത്ത് സംഘടിപ്പിച്ച ഉദരരോഗ ഡോക്ടർമാരുടെ കൂട്ടായ്മയായ ഐ.എസ്.ജി. കേരള കോൺഫറൻസ് മാർ സ്ലീവാ മെഡിസിറ്റി ഓപ്പറേഷൻസ് ഡയറക്ടർ ഫാ. ജോസ് കീരഞ്ചിറയും പി.ജി.ഐ. മുൻ ഡയറക്ടർ ഡോ. യോഗേഷ് ചൗളയും ചേർന്ന് ഉദ്ഘാടനം ചെയ്തു. മെച്ചപ്പെട്ട രോഗി-ഡോക്ടർബന്ധം കൂടുതൽ കാര്യക്ഷമമായ ചികിത്സയ്ക്കു കാരണമാകുന്നതിനാൽ കേരളത്തിലെ ആശുപത്രികളിൽ ഡോക്ടർമാരുടെ നേർക്കുണ്ടാകുന്ന ആക്രമണങ്ങൾ ശക്തമായ നിയമനിർമാണത്തിലൂടെ തടയണമെന്നും ഐ.എസ്.ജി. കേരള ചാപ്റ്റർ ആവശ്യപ്പെട്ടു.

**NEW DOCTORS (MARCH)**

1. ഡോ. അജിത് എസ് ഷിന്റോ – സീനിയർ കൺസൾട്ടന്റ്, ന്യൂക്ലിയർ മെഡിസിൻ.

**മോൺ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**ഡീക്കൻ മിനിസ്ട്രി**

നാലുമാസക്കാലമായി വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന അഡോർണോസഭാംഗമായ ഡീ. എബിൻ തെള്ളിക്കുന്നേൽ തീർത്ഥാടനകേന്ദ്രത്തിലെ തന്റെ ശുശ്രൂഷ പൂർത്തീകരിച്ചശേഷം പൗരോഹിത്യ സ്വീകരണത്തിനുള്ള ഒരുക്കങ്ങൾക്കായി മല്ലികശ്ശേരി അഡോർണോ ആശ്രമത്തിലേക്കു തിരികെപ്പോയി. നാളിതുവരെ ഡീക്കൻ തീർത്ഥാടനകേന്ദ്രത്തിൽ ചെയ്ത എല്ലാ ശുശ്രൂഷകളെയും നന്ദിയോടെ ഓർക്കുന്നു.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള ക്രൈസ്തവ സഹോദരങ്ങൾക്കുവേണ്ടി 2023 മാർച്ച് 5 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അനുരഞ്ജനകൂദാശയും പരിശുദ്ധ കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ എസ്.വി.ഡി. ശുശ്രൂഷകൾക്കു നേതൃത്വം വഹിച്ചു.

**രാത്രിയാരാധന**

2023 മാർച്ച് 25 ശനിയാഴ്ച പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ രാത്രിയാരാധന നടത്തപ്പെട്ടു.

**ഗർഭിണികൾക്കുവേണ്ടിയുള്ള പ്രാർത്ഥനാശുശ്രൂഷ**

മംഗളവാർത്ത തിരുനാൾദിനമായ മാർച്ച് 25 ന് തീർത്ഥാടനദൈവാലയത്തിൽ വച്ച് ഗർഭിണികൾക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനാശുശ്രൂഷ നടത്തി. രാവിലെ 11 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ച ശുശ്രൂഷ പരിശുദ്ധ

കുർബാനയുടെ ആരാധനയോടെ സമാപിച്ചു. റവ. ഫാ. വിൻസെന്റ് മൂങ്ങാമ്മാക്കൽ ശുശ്രൂഷകൾക്കു നേതൃത്വം നല്കി.

**വോളന്റിയേഴ്സിന്റെ സമ്മേളനം**

തീർത്ഥാടനകേന്ദ്രത്തിലെ വോളന്റിയേഴ്സിന്റെ ഒരു സമ്മേളനം 2023 മാർച്ച് 14 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് നടത്തപ്പെട്ടു. പ്രസ്തുത സമ്മേളനത്തിൽ തീർത്ഥാടനകേന്ദ്രം റെക്ടർ വെരി റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, ഭരണങ്ങാനം ഫൊറോനാപള്ളി വികാരി വെരി. റവ. ഫാ. സഖറിയാസ് ആട്ടപ്പാട്ട്, തീർത്ഥാടനകേന്ദ്രം അഡ്മിനിസ്ട്രേറ്റർ റവ. ഫാ. ജോൺസൺ പുള്ളീറ്റ്, വൈസ് റെക്ടർ റവ. ഫാ. ജോസഫ് കീരാംതടത്തിൽ എന്നിവർ പ്രസംഗിച്ചു.

**ജപമാലപ്രദക്ഷിണം**

തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം അഞ്ചുമണിക്കുള്ള വിശുദ്ധ കുർബാനയെത്തുടർന്ന് വിശ്വാസിസമൂഹത്തിന്റെ കൂട്ടായ്മയിൽ കത്തിച്ച മെഴുകുതിരികളുമായി ദൈവാലയം ചുറ്റി നടത്തിവരുന്ന ജപമാലപ്രദക്ഷിണത്തിന് മാർച്ചു മാസത്തിലെ വിവിധ ശനിയാഴ്ചകളിലായി കിഴപറയാർ (04/03/2023), പൂവരണി (11/03/2023), മല്ലികശ്ശേരി (18/03/2023), പൈക (25/03/2023) എന്നീ ഇടവകകൾ നേതൃത്വം വഹിച്ചു. ഏപ്രിൽ മാസത്തെ ജപമാല പ്രദക്ഷിണങ്ങൾക്കു നേതൃത്വം നല്കുന്ന ഇടവകകൾ: ഇടമറ്റം (01/04/2023), ഉരുളികുന്നം (15/04/2023), വിളക്കുമാടം (22/04/2023).

**ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. CTP കോഴ്സ്**

2022 – 2023 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ക്ലാസ്സുകൾ സമാപിച്ചു. ഈ വർഷത്തെ അവസാനത്തെ ക്ലാസ്സ് മാർച്ച് മാസം 11-ാം തീയതി ശനിയാഴ്ച നടത്തപ്പെട്ടു. Theology of Religions എന്ന വിഷയത്തെ അധികരിച്ച് ഡോ. അലക്സ് പണ്ടാരക്കാപ്പിൽ ക്ലാസ്സ് നയിച്ചു.

**2. I മുതൽ IX വരെ ക്ലാസ്സുകളിലെ വാർഷികപ്പരീക്ഷ**

I മുതൽ IX വരെ ക്ലാസ്സുകളിലെ വാർഷികപ്പരീക്ഷ 2023 മാർച്ച് 26-ാം തീയതി ഞായറാഴ്ച നടത്തപ്പെട്ടു. പരീക്ഷയ്ക്കുള്ള ചോദ്യക്കടലാസ്സുകൾ 2023 മാർച്ച് 25-ാം തീയതി ശനിയാഴ്ച വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽനിന്നു വിതരണം ചെയ്തു.

**3. XII-ാം ക്ലാസ്സിലെ വിശ്വാസപരിശീലകരുടെ സമ്മേളനം**

XII -ാം ക്ലാസ്സിലെ വിശ്വാസപരിശീലകരുടെ സമ്മേളനം 2023 മാർച്ച് 5-ാം തീയതി ഞായറാഴ്ച രാവിലെ 9 മുതൽ വൈകുന്നേരം 4 വരെ ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. സമ്മേളനത്തിൽ XII-ാം ക്ലാസ്സിലെ വാർഷികപ്പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയവും നടത്തി.

### 4. വിശ്വാസോത്സവം

ഈ വർഷത്തെ വിശ്വാസോത്സവം **2023 ഏപ്രിൽ 10 മുതൽ 15 വരെയുള്ള തീയതികളിൽ** നടത്തുന്നതാണ്. ഈ ദിവസങ്ങളിലെ വിശ്വാസോത്സവപരിപാടികൾ ആഘോഷമായി നടത്താൻ ബഹുമാനപ്പെട്ട വൈദികരും വിശ്വാസപരിശീലകരും മാതാപിതാക്കളും പരിശ്രമിക്കേണ്ടതാണ്. വിശ്വാസോത്സവത്തിന്റെ ഭാഗമായുള്ള വർക്കുബുക്കുകളിലെ പ്രവർത്തനങ്ങൾ എല്ലാ ക്ലാസ്സുകളിലെയും കുട്ടികൾ നിർബന്ധമായും അതതു ക്ലാസ്സുകളിലെ വിശ്വാസപരിശീലകരുടെ മേൽനോട്ടത്തിൽ ഈ ദിനങ്ങളിൽ ചെയ്യേണ്ടതാണ്. ഈ വർഷം നാലാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്ക് പ്രഥമകുമ്പസാരവും തുടർന്നുള്ള കുർബാനസ്വീകരണവും നടത്തുന്നതിനുള്ള ഏറ്റവും അടുത്ത പരിശീലനം വിശ്വാസോത്സവദിനങ്ങളിൽ നൽകേണ്ടതാണ്.

- **വിശ്വാസോത്സവദിനങ്ങളിൽ പിന്തുടരേണ്ട ടൈം ടേബിൾ**

| | | |
|---|---|---|
| 09.30 am | : | സപ്രാ |
| 09.45 am | : | വി. കുർബാന. |
| 10.30 am | : | അസംബ്ലി, റിപ്പോർട്ടുകൾ |
| 10.45 am | : | വർക്കുബുക്ക് പ്രവർത്തനങ്ങൾ Period 1 |
| 11.30 am | : | ഇടവേള |
| 11.45 am | : | വർക്കുബുക്ക് പ്രവർത്തനങ്ങൾ Period 2 |
| 12.30 pm | : | ഉച്ചഭക്ഷണം |

1.30 pm - 3 . 45 pm : റംശാ/ജപമാല/ആരാധന/ക്വിസ് (ബൈബിൾ, വി.കുർബാന, ചെറുപുഷ്പ മിഷൻലീഗ്, സഭാചരിത്രം, വിശുദ്ധർ)/ സാഹിത്യമത്സരങ്ങൾ/കലാമത്സരങ്ങൾ/ബൈബിൾ സ്കിറ്റ്/കളികൾ/ ദൈവവിളിപ്രോത്സാഹനപ്രഭാഷണം/വ്യക്തിത്വവികസനപ്രഭാഷണം/ ലഹരി വിരുദ്ധ ക്ലാസ്സ്/വാർത്താപത്രിക തയ്യാറാക്കൽ/വി. കുർബാനയിലെ ഗീതാലാപനപരിശീലനം/ സുറിയാനിഗീതാലാപനപരിശീലനം/ റമ്പാൻ പാട്ടുപരിശീലനം/വിശുദ്ധരെ പരിചയപ്പെടുത്തൽ/ആക്ഷൻ സോംഗ് പരിശീലനം/ബൈബിൾ കഥപറച്ചിൽ/ ഭവനസന്ദർശനം/ ശ്രമദാനം/ വിശ്വാസപ്രഖ്യാപനറാലി. [ആറു ദിനങ്ങളിലെയും ഉച്ചകഴിഞ്ഞുള്ള പരിപാടികളിൽ ഇവ ഉൾപ്പെടുത്താം.]

- ഓരോ ദിവസവും ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്ന വർക്കുബുക്കുപ്രവർത്തനങ്ങൾമാത്രമേ അതതു ദിവസങ്ങളിൽ കുട്ടികളെക്കൊണ്ടു ചെയ്യിക്കാവൂ.
- വിശ്വാസോത്സവദിനങ്ങളിൽ വിനോദയാത്ര, തീർത്ഥാടനം, കുട്ടികൾക്കുള്ള ധ്യാനം എന്നിവ സംഘടിപ്പിക്കേണ്ടതില്ല.
- ആറു ദിവസങ്ങളിലായിട്ടുതന്നെ വിശ്വാസോത്സവപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

- **രാവിലെ 9.30 ന് ആരംഭിച്ച് വൈകിട്ട് 3.45 ന് അവസാനിക്കുന്ന രീതിയിൽ വിശ്വാസോത്സവം നടത്തുന്നതാണ് അഭികാമ്യം.** ഈ സമയക്രമം ഒരു രീതിയിലും പാലിക്കാനാവാത്ത സാഹചര്യമുള്ള ഇടവകകളിൽ കുറഞ്ഞത് 5 മണിക്കൂറെങ്കിലും വിശ്വാസോത്സവത്തിനു ലഭിക്കത്തക്ക രീതിയിൽ സമയക്രമീകരണം നടത്താവുന്നതാണ്. അങ്ങനെ ചെയ്യുമ്പോഴും മുകളിൽ നൽകിയിരിക്കുന്ന കാര്യങ്ങളെല്ലാംതന്നെ വിശ്വാസോത്സവപരിപാടികളിൽ ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇങ്ങനെ പൊതുസമയക്രമീകരണത്തിൽനിന്ന് വ്യത്യസ്തമായി ചെയ്യുന്നവർ അവർ സ്വീകരിച്ചിരിക്കുന്ന സമയക്രമം രൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ് (9778174922 എന്ന നമ്പറിലേക്ക് Message അയച്ചാൽ മതിയാകും).
- വിശ്വാസോത്സവത്തിന് ആവശ്യമായ വർക്കുബുക്കുകൾ 2023 മാർച്ച് 20 മുതൽ വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽനിന്നു ലഭിക്കുന്നതാണ്. **2023 ഏപ്രിൽ 5 മുതൽ 9 വരെ വിശ്വാസപരിശീലനകേന്ദ്രം ഓഫീസിന് അവധിയായിരിക്കും.**
- അധ്യാപകസഹായി പി.ഡി.എഫ്. ഡോക്യുമെന്റായി വാട്ട്സ് ആപ്പ് ഗ്രൂപ്പിലൂടെ നൽകുന്നതാണ്.

**5. വിചിന്തനം സെമിനാർ**

ഈ വർഷം (2022- 2023) IX -ാം ക്ലാസ്സിൽ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികൾക്കായി രൂപതാതലത്തിൽ വിചിന്തനം സെമിനാർ നടത്തുന്നു. ഏപ്രിൽ അവസാന ആഴ്ചയിലും മേയ് മാസത്തിലുമായി 16 ബാച്ചുകളിലായി സംഘടിപ്പിക്കപ്പെടുന്ന **ഈ ഏകദിനസെമിനാറിൽ IX-ാം ക്ലാസ്സ് പൂർത്തിയാക്കുന്ന എല്ലാ കുട്ടികളെയും നിർബന്ധമായും പങ്കെടുപ്പിക്കേണ്ടതാണ്.** പാലായിൽ അരുണാപുരത്തുള്ള അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചായിരിക്കും സെമിനാർ നടത്തുന്നത്. ഈ സെമിനാറിൽ പങ്കെടുക്കണമെന്ന കാര്യം കുട്ടികളെ നേരത്തേതന്നെ അറിയിക്കുമല്ലോ.

**വിചിന്തനം സെമിനാറിന്റെ തീയതികൾ താഴെ നൽകുന്നു.**

**ഏപ്രിൽ : 27, 28 മെയ്: 4, 5, 6, 8, 9, 10, 11, 18, 19, 22, 23, 24, 25, 29**

1. പാലാ, അരുണാപുരത്തുള്ള സെന്റ് തോമസ് കോളേജിനു പുറകുവശത്തായുള്ള അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചാണ് സെമിനാർ നടത്തുന്നത്.
2. സെമിനാർദിവസം രാവിലെ 9.15 നുമുമ്പ് കുട്ടികൾ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തേണ്ടതാണ്.
3. വൈകിട്ട് 4 മണിക്ക് സെമിനാർ അവസാനിക്കുന്നതാണ്.
4. സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ പേരുവിവരങ്ങൾ (ആൺ/പെൺ വേർതിരിച്ച്) വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ നൽകി മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

**6. പ്രതിഭാസംഗമം (VII- ാം ക്ലാസ്സ്)**

ഈ വർഷം (2022-2023) VII-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികൾക്കായി 2023 മെയ് മാസത്തിൽ കാക്കനാട് മൗണ്ട് സെന്റ്

തോമസിൽവച്ചു നടത്തപ്പെടുന്ന പ്രതിഭാസംഗമത്തിൽ പാലാ രൂപതയെ പ്രതിനിധീകരിക്കാനുള്ളവരെ തിരഞ്ഞെടുക്കാനായി രൂപതാതലത്തിലുള്ള പ്രതിഭാസംഗമം നടത്തുന്നു.

**തീയതി : 2023 ഏപ്രിൽ 1 ശനിയാഴ്ച**
**സ്ഥലം : മാതൃഭവൻ, ഭരണങ്ങാനം**
**സമയം : 9.30 am – 4 pm**

**7. വിശ്വാസപരിശീലകസംഗമം**

2023–2024 വിശ്വാസപരിശീലനവർഷാരംഭത്തിന് ഒരുക്കമായി നമ്മുടെ രൂപതയിലെ വിശ്വാസപരിശീലകരുടെ സംഗമം മൂന്നു ബാച്ചുകളിലായി നടത്തുന്നു. ഈ സംഗമത്തിൽ എല്ലാ വിശ്വാസപരിശീലകരും പങ്കെടുക്കേണ്ടതാണ്.

**സ്ഥലം** : St. Joseph College of Engineering and Technology, Choondacherry
**സമയം** : 9.30 am to 3.45 pm

**2023 മേയ് 13 ശനി** : ചേർപ്പുങ്കൽ, ഇലഞ്ഞി, കൂട്ടിക്കൽ, കോതനല്ലൂർ, പൂഞ്ഞാർ, കടുത്തുരുത്തി, തീക്കോയി ഫൊറോനകൾ

**2023 മേയ് 20 ശനി** : കടനാട്, കുറവിലങ്ങാട്, മൂലമറ്റം, മുട്ടുചിറ, രാമപുരം, തുടങ്ങനാട് ഫൊറോനകൾ

**2023 മേയ് 21 ഞായർ** : പാലാ, അരുവിത്തുറ, ഭരണങ്ങാനം, പ്രവിത്താനം ഫൊറോനകൾ

**8. സ്കോളർഷിപ്പ് പരീക്ഷ**

വിശ്വാസപരിശീലന സ്കോളർഷിപ്പ് പരീക്ഷ **2023 മെയ് 14 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയുള്ള സമയത്ത്** കുറവിലങ്ങാട്, അരുവിത്തുറ, തുടങ്ങനാട്, പാലാ എന്നീ കേന്ദ്രങ്ങളിൽവച്ചു നടത്തപ്പെടുന്നതാണ്. രണ്ട് ടേമിലി പരീക്ഷകളുടെയും മാർക്കിന്റെ അടിസ്ഥാനത്തിൽ IV മുതൽ XII വരെ ക്ലാസ്സുകളിൽ ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന രണ്ടു കുട്ടികളെ വീതമാണ് പരീക്ഷയിൽ പങ്കെടുപ്പിക്കേണ്ടത്. (ഡിവിഷൻ അടിസ്ഥാനത്തിലല്ല, ക്ലാസ്സ് അടിസ്ഥാനത്തിലാണ് കുട്ടികളെ തിരഞ്ഞെടുക്കേണ്ടത്.) ഈ വർഷം ഓൺലൈൻ രജിസ്ട്രേഷൻ രീതിയാണ് പിന്തുടരുന്നത്.

**9. സ്കൂൾ മതബോധന – സന്മാർഗ്ഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷ**

2022 – 2023 അധ്യയനവർഷത്തിലെ സ്കൂൾ മതബോധന – സന്മാർഗ്ഗശാസ്ത്ര സ്കോളർഷിപ്പ് ഫലം പ്രസിദ്ധീകരിച്ചു.

**ട്രോഫികൾക്ക് അർഹമായ സ്കൂളുകൾ**

**സ്കൂൾ മതബോധനം**

| | | |
|---|---|---|
| L.P. വിഭാഗം | – | സെന്റ് മാത്യൂസ് L.P.S., കടനാട് |
| U.P. വിഭാഗം | – | സെന്റ് ത്രേസ്യാസ് U.P.S., വിളക്കുമാടം |
| H.S. വിഭാഗം | – | S.H.G.H.S., ഭരണങ്ങാനം |
| H.S.S. വിഭാഗം | – | സെന്റ് മേരീസ് H.S.S., ഭരണങ്ങാനം |

**കാപ്പിൽ ചെറിയാൻ എത്സമ്മ മെമ്മോറിയൽ ട്രോഫി മതബോധനവിഭാഗം ഏറ്റവും കൂടുതൽ പോയിന്റ് നേടിയ സ്കൂൾ**

സെന്റ് മേരീസ് G.H.S., കുറവിലങ്ങാട്

**സ്കൂൾ സന്മാർഗ്ഗശാസ്ത്രപഠനം**

| | | |
|---|---|---|
| L.P. വിഭാഗം | - | സെന്റ് മേരീസ് L.P.S., അരുവിത്തുറ |
| U.P. വിഭാഗം | - | ഫാത്തിമ സെൻട്രൽ സ്കൂൾ, പിറവം |
| H.S. വിഭാഗം | - | S.H.G.H.S., രാമപുരം |
| H.S.S. വിഭാഗം | - | സെന്റ് മേരീസ് H.S.S., ഭരണങ്ങാനം |

**കാപ്പിൽ ചെറിയാൻ എത്സമ്മ മെമ്മോറിയൽ ട്രോഫി സന്മാർഗ്ഗബോധനവിഭാഗം ഏറ്റവും കൂടുതൽ പോയിന്റ് നേടിയ സ്കൂൾ**

സെന്റ് മേരീസ് G.H.S., പാലാ

**അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ മെത്രാഭിഷേകരജതജൂബിലി സ്മാരകട്രോഫി മതബോധനത്തിനും സന്മാർഗ്ഗശാസ്ത്രത്തിനുംകൂടി ഏറ്റവും കൂടുതൽ പോയിന്റ് നേടിയ സ്കൂൾ**

സെന്റ് മേരീസ് G.H.S., പാലാ

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. ഏകദിനപ്രാർത്ഥന**

അദിലാബാദ് രൂപതയുടെ എഫ്ഫാത്ത ധ്യാനകേന്ദ്രത്തിൽ മാർച്ച് 17 വെള്ളിയാഴ്ച്ച നടന്ന പ്രാർത്ഥനയിൽ പാലാ മിഷനിൽനിന്ന് അച്ചന്മാരും സിസ്റ്റേഴ്സും വിശ്വാസികളും പങ്കെടുത്തു.

**2. കുടുംബനവീകരണസെമിനാറും ലഹരിവിരുദ്ധ ബോധവത്കരണ സെമിനാറും**

അദിലാബാദ് രൂപതയുടെ ഇന്ദ്രവെള്ളി ഇടവകയിൽ മാർച്ച് 19 ന് ഫാ. മാത്യു പുതിയിടത്തു നയിച്ചു.

**3. സ്ഥലംമാറ്റം**

രണ്ടു വർഷമായി വെങ്കിട്ടപുരം പള്ളിയിൽ അസിസ്റ്റന്റ് പ്രീസ്റ്റ് ഇൻചാർജ് ആയിരുന്ന ഫാ. ജോസഫ് കൈതോലിൽ നെന്നൽ പള്ളിയിൽ അസിസ്റ്റന്റ് പ്രീസ്റ്റ് ഇൻചാർജായും ഒരു വർഷമായി നെന്നൽ പള്ളിയിൽ അസിസ്റ്റന്റ് പ്രീസ്റ്റ് ഇൻചാർജായിരുന്ന ഫാ. ജോസഫ് കൂവള്ളൂർ വെങ്കിട്ടപുരത്ത് അസിസ്റ്റന്റ് പ്രീസ്റ്റ് ഇൻചാർജായും മാർച്ച് 16 ന് ചാർജെടുത്തു.

**4. മിഷൻ ദർശൻ**

മാർച്ച് 22 ന് പാലാ മിഷനിലെ വൈദികർ കാകസ്നഗർ സോണിലെ അദിലാബാദ് രൂപതയുടെയും ക്ലരീഷൻ മിഷന്റെയും പള്ളികൾ സന്ദർശിച്ചു

പ്രാർത്ഥിച്ചു. മാർച്ച് 29 ന് പാലാ മിഷനിലെ അച്ചന്മാരും സിസ്റ്റേഴ്സും അദിലാബാദ് സോണിലെ പള്ളികൾ സന്ദർശിച്ചു കുരിശിന്റെ വഴി നടത്തി പ്രാർത്ഥിച്ചു.

**5. കുരിശിന്റെ വഴി**

മാർച്ച് 24 വെള്ളിയാഴ്ച്ച പാലാ മിഷനിലെ എല്ലാ മിഷൻ സ്റ്റേഷനുകളിൽ നിന്നും ദൈവജനം ഒന്നുചേർന്നു നെന്നൽ ഗ്രാമത്തിലെ പ്രധാന റോഡിലൂടെ മദർ തെരേസ പള്ളിയിലേക്കു കുരിശിന്റെ വഴി നടത്തി. ഫാ. പി.എൽ. ജോസഫ് സന്ദേശം നൽകി.

മാർച്ച് 22 ന് ബെല്ലംപള്ളി പള്ളിയിൽനിന്ന് 70 പേർ 14 പള്ളികൾ സന്ദർശിച്ചു കുരിശിന്റെവഴി നടത്തുന്നതിന്റെ ഭാഗമായി നെന്നൽ പള്ളിയിൽ വന്നു കുരിശിന്റെ വഴി നടത്തി പ്രാർത്ഥിച്ചു.

**6. സിൽവർ ജൂബിലി മംഗളങ്ങൾ**

മാർച്ച് 20 ന് പാലാ മിഷനിലെ അച്ചന്മാരും സിസ്റ്റേഴ്സും മൈലാരം മഠത്തിൽ ഒത്തുചേർന്നു വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു മൈലാരം മദർ സി. ജിന്നി LAR ന് ജൂബിലിമംഗളങ്ങൾ ആശംസിച്ചു.

**7. നോമ്പുകാലധ്യാനങ്ങൾ**

മാർച്ച് 19 ന് ഫാ. ടോണി കാഞ്ഞിരത്തിങ്കൽ കോനംപെട്ട പള്ളിയിലും 26 ന് ഫാ. അനീഷ് സി.എം.എഫ്. ഗോല്ലപ്പള്ളി പള്ളിയിലും 27 ന് ഫാ. പി. എൽ. ജോസഫ് നെന്നെൽ പള്ളിയിലും ഏപ്രിൽ 1 ന് ഫാ. ജോസഫ് പരിയാത്തു വെങ്കിട്ടപുരം പള്ളിയിലും ധ്യാനങ്ങൾ നടത്തി.

**8. നന്ദിയും അഭിനന്ദനങ്ങളും**

ഈ നാളുകളിൽ പാലാ മിഷനെ പ്രാർത്ഥനയിലൂടെയും സാമ്പത്തികമായും സഹായിച്ച എല്ലാവർക്കും നന്ദി.

**ഫാ. മാത്യു പുതിയിടത്ത്** (കോ-ഓർഡിനേറ്റർ)

## പാലാ മിഷൻ – ഗുജറാത്ത്

**1. PSWS സന്ദർശനം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ നേതൃത്വത്തിൽ 24 അംഗ ക്ഷീരകർഷകസംഘം NDDB യുടെ കീഴിലുള്ള പരിശീലനത്തിനായി ഗുജറാത്തിലെ ആനന്ദിലെത്തി. പരിശീലന പരിപാടികൾക്കുശേഷം അവർ റീജണിലെ വിവിധ മിഷൻ സ്റ്റേഷനുകൾ സന്ദർശിച്ചു.

**2. വാർഷികധ്യാനം**

വലിയ നോമ്പിനോടനുബന്ധിച്ചു റീജണിലെ എല്ലാ ഇടവകകളിലും കുർബാന സെന്ററുകളിലും വാർഷികധ്യാനം നടത്തപ്പെട്ടു.

**3. ഏകദിന യുവജനധ്യാനം**

ഗുജറാത്ത് റീജണിലെ യുവജനങ്ങൾക്കായി ഏകദിനധ്യാനം നടത്തപ്പെട്ടു. റവ. ഡോ. ആന്റണി തറേക്കടവിൽ ധ്യാനം നയിച്ചു.

**4. വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ**

റീജണിലെ എല്ലാ ഇടവകകളിലും കുർബാന സെന്ററുകളിലും വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ഭക്ത്യാദരപൂർവ്വം ആചരിച്ചു.

**5. വീടുസന്ദർശനവും വെഞ്ചരിപ്പും**

നോമ്പുകാലത്ത് റീജണിലെ എല്ലാ ഇടവകകളിലും കുർബാന സെന്ററുകളിലും വൈദികർ ഭവനങ്ങൾ സന്ദർശിച്ച് വെഞ്ചരിപ്പു നടത്തി.

**മാർ ജോസഫ് കൊല്ലംപറമ്പിൽ** (സഹായമെത്രാൻ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാവാർത്തകൾ**

**എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പമിഷൻലീഗിന്റെ മാർച്ചു മാസത്തെ എക്സിക്യൂട്ടീവ് യോഗം മാർച്ച് 5 ഞായറാഴ്ച വൈകുന്നേരം മൂന്നു മണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി അഗസ്റ്റിൻ തോമസ് കടൂക്കുന്നേൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യോഗം അത് പാസാക്കി. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം മാർച്ചു മാസത്തെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു.

**ജൂനിയേഴ്സ് ക്യാമ്പ്**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ 5,6,7,8 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ഏപ്രിൽ 21, 22 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽവച്ചു ജൂനിയേഴ്സ് ക്യാമ്പ് നടത്തപ്പെടുന്നു. ഏപ്രിൽ 21 വെള്ളിയാഴ്ച രാവിലെ 9 മണിക്ക് ആരംഭിച്ചു. 22 ശനിയാഴ്ച വൈകുന്നേരം 3 മണിക്ക് അവസാനിക്കുന്നവിധത്തിലാണ് ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്.

**ദേശീയഭാരവാഹികൾ**

കർണ്ണാടകയിലെ ബെൽത്തങ്ങാടി രൂപതയിൽ നടന്ന ചെറുപുഷ്പമിഷൻ ലീഗ് ദേശീയ മാനേജിംഗ് കമ്മറ്റിയോഗത്തിൽവച്ചു ചെറുപുഷ്പമിഷൻലീഗ് പാലാ രൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീ ബെന്നി മുത്തനാട്ട് ചെറുപുഷ്പ മിഷൻലീഗ് ദേശീയ റീജിയണൽ ഓർഗനൈസറായും ശ്രീ തോമസ് സെബാസ്റ്റ്യൻ അടുപ്പുകല്ലുങ്കൽ ചെറുപുഷ്പമിഷൻലീഗ് ദേശീയ ഓഡിറ്ററായും തിരഞ്ഞെടുക്കപ്പെട്ടു.

**കുഞ്ഞുമിഷനറി മാസിക**

കുഞ്ഞുമിഷനറി മാസിക മാർച്ച് മാസവും pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**മേഖലാവാർത്തകൾ**

**അരുവിത്തുറ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് മാർച്ച് 5 ഞായറാഴ്ച അരുവിത്തുറയിൽ വച്ചു നടന്നു. പ്രസിഡന്റ് ഷാജു കുന്നയ്ക്കാട്ട് അധ്യക്ഷത വഹിച്ചു.

**കടനാട് മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് യോഗം മാർച്ച് 5 ഞായറാഴ്ച നടന്നു.

**രാമപുരം മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് മാർച്ച് 5 ഞായറാഴ്ച നടന്നു.

**കൂട്ടിക്കൽ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് മാർച്ച് 4 ശനിയാഴ്ച നടന്നു.

**പ്രവിത്താനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് മാർച്ച് 5 ഞായറാഴ്ച പ്രവിത്താനം മേഖല ഓഫീസിൽ നടന്നു.

**ഭരണങ്ങാനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് മാർച്ച് 5 ഞായറാഴ്ച ഭരണങ്ങാനത്തു വച്ചു നടന്നു.

**ഇലഞ്ഞി മേഖല**

**എക്സിക്യൂട്ടീവ്**

ഇലഞ്ഞി മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് മാർച്ച് 5 ഞായറാഴ്ച നടന്നു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**സെൻട്രൽ കൗൺസിൽ മീറ്റിംഗ്**

മാർച്ച് 11 ന് എറണാകുളം പി.ഒ.സി. യിൽ വച്ച് നടന്ന സി.സി മീറ്റിംഗിൽ പാലാ രൂപതയിൽനിന്നു പ്രസിഡന്റ് ജിജോ മാത്യു പങ്കെടുത്തു.

**സർട്ടിഫിക്കറ്റ് വിതരണം നടത്തി**

സ്റ്റേറ്റ് സാഹിത്യോത്സവത്തിൽ സമ്മാനാർഹരായ കുട്ടികളുടെ സർട്ടിഫിക്കറ്റ് വിതരണം നടത്തി.

**അവധിക്കാല ക്യാമ്പ്**

സ്കൂൾകുട്ടികൾക്കായുള്ള അവധിക്കാല ക്യാമ്പ് ഏപ്രിൽ, മെയ് മാസങ്ങളിലായി നടത്തുന്നു. **(9 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഏപ്രിൽ 24, 25, 26 തീയതികളിലായി അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചും 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായി മേയ് 2,3,4 തീയതികളിലായി ചെത്തിമറ്റം ക്രിസ്തുജ്യോതി റിട്രീറ്റ് സെന്ററിൽവച്ചുമാണ് ക്യാമ്പ് നടത്തുന്നത്.)**

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)

---

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

---

**കൺസഷൻ നിരോധനം**

25 വയസ്സിനു മുകളിലുള്ള വിദ്യാർത്ഥികൾക്ക് കൺസഷൻ നിരോധനം നടപ്പിലാക്കിയ കെ.എസ്.ആർ.ടി.സിക്കെതിരേ യുവജനസംഘടന പ്രതിഷേധിച്ചു.

**സുരക്ഷാപെൻഷൻ**

മതസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള അഗതിമന്ദിരങ്ങളിൽ താമസിക്കുന്നവർക്ക് സുരക്ഷാപെൻഷന് അർഹതയില്ല എന്ന ഉത്തരവിനെതിരേ രൂപതാസമിതി പ്രതിഷേധിച്ചു.

**വെബ്സൈറ്റ് പ്രകാശനം**

എസ്.എം.വൈ.എം. പാലാ രൂപതയുടെ പുതിയ വെബ്സൈറ്റ് പ്രകാശനം പാലാ രൂപത വിശ്വാസപരിശീലനം ഡയറക്ടർ പെരിയ ബഹുമാനപ്പെട്ട ഫാ. സെബാസ്റ്റ്യൻ പഴയപറമ്പിൽ നിർവഹിച്ചു. Website - smympala.org

**പോസ്റ്റർ അധിക്ഷേപം**

ഒരു സമുദായത്തെ ഒന്നടങ്കം ആവിഷ്കാരത്തിലൂടെ ആക്ഷേപിക്കുന്ന എസ്എഫ്ഐയുടെ പോസ്റ്ററിനെതിരേ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപത.

**' You are the Queen' വനിതാദിനാഘോഷം**

എസ്.എം.വൈ.എം. പാലാ രൂപത പാലാ ഫൊറോന കത്തീഡ്രൽ യൂണിറ്റുകളുടെ ആതിഥേയത്വത്തിൽ രൂപതാതല വനിതാദിനാഘോഷം 'You are the Queen' പാലാ കത്തീഡ്രൽ ദൈവാലയത്തിൽവച്ചു നടത്തപ്പെട്ടു. രൂപത വൈസ് പ്രസിഡന്റ് ശ്രീമതി സെഞ്ചു ജേക്കബ് അധ്യക്ഷത വഹിച്ച യോഗത്തിൽ കെ.സി.വൈ.എം. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീമതി ഡെലിൻ ഡേവിഡ് യോഗത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. പാലാ കത്തീഡ്രൽ വികാരി വെരി റവ. ഫാ. ജോസ് കാക്കല്ലിൽ അനുഗ്രഹപ്രഭാഷണം നടത്തിയ സമ്മേളനത്തിൽ 2014 മുതൽ 2022 വരെയുള്ള വർഷങ്ങളിലെ എസ്തേർ അവാർഡ് ജേതാക്കളെ ആദരിക്കുകയും ചെയ്തു.

എസ്.എം.വൈ.എം. ജോയിന്റ് ഡയറക്ടർ സിസ്റ്റർ നവീന സി.എം.സി ആമുഖ പ്രഭാഷണം നടത്തുകയും കെ.സി.വൈ.എം. സംസ്ഥാനസമിതി അംഗങ്ങളെ ഉപഹാരം നല്കി ആദരിക്കുകയും ചെയ്തു. കുമാരി ജിലുമോൾ മരിയറ്റ് തോമസ് വിശിഷ്ടാതിഥിയായിരുന്നു. കത്തീഡ്രൽ പള്ളി ബി യൂണിറ്റ് പ്രസിഡന്റ് പ്രതീക്ഷ രാജ് സ്വാഗതം ആശംസിച്ചു. എസ്.എം.വൈ.എം. പാലാ രൂപത ഡയറക്ടർ വെരി റവ. ഫാ. മാണി കൊഴുപ്പൻകുറ്റി, പാലാ ഫൊറോന ജോയിന്റ് ഡയറക്ടർ സി. ആൻസ് SH, കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറി കുമാരി ലിനെറ്റ് വർഗീസ്, മുൻ രൂപത വൈസ് പ്രസിഡന്റ് റിന്റു റെജി, നിയുക്ത കെ.സി.വൈ.എം. സെക്രട്ടറിമാരായ മറിയം ടി. തോമസ്, അനു ഫ്രാൻസിസ്, ഫൊറോന വൈസ് പ്രസിഡൻറ് ഫ്രേയ എൽസ അബ്രാഹം എന്നിവർ ആഘോഷത്തിന് ആശംസ അറിയിച്ചു.

സന്ന്യസ്തർക്കുനേരേയുള്ള നിരന്തരമായ ഭരണകൂടങ്ങളുടെ അവഗണനയും പേകൂത്തു നാടകങ്ങൾക്കു പിന്തുണ നൽകുന്ന എ.ഐ.വൈ.എഫ്. അടക്കമുള്ള യുവജനസംഘടനകളുടെ നിലപാടുകൾക്കെതിരേയും, നിരന്തരമായ ക്രൈസ്തവ അവഹേളനം ക്യാമ്പസുകളിൽ ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ തരംതാണ് അധഃപധിപ്പിക്കുകയും ചെയ്യുന്ന എസ്എഫ്ഐ നിലപാടുകൾക്കെതിരേയും പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ പ്രതിഷേധം ശക്തമായി യോഗത്തിൽവച്ച് ഉന്നയിക്കപ്പെട്ടു. രൂപത സെക്രട്ടറി ആൽഫി ഫ്രാൻസിസിന്റെ നന്ദി പ്രകാശനത്തോടെ യോഗം അവസാനിച്ചു.

**കെസിവൈഎം സംയുക്ത സിൻഡിക്കേറ്റ് യോഗം**

കെ.സി.വൈ.എം. 2022-2023 സംയുക്ത സിൻഡിക്കേറ്റ് യോഗം നടത്തപ്പെട്ടു. കെസിവൈഎം സിൻഡിക്കേറ്റ് അംഗങ്ങളായി ജിയോ റോയ് ജിയോ വാലി, റിയാ തെരേസ റോയി വെള്ളികുളം എന്നിവർ ചാർജ് എടുത്തു, മുൻ സിൻഡിക്കേറ്റ് അംഗങ്ങളായ ടോണി കവിയിൽ, മെറിൻ കുറവിലങ്ങാട്, രൂപത വൈസ് പ്രസിഡന്റ്, സെഞ്ചു ജേക്കബ്, ട്രഷറർ, എബി നൈജൽ എന്നിവർ പങ്കെടുത്തു.

**കുരിശുമല തീർത്ഥാടനം**

എസ്.എം.വൈ.എം.-കെ.സി.വൈ.എം. രൂപതാസമിതിയുടെ നേതൃത്വത്തിൽ വാഗമൺ, അറുന്നൂറ്റിമംഗലം, അരുവിത്തുറ കുരിശുമലകളിലേക്ക് തീർത്ഥാടനം നടത്തപ്പെട്ടു. മാർച്ച് 25-ാം തീയതി 3.00 pm ന് വാഗമൺ കുരിശുമലയിലേക്ക് നടന്ന തീർത്ഥാടനത്തിന് വാഗമൺ യൂണിറ്റ് & തീക്കോയി ഫൊറോന എന്നിവർ നേതൃത്വം വഹിച്ചു. മാർച്ച് 26-ാം തീയതി 2.30 pm ന് അറുനൂറ്റിമംഗലം കുരിശുമലയിലേക്ക് നടന്ന തീർത്ഥാടനത്തിന് അറുനൂറ്റിമംഗലം യൂണിറ്റ് & കടുത്തുരുത്തി ഫൊറോന എന്നിവർ ആതിഥേയത്വം വഹിച്ചു. മാർച്ച് 31-ാം തീയതി 4.45 pm ന് വല്യച്ഛൻ മലയിലേക്ക് നടന്ന തീർത്ഥാടനത്തിന് അരുവിത്തുറ യൂണിറ്റ് & ഫൊറോന, ഭരണങ്ങാനം ഫൊറോന, ചേർപ്പുങ്കൽ ഫൊറോന, പാലാ ഫൊറോന, രാമപുരം ഫൊറോന, കൂട്ടിക്കൽ ഫൊറോന, പൂഞ്ഞാർ ഫൊറോന, പ്രവിത്താനം ഫൊറോന എന്നിവർ നേതൃത്വം നൽകി.

**'കക്കുകളി' എന്ന നാടകപ്രദർശനത്തിനെതിരേ ബഹുമാനപ്പെട്ട കോട്ടയം എ.ഡി.എം. റെജി പി. ജോസഫിന് പരാതി സമർപ്പിച്ചു.**

പാലാ രൂപത ജാഗ്രതാസമിതിയുടെ നേതൃത്വത്തിൽ ക്രൈസ്തവർക്കെതിരേയുള്ള വിവിധ വെല്ലുവിളികളിൽ, പ്രത്യേകിച്ച് 'കക്കുകളി' എന്ന നാടക പ്രദർശനത്തിനെതിരേ ബഹുമാനപ്പെട്ട കോട്ടയം എ.ഡി.എം. റെജി പി. ജോസഫിന് പരാതി സമർപ്പിച്ചു.

**അനുശോചനം**

ചങ്ങനാശ്ശേരി അതിരൂപതയുടെ മുൻ ആർച്ചു ബിഷപ് മാർ ജോസഫ് പവ്വത്തിൽ പിതാവിന് എസ്.എം.വൈ.എം. പാലാ രൂപത കുടുംബത്തിന്റെ ആദരാഞ്ജലികൾ.

**ഭൗതികദേഹത്തിനരികെ പ്രാർത്ഥിച്ചു.**

എസ്.എം.വൈ.എം. പാലാ രൂപതയുടെ യുവജനങ്ങൾ മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ ഭൗതികദേഹത്തിനരികെ പ്രാർത്ഥിച്ചു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

## ജീസസ് യൂത്ത്

**നൈറ്റ് വിജിൽ**

ജീസസ് യൂത്ത് പാലാ എല്ലാ ആദ്യവെള്ളിയാഴ്ചകളിലും നടത്തിവന്നിരുന്ന സോണൽ നൈറ്റ് വിജിൽ മാർച്ച് 3 നു രാത്രി 7:00 മുതൽ 4-ാം തീയതി രാവിലെ 6 മണി വരെ പാലാ അൽഫോൻസ കോളജിൽവച്ചു നടത്തപ്പെട്ടു. സോണൽ കൗൺസിലിന്റെ നേതൃത്വത്തിൽ രാത്രിമുഴുവൻ ദിവ്യകാരുണ്യത്തിന്റെ മുന്നിൽ ചെലവഴിച്ച പ്രാർഥനാക്കൂട്ടായ്മയിൽ 20 പേരോളം പങ്കെടുത്തു.

**JAGO മെഗാ രജിസ്ട്രേഷൻ ഡേ**

ഒക്ടോബർ 21 മുതൽ 24 വരെ നടക്കാനിരിക്കുന്ന ജീസസ് യൂത്ത് നാഷണൽ കോൺഫറൻസ് JAGO യുടെ രജിസ്ട്രേഷനോടനുബന്ധിച്ച് മാർച്ച് 5-ാം തീയതി JAGO മെഗാ രജിസ്ട്രേഷൻ ഡേ ആയി അഘോഷിച്ചു. 30 ഓളം പേർ രജിസ്ട്രേഷൻ ചെയ്തു.

**സോണൽ അസംബ്ലി, ബ്ലൂമിങ് റോസസ്, മിഷൻ ജേർണി ഇന്റർസെഷൻ**

സോണൽ അസംബ്ലി, ബ്ലൂമിങ് റോസസ്, മിഷൻ ജേർണി എന്നിവയുടെ നിയോഗാർത്ഥം ഇന്റർസെഷൻ നടത്തപ്പെട്ടു. എല്ലാ ദിവസവും വൈകിട്ട് 9:00 മണിക്ക് ഗൂഗിൾ മീറ്റിലും വൈകിട്ട് 4:00 മണിക്ക് പാലാ സെന്റ് തോമസ് കോളേജ് ചാപ്പലിൽവച്ചും വ്യാഴാഴ്ച വൈകിട്ട് 5:00 മണിക്ക് വല്യച്ചൻമലയിൽവച്ചും മദ്ധ്യസ്ഥപ്രാർത്ഥന നടത്തപ്പെട്ടു.

**അൽഫോൻസ കോളേജ് ഏകദിനപ്രോഗ്രാം - റൂത്ത്**

2023 മാർച്ച് 18 ശനിയാഴ്ച രാവിലെ 9:00 മണി മുതൽ 3:30 വരെ പാലാ അൽഫോൻസ കോളേജിൽവച്ച് വിദ്യാർത്ഥികൾക്കായി ഏകദിന പ്രോഗ്രാം നടത്തപ്പെട്ടു. ഏകദേശം നാല്പതോളം കുട്ടികൾ പങ്കെടുത്തു.

**സോണൽ അസംബ്ലി റികോൺസ്റ്റിട്യൂഷൻ**

മാർച്ച് 17 വൈകിട്ട് 6:00 മണിമുതൽ മാർച്ച് 18 വൈകിട്ട് 4:00 മണി വരെ സോണൽ അസംബ്ലി റികോൺസ്റ്റിട്യൂഷൻ നടത്തപ്പെട്ടു. 2023-25 വർഷത്തേക്കുള്ള പാലാ സോണൽ കൗൺസിൽ തിരഞ്ഞെടുക്കപ്പെട്ടു. 120 പേർ പങ്കെടുത്തു. ഷിബ്രീസ് കെ. സെബാസ്റ്റ്യൻ (കോ ഓർഡിനേറ്റർ), ആനി ജോഷി (അസ്സിസ്റ്റന്റ് കോ ഓർഡിനേറ്റർ), ആഗ്നസ് ജോസ്, ആൽഫി സെബാസ്റ്റ്യൻ തോമസ്, ആൽബിൻ ജിജോ, അഖിൽ സെബാസ്റ്റ്യൻ, എൽസ മരിയ ജോർജ്, ഗ്ലോറിയ മരിയ മാത്യൂസ്, ജോഗേഷ് ജോബി, തോമസുകുട്ടി ബേബി, ചാപ്ലിൻ – ഫാ. മാത്യു എണ്ണയ്ക്കാപള്ളി, സിസ്റ്റർ അനിമേറ്റർ-സി. ലിസ് മരിയ സിഎംസി, ലേ ആനി മേറ്റേർസ് – ജോസ് മാത്യു, സുനു സാജ്, ഫാമിലി കോർഡിനേറ്റർ – സിബി റ്റി. എം. & സുമ സിബി, പെർമനന്റ് ഇൻവൈറ്റി – അമല ട്രീസ ജയിംസ്.

2023-25 വർഷത്തെ പുതിയ പാലാ ഫാമിലി ടീം നിലവിൽ വന്നു. സിബി റ്റി. എം. & സുമ സിബി (കോർഡിനേറ്റിങ് ഫാമിലി), ടോമി ജോസഫ് & ബീന ടോമി (അസിസ്റ്റന്റ് കോർഡിനേറ്റിങ് ഫാമിലി), സതീഷ് ജോസ് & ടെസ് സതീഷ്, ബിനു പോൾ & സിൽജി ബിനു, സിബി വി. സി & മോളിയമ്മ സിബി, ജോണി തോമസ് & ലൈലാമ്മ ജോണി, ഷിനു ജോസഫ് & ജോമി ഷിനു, മാത്യു എം. കുര്യാക്കോസ് & ആഷ്ലി മാത്യു (എക്സ്. ഓഫിഷ്യോ), അഭിലാഷ് പി. ഡൊമിനിക് & ബ്രിജിത വി. ജെ. (സോണൽ ഇൻചാർജ് സെൻട്രൽ ടീം), ചാപ്ലിൻ-ഫാ. മാത്യു എണ്ണയ്ക്കാപള്ളി, ഷിബ്രീസ് കെ സെബാസ്റ്റ്യൻ (കോ ഓർഡിനേറ്റർ).

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളി** (ഡയറക്ടർ)

---

# കുടുംബക്കൂട്ടായ്മ

---

**പുതിയ രൂപതാഭാരവാഹികൾ**

ആനിമേറ്റർ-സി. ലിസി കല്ലാറ്റ് FCC, തീക്കോയി, പ്രസിഡന്റ്-സെബാസ്റ്റ്യൻ ജോസഫ് പയ്യാനിമണ്ഡപത്തിൽ, അൽഫോൻസാഗിരി, വൈസ് പ്രസിഡന്റുമാർ- സിജു അഗസ്റ്റ്യൻ വെള്ളപ്പാക്കിൽ, സേവ്യർപുരം, സിന്ധു ഷാജി ഇടയാനിക്കാട്ട്, കത്തീഡ്രൽ, പാലാ, സെക്രട്ടറി-ബാബു പോൾ പെരിയപ്പുറം, ഭരണങ്ങാനം, ജോയിന്റ് സെക്രട്ടറിമാർ -സണ്ണി ഫിലിപ്പോസ് വടക്കേടം, കുറിച്ചിത്താനം, ലൈസമ്മ ജോസ് കച്ചോലക്കാല, മുട്ടുചിറ, ട്രഷറർ – ദേവസ്യാച്ചൻ തെക്കേക്കരോട്ട്, ഉള്ളനാട്, കമ്മറ്റിയംഗങ്ങൾ : ജിമ്മി മ്ലാക്കുഴി, സിബിഗിരി, മുട്ടം, ലിറ്റിൽ ഫ്ളവർ, മൈലാടിയിൽ, മേവിട, ജോളി തോമസ്, വയലിൽകളപ്പുര, കത്തീഡ്രൽ, പാലാ, എക്സ് ഓഫീഷ്യൽസ്: തോമസ് വടക്കേൽ, മംഗളഗിരി, ജോണി സിറിയക് വേലംകുന്നേൽ, മൂന്നിലവ്.

**2.** ഇടവകകളിൽ ലീഡേഴ്സിനും വാർഡുതലത്തിലും നടത്തിയിരുന്ന ക്ലാസുകൾ പുനരാരംഭിച്ചു.

**3.** ക്രൈസ്തവരെയും സന്ന്യസ്തരെയും അപമാനിക്കുന്ന കക്കുകളി നാടകത്തിനെതിരേ കുടുംബക്കൂട്ടായ്മ പാലാ രൂപത എക്സിക്യൂട്ടിവ് കമ്മിറ്റി പ്രതി

ഷേധം രേഖപ്പെടുത്തി. ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ മറവിൽ നടക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ സമാധാനത്തിനു ഭീഷണിയാണെന്ന് പ്രമേയം അവതരിപ്പിച്ച് ബാബു പോൾ പറഞ്ഞു. ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ തോമസ് വടക്കേൽ, സെബാസ്റ്റ്യൻ ജോസഫ്, സിജു അഗസ്റ്റിൻ, സണ്ണി ഫിലിപ്പോസ് തുടങ്ങിയവർ സംസാരിച്ചു.

4. അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിലിന്റെ ദേഹവിയോഗത്തിൽ കുടുംബ ക്കൂട്ടായ്മ നേതൃയോഗം അനുശോചനം രേഖപ്പെടുത്തി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**മാർച്ച് 27-29** തീയതിയിലെ വിവാഹ ഒരുക്ക സെമിനാറിൽ 130 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ഏപ്രിൽ 3-5, 17-19, മെയ് 1-3, 15-17** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ഏപ്രിൽ മാസത്തിലെ പേരന്റ്സ് മീറ്റിങ്ങിൽ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. മീറ്റിങ്ങിൽ 225 മാതാപിതാക്കന്മാർ സംബന്ധിച്ചു.

## B. പിതൃവേദി

**1. രൂപതാസമിതി**

മാർച്ച് 11-ാം തീയതി ഉച്ചകഴിഞ്ഞ് ഷലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ രൂപതാസമിതി കൂടി.

**2. പ്രതിഷേധം**

ഫെബ്രുവരി 15-ാം തീയതി ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ പിതൃവേദി, മാതൃവേദി സംഘടനയുടെ ആഭിമുഖ്യത്തിൽ സന്ന്യാസത്തെ അപകീർത്തിപ്പെടുത്തുന്ന കക്കുകളി എന്ന നാടകത്തിനെതിരേ ജാഗ്രതാസമിതി രൂപീകരിക്കുകയും പ്രതിഷേധം അറിയിക്കുകയും ചെയ്തു.

**3. യൂണിറ്റ് പ്രസിഡന്റുമാരുടെ ചർച്ച**

മാർച്ച് 23-ാം തീയതി പാലാ ളാലം പാരീഷ് ഹാളിൽ വച്ച് പിതൃവേദിയുടെ എല്ലാ യൂണിറ്റ് പ്രസിഡന്റുമാരും ഒത്തുകൂടുകയും പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച നടത്തുകയും ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ ജോസഫ് വടക്കേലിന്റെ അധ്യക്ഷതയിൽ നടത്തിയ പരിപാടി പാലാ രൂപത വികാരി ജനറാൾ

വെരി റവ. ഫാ. ജോസഫ് മലേപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ആമുഖപ്രസംഗം നടത്തുകയും ഉാലം പള്ളി വികാരി വെരി റവ. ഫാ. ജോസഫ് തടത്തിൽ ആശംസ അർപ്പിച്ചു സംസാരിക്കുകയും ചെയ്തു.

**C. മാതൃവേദി**

**1. രൂപതാസമിതി**

ഫെബ്രുവരി 25-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ രൂപതാസമിതി കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**2. മേഖലാപ്രവർത്തനോദ്ഘാടനം**

ഫെബ്രുവരി 24 ന് മുട്ടുചിറ മേഖലാപ്രവർത്തനോദ്ഘാടനം രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നിർവഹിച്ചു. വികാരി വെരി റവ. ഫാ. അബ്രഹാം കൊല്ലിത്താനത്തുമലയിൽ സന്നിഹിതനായിരുന്നു.

മാർച്ച് 2-ാം തീയതി കോതനെല്ലൂർ വികാരി വെരി റവ. ഫാ. സെബാസ്റ്റ്യൻ പടിക്കക്കുഴുപ്പിലിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ട മേഖലാപ്രവർത്തനോദ്ഘാടനം രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നിർവഹിച്ചു. മേഖലാഭാരവാഹികൾ പരിപാടിയിൽ പങ്കെടുത്തു.

മാർച്ച് 3-ാം തീയതി ഭരണങ്ങാനത്ത് മേഖലാപ്രവർത്തനോദ്ഘാടനം രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നിർവഹിച്ചു. വികാരി വെരി റവ. ഫാ. സക്കറിയാസ് ആട്ടപ്പാട്ട് മുഖ്യപ്രഭാഷണം നടത്തി.

**3. വനിതാദിനാഘോഷം**

മാർച്ച് 8-ാം തീയതി അന്താരാഷ്ട്ര വനിതാദിനം ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് രൂപത പ്രസിഡന്റ് സിജി ലൂക്ക്സൺ പടന്നമാക്കലിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഏവർക്കും സ്വാഗതം ആശംസിക്കുകയും കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ പ്രൊഫ. ബിച്ചു എക്സ് മലയിൽ ഉദ്ഘാടനകർമ്മം നിർവഹിക്കുകയും സന്ദേശം നല്കുകയും ചെയ്തു. അമ്മമാരുടെ വിവിധ കലാപരിപാടികൾ ആഘോഷത്തെ മികവുറ്റതാക്കി. രൂപതാഭാരവാഹികളും മേഖലാ, യൂണിറ്റ് അംഗങ്ങളും പരിപാടികൾക്ക് നേതൃത്വം നല്കി.

**4. യൂണിറ്റ് പ്രവർത്തനോദ്ഘാടനം**

മാർച്ച് 11-ാം തീയതി ഭരണങ്ങാനം യൂണിറ്റ് പ്രവർത്തനോദ്ഘാടനവും രൂപത ഡയറക്ടറിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. രൂപത പ്രസിഡന്റ് സിജി ലൂക്ക്സൺ പടന്നമാക്കൽ പരിപാടിയിൽ പങ്കെടുത്തു. രൂപത സെക്രട്ടറി ഷേർളി ചെറിയാൻ ക്ലാസ്സെടുത്തു.

മാർച്ച് 19-ാം തീയതി ഇടമറ്റം യൂണിറ്റ് പ്രവർത്തനോദ്ഘാടനം നടത്തപ്പെട്ടു. രൂപത സെക്രട്ടറി ഷേർളി ചെറിയാൻ കുടുംബനവീകരണം മാതാക്കളിലൂടെ എന്ന വിഷയത്തിൽ മാതാക്കൾക്കായി ക്ലാസ്സെടുത്തു.

## D. പ്രോലൈഫ്

### 1. സമ്മേളനം

ഈ വർഷത്തെ ആഗോള പ്രോലൈഫ് ദിനത്തോടനുബന്ധിച്ച് മാർച്ച് 24-ാം തീയതി മാവേലിക്കര രൂപതാസ്ഥാനത്തു വച്ച് നടത്തപ്പെട്ട കെ.സി.ബി.സി പ്രോലൈഫ് സമിതിയുടെ സമ്മേളനത്തിന് പാലാ രൂപതയിൽനിന്ന് 5 പ്രോലൈഫ് പ്രവർത്തകർ പങ്കെടുത്തു.

### 2. സമ്മേളനം

മാർച്ച് 25-ാം തീയതി ഉച്ചകഴിഞ്ഞ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ പ്രോലൈഫ് സമിതിയുടെ മീറ്റിങ് നടത്തപ്പെട്ടു.

## E. സീറോ മലബാർ പാലാ മാട്രിമണി

### 1. ഡേറ്റ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക പത്രത്തിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരെഞ്ഞടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

## F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ — 9496571321

**G. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതി യായ മംഗല്യനിധിവഴി മാർച്ചുമാസത്തിൽ **മറ്റത്തിപ്പാറ** ഇടവകയിലെ പെൺകു ട്ടിക്കു വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**കർഷകസംഗമവും അവാർഡ് വിതരണവും**

കത്തോലിക്ക കോൺഗ്രസ് പാലാ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ 8-ാമത് അടുക്കളത്തോട്ടം 2022 മത്സരത്തിന്റെ വിജയികൾക്കുള്ള അവാർഡു വിതരണം രാമപുരം സെന്റ് അഗസ്റ്റ്യൻസ് പാരിഷ്ഹാളിൽ വച്ച് അഭി വന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. രൂപത പ്രസിഡന്റ് ശ്രീ എമ്മാനു വൽ നിധീരി അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, രാജീവ് കൊച്ചുപറമ്പിൽ, സാജ് അലക്സ്, എം.എം. ജേക്കബ്, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, റ്റോമി കണ്ണീറ്റുമ്യാലിൽ, എഡ്വിൻ പാപ്പാറ, ആൻസമ്മ സാബു തുടങ്ങിയവർ സംസാരിച്ചു. വിജയികൾ സകുടുംബം എത്തി യാണ് പിതാവിൽനിന്ന് സമ്മാനങ്ങൾ ഏറ്റുവാങ്ങിയത്.

**CAN പോസ്റ്റർ ഡിസൈനിങ് മത്സരം**

മദ്യത്തിനും മയക്കുമരുന്നിനും എതിരായി കുട്ടികളെ ബോധവത്കരിക്കുന്ന തിന്റെ ഭാഗമായി യൂത്ത് കൗൺസിലിന്റെയും വനിത കൗൺസിലിന്റെയും സംയു ക്താഭിമുഖ്യത്തിൽ നടത്തിയ പോസ്റ്റർ ഡിസൈനിംഗ് മത്സരത്തിൽ വിജയിക ളായ കുട്ടികൾക്കുള്ള അവാർഡുകൾ അഭിവന്ദ്യ പിതാവ് വിതരണം ചെയ്തു.

**അടുക്കളത്തോട്ടമത്സരം 2022 - രൂപതാതലവിജയികൾ**

കർഷകശ്രേഷ്ഠ പുരസ്കാരം - ബീന മാത്യു വെട്ടിക്കതടം, കാഞ്ഞിരത്താനം
രണ്ടാം സമ്മാനം - ബിന്ദു ജിമ്മി കോട്ടിരിക്കൽ, രാമപുരം
മൂന്നാം സമ്മാനം - റോസമ്മ ജോസ് എടാട്ട്, മലിഞ്ചിപ്പാറ
നാലാം സമ്മാനം - ബേബി ജോൺ കപ്പിലുമാക്കൽ, ചേന്നാട്
അഞ്ചാം സമ്മാനം - റൂബി റോബർട്ട് വെട്ടിക്കത്തടം, കാഞ്ഞിരത്താനം
ക്രമീകരണമികവ് - മേരി സിബി തുളുശ്ശേരിൽ, മുട്ടുചിറ
നൂതന കൃഷിരീതി - സാബു ജോസ് നെച്ചിമ്യാലിൽ, ഇലഞ്ഞി
യുവകർഷകൻ - അഭിഷേക് ജോഷി വലിയപറമ്പിൽ, രത്നഗിരി

**പ്രോത്സാഹനസമ്മാനങ്ങൾ**

സെലിൻ മോളി തടത്തിക്കുന്നേൽ, മരങ്ങാട്ടുപിള്ളി, മാത്യു ജോസഫ് കുഴി പറമ്പിൽ, കോതനല്ലൂർ, മാത്യു സി.സി. ചുള്ളിക്കൽ, കൂട്ടിക്കൽ, എം.എം. ജേക്കബ് മുണ്ടയ്ക്കൽ, പിഴക്, ലിസ്സി ജോണി തെക്കേൽ, കൊഴുവനാൽ, ലൈസമ്മ ജോസ് വട്ടുകുന്നേൽ, രാമപുരം, ജോയി ജോസഫ് തുണ്ടത്തിൽ, വെള്ളികുളം, ജെസ്സി

പാളിയിൽ കോതനല്ലൂർ, ജെയ്സമ്മ ജെയിംസ് പറയാംപറമ്പിൽ, മുത്തോലപുരം, ടോമി ജോസഫ് കുളത്തിനാൽ, മുണ്ടാങ്കൽ. ഏറ്റവും കൂടുതൽ മത്സരാർത്ഥികളെ പങ്കെടുപ്പിച്ച യൂണിറ്റ് - രാമപുരം

**കർഷകസംഗമം**

കർഷർ ഒന്നിച്ചുനിന്നാൽമാത്രമേ അവരുടെ അവകാശങ്ങൾ നേടിയെടുക്കാൻ സാധിക്കുകയെന്ന് ഒരിക്കൽക്കൂടി തെളിയിച്ചുകൊണ്ട് രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ കർഷകസംഗമം നടത്തി. മാർ ജോസഫ് കല്ലറങ്ങാട്ട് സംഗമം ഉദ്ഘാടനം ചെയ്തു. എമ്മാനുവേൽ നിധീരി അധ്യക്ഷത വഹിച്ചു. റവ.ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, രാജീവ് കൊച്ചുപറമ്പിൽ, സാബു അലക്സ്, റ്റോമി കണ്ണീറ്റുമ്യാലിൽ തുടങ്ങിയവർ സംസാരിച്ചു.

**പ്രതിഷേധിച്ചു**

വിശുദ്ധ കുരിശിനെയും സന്ന്യസ്തരെയും അവഹേളിച്ചുകൊണ്ട് ചിത്രങ്ങളും നാടകവും നടത്തി. ഒരു സമുദായത്തെ അപകീർത്തിപ്പെടുത്താൻ ശ്രമിക്കുന്ന പ്രവണതയ്ക്കെതിരേ പ്രതിഷേധിക്കുകയും പ്രമേയം പാസ്സാക്കുകയും ചെയ്തു. ശ്രീ. എമ്മാനുവേൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ശ്രീ സാജു അലക്സ് പ്രമേയം അവതരിപ്പിച്ചു. റവ.ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, രാജീവ് കൊച്ചുപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**പിന്തുണ പ്രഖ്യാപിച്ചു**

കർഷകർക്കുവേണ്ടിയും കാർഷികവിളകളുടെ വില ഉയർത്തുന്നതിനുവേണ്ടിയും കർഷകസമ്മേളനത്തിൽ ആവശ്യങ്ങൾ ഉന്നയിച്ച തലശ്ശേരി ആർച്ചു ബിഷപ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനെ ഒറ്റതിരിഞ്ഞ് ആക്രമിക്കുന്നതിനെതിരേ രൂപതാസമിതിയുടെ നേതൃത്വത്തിൽ പിതാവിന് പിന്തുണ പ്രഖ്യാപിച്ചു. എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, സാജു അലക്സ്, ജോൺസൺ വീട്ടിയാങ്കൽ തുടങ്ങിയവർ സംസാരിച്ചു.

**ആദരാഞ്ജലികൾ**

ചെങ്ങനാശ്ശേരി അതിരൂപത മുൻ മാർ ആർച്ചു ബിഷപ് അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ നിര്യാണത്തിൽ രൂപതാസമിതി അനുശോചനം രേഖപ്പെടുത്തി. പിതാവ് സഭയ്ക്കും സമുദായത്തിനും നല്കിയ ധീരമായ നേതൃത്വവും ലാളിത്യജീവിതവും അനുസ്മരിച്ചു. എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു.

രൂപതാഭാരവാഹികൾ ചങ്ങനാശ്ശേരിയിലെത്തി പിതാവിന് പ്രാർത്ഥനാഞ്ജലികൾ അർപ്പിച്ചു.

**പാറേമാക്കൽ ഗോവർണദോർ അനുസ്മരണം**

ധീരസഭാസ്നേഹിയായിരുന്ന പാറേമാക്കൽ തോമ്മാ ഗോവർണദോറിന്റെ 224-ാം ഓർമദിനാചരണസമ്മേളനം രാമപുരം മാർ ആഗസ്തീനോസ് കോളേജിൽവച്ചു സീറോ മലബാർ സഭ കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസിന്റെയും മാർ ആഗ

സ്തിനോസ് കോളേജിന്റെയും സംയുക്താഭിമുഖ്യത്തിലാണ് സമ്മേളനം സംഘടിപ്പിച്ചത്. രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ അധ്യക്ഷത വഹിച്ചു. എമ്മാനുവേൽ നിധീരി, ജോയി ജേക്കബ്, രാജീവ് കൊച്ചുപറമ്പിൽ, ജോസ് വട്ടുകുളം, സാജു അലക്സ്, അപ്പച്ചൻ കിഴക്കേക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.

**യൂണിറ്റ് വാർത്തകൾ**

**കാളികാവ്**

കാളികാവ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കുറവിലങ്ങാട് ചൈതന്യ ട്രസ്റ്റ് ഹോസ്പിറ്റലിന്റെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഡയറക്ടർ റവ.ഫാ. ജെയിംസ് വെട്ടുകല്ലേൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഭാരവാഹികളായ ജോസ് തോമസ്, സാജൻ വട്ടപ്പാറ, തമ്പി ഊരച്ചുപറമ്പിൽ, ഷിബു ഉപ്പക്കര തുടങ്ങിയവർ നേതൃത്വം വഹിച്ചു.

**കാഞ്ഞിരത്താനം**

യൂണിറ്റിന്റെ മാസമീറ്റിംഗ് പ്രസിഡന്റ് രാജ് തോമസ് നെടുമറ്റത്തിന്റെ അധ്യക്ഷതയിൽ നടത്തി. ഡയറക്ടർ റവ.ഫാ. ജെയിംസ് വയലിൽ സന്ദേശം നല്കി. സാധാരണയായി വലിയനോമ്പിൽ നടത്തുന്ന തീർത്ഥാടനം വലിയ ആഴ്ചയിൽ നടത്തുന്നതിനും ദേവാലയവും പരിസരങ്ങളും വൃത്തിയാക്കുന്നതിനു സേവന ദിനം ആചരിക്കുന്നതിനും തീരുമാനിച്ചു. ബാബു നടുവിലേക്കുറ്റ്, ഷാജി തോമസ്, ജോസ് വട്ടകുളം എന്നിവർ സംസാരിച്ചു.

**കുറവിലങ്ങാട്**

അംഗങ്ങളുടെ നേതൃത്വത്തിൽ ഉപയോഗയോഗ്യമായ വസ്ത്രങ്ങൾ പള്ളിയിൽ ശേഖരിച്ചു. വസ്ത്രങ്ങൾ തരംതിരിച്ച് വിവിധ അഗതിമന്ദിരങ്ങളിൽ വിതരണം ചെയ്തു.

ഒരു വൈദികവിദ്യാർത്ഥിയുടെ പഠനച്ചെലവുകൾ അംഗങ്ങളിൽനിന്നു സമാഹരിച്ച് നൽകുവാൻ തീരുമാനിച്ചു. യൂണിറ്റ് ഭാരവാഹികളായ ബ്രൈസ് ലൂക്കോസ്, റെജി പടിഞ്ഞാറേട്ട് തുടങ്ങിയവർ നേതൃത്വം നൽകി.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**മില്ലറ്റ് എക്സ്പോ 2023**

അന്താരാഷ്ട്ര മില്ലറ്റ് വർഷമായി 2023 ഐക്യരാഷ്ട്രസംഘടന ആചരിക്കുന്നതിന്റെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി മാർച്ച് 2,3,4 തീയതികളിൽ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് നബാർഡിന്റെ സഹകരണത്തോടെ മില്ലറ്റ് എക്സ്പോ എന്നപേരിൽ ചെറുധാന്യങ്ങളുടെ പ്രദർശനം, ബോധവത്കരണസെമിനാറുകൾ, പാചകപരിശീലനം, കലാപരിപാടികൾ എന്നിവ സംഘടിപ്പിച്ചു.

ആദ്യദിനമായ മാർച്ച് 2 ന് രാവിലെ മില്ലറ്റ് മിഷൻ കേരളായുടെ ആഭിമുഖ്യത്തിൽ പായസപാചകപരിശീലനം സംഘടിപ്പിച്ചു. തുടർന്ന്, വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ വച്ച് പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് എക്സ്പോ ഉദ്ഘാടനം ചെയ്തു. മോൻസ് ജോസഫ് എം.എൽ.എ., പാലാ മുനിസിപ്പാലിറ്റി ചെയർപേഴ്സൺ ജോസിൻ ബിനോ, ളാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റാണി ജോസ്, നബാർഡ് ജില്ലാ മാനേജർ റെജി വർഗീസ്, പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസി. ഡയറക്ടർമാരായ ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ, ഫാ. ജോസഫ് താഴത്തുവരിക്കയിൽ തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന്, ചെറുധാന്യത്തിലൂടെ ആരോഗ്യസുരക്ഷ എന്ന വിഷയത്തിൽ നടന്ന സെമിനാറിന് കിസാൻ സർവീസ് സൊസൈറ്റി പ്രസിഡന്റ് ജോയി മൂക്കൻതോട്ടം, ഭൂമിക ചെയർമാൻ എബി പൂണ്ടിക്കുളം തുടങ്ങിയവർ നയിച്ചു. തുടർന്ന് കോമഡി ഷോ നടന്നു.

മില്ലറ്റ് എക്സ്പോയുടെ രണ്ടാം ദിവസം രാവിലെ മില്ലറ്റ് സൂപ്പ്, മില്ലറ്റ് ബിരിയാണി എന്നിവയുടെ പാചകപരിശീലനം നടന്നു. തുടർന്നു നടന്ന സമ്മേളനത്തിന് വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ അധ്യക്ഷത വഹിച്ചു. കേരളാ ബാങ്ക് ഡയറക്ടർ ബോർഡ് മെമ്പർ ഫിലിപ്പ് കുഴികുളം ഉദ്ഘാടനം ചെയ്തു. മുത്തോലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രഞ്ജിത്ത് ജി. കരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മഞ്ജു ബിജു, കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൈനമ്മ ഷാജു, കടനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉഷ രാജു തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് ചെറുധാന്യക്കൃഷി എന്ന വിഷയത്തിൽ കോട്ടയം കൃഷിവിജ്ഞാന കേന്ദ്രം പ്രോഗ്രാം കോർഡിനേറ്റർ ഡോ. ജി. ജയലക്ഷ്മി ക്ലാസ് നയിച്ചു. ചെറുധാന്യങ്ങളുടെ ആരോഗ്യപരമായ പാചകം എന്ന വിഷയത്തിൽ ഓർഗാനിക് കേരള മെമ്പർ എം.എം. അബ്ബാസ് ക്ലാസ് നയിച്ചു. ഉച്ചകഴിഞ്ഞ് മില്ലറ്റ് ദി സൂപ്പർ ഫുഡ് എന്ന വിഷയത്തിൽ നടന്ന സെമിനാർ ജോസ് കെ. മാണി എം.പി. ഉദ്ഘാടനം ചെയ്തു. പാലാ സെന്റ് തോമസ് കത്തീഡ്രൽ പള്ളി വികാരി റവ.ഡോ. ജോസഫ് കാക്കല്ലിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർമാരായ ജോസ്മോൻ മുണ്ടയ്ക്കൽ, രാജേഷ് വാളിപ്ലാക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. നാടൻ പാട്ടിന്റെ ദൃശ്യാവതരണത്തോടെ രണ്ടാം ദിവസത്തെ പരിപാടികൾ സമാപിച്ചു.

സമാപനദിവസമായ മൂന്നാംദിവസം ചെറുധാന്യങ്ങളുടെ ആരോഗ്യപരമായ പാചകം, ചെറുധാന്യങ്ങളുടെ മൂല്യവർധനവും വിപണനവും എന്നീ വിഷയത്തിൽ സെമിനാർ നടന്നു. മില്ലറ്റ് മിഷൻ കേരളയുടെ കൺവീനർ നാസർ എഴുത്താനിക്കാട്ട്, എൽ. പങ്കജാക്ഷൻ എന്നിവർ ക്ലാസ് നയിച്ചു. പാലാ രൂപത പ്രൊക്യുറേറ്റർ ഫാ. ജോസ് മുത്തനാട്ട് യോഗത്തിന് അധ്യക്ഷത വഹിച്ചു.

വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിലിന്റെ അധ്യക്ഷതയിൽ നടന്ന സമാപനസമ്മേളനം മാണി സി. കാപ്പൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. കേരള സോഷ്യൽ സർവീസ് ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ മുഖ്യപ്രഭാഷണം നടത്തി.

**ഗുജറാത്ത് പഠനയാത്ര**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നബാർഡിന്റെ സഹകരണത്തോടെ 2023 മാർച്ച് 15,16 തീയതികളിൽ ഗുജറാത്തിലെ ആനന്ദിലുള്ള നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ് (NDDB) ആസ്ഥാനത്ത് പഠനപരിശീലന പരിപാടി സംഘടിപ്പിച്ചു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രോമോട്ടു ചെയ്യുന്ന പാലാഹരിതം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെയും ഫാത്തിമാപുരം ഫാർമേഴ്സ് ക്ലബിന്റെയും ആഭിമുഖ്യത്തിലാണ് പഠനയാത്ര സംഘടിപ്പിച്ചത്. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ നേതൃത്വത്തിലുള്ള 23 അംഗ കർഷകസംഘം ദ്വിദിന പരിശീലനപരിപാടിയിലും ഫീൽഡ് സന്ദർശനത്തിലും പങ്കെടുത്തു. മലയാളിയായ ഡോ. വർഗീസ് കുര്യൻ സ്ഥാപിച്ച, അമൂൽ ഫാക്ടറിയും NDDB വികസിപ്പിച്ച താരതമ്യേന ചെലവുകുറഞ്ഞ ബയോഗ്യാസ് പ്ലാന്റ് യൂണിറ്റായ ഫ്ളെക്സിബിൾ ബയോഗ്യാസ് പ്ലാന്റും യൂണിറ്റും സംഘാംഗങ്ങൾ സന്ദർശിച്ചു. കൂടാതെ, ബയോഗ്യാസിന്റെ സ്ളറിയും റോക്ക് ഫോസ്ഫേറ്റും ചേർത്ത് ജൈവവളം നിർമിക്കുന്ന ഫാക്ടറിയും സന്ദർശിച്ചു. മാർച്ച് 15, 16 തീയതികളിലെ പഠനയാത്രയ്ക്കുശേഷം 17,18,19 തീയതികളിലായി ഗുജറാത്ത് മിഷനിലെ വിവിധ മിഷൻ കേന്ദ്രങ്ങൾ സന്ദർശിച്ചു. ഫാ. മാത്യു വെങ്ങാലൂർ, ഫാ. ജെയിംസ് മടിക്കാങ്കൽ, ഫാ. ജോസഫ് കല്ലാച്ചേരി, ഫാ. പോൾ പാറയ്ക്കൽ, ഫാ. ജോർജ് നെല്ലിക്കൽ, ഫാ. മാത്യു പാലക്കാട്ടുകുന്നേൽ എന്നിവർ സംഘാംഗങ്ങൾക്ക് ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തു നൽകി.

**ജലദിനം ആചരിച്ചു**

ജൽജീവൻ മിഷൻ പദ്ധതിയുടെ നിർവഹണസഹായ ഏജൻസി എന്ന നിലയിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഈ വർഷത്തെ ലോകജലദിനം വിവിധ പരിപാടികളോടുകൂടി സംഘടിപ്പിച്ചു. ജലദിനാചരണത്തിന്റെ കോട്ടയം ജില്ലാതല ഉദ്ഘാടനവും ജലവിഭവപരിപാലനസെമിനാറും പാലാ കിഴതടിയൂർ ബാങ്കിന്റെ ഓഡിറ്റോറിയത്തിൽവച്ചു നടത്തപ്പെട്ടു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അധ്യക്ഷത വഹിച്ച സമ്മേളനം ജില്ലാ പഞ്ചായത്ത് അംഗം ശ്രീ രാജേഷ് വാളിപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി റാണി ജോസ് തദവസരത്തിൽ ജലസംരക്ഷണപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ജലനിധിയുടെ ടെക്നിക്കൽ ഡയറക്ടർ റ്റി.കെ. മണി, വാട്ടർ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ സുരേഷ് കുട്ടപ്പൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അസി. എം. ലൂക്കോസ്, ഐ.എസ്.എ പ്ലാറ്റ്ഫോം സംസ്ഥാന വൈസ് ചെയർമാൻകൂടിയായ ഡാന്റീസ് കൂനാനിക്കൽ, പ്ലാറ്റ്ഫോം ജില്ലാ സെക്രട്ടറി ശ്രീ പി.കെ. കുമാരൻ തുടങ്ങിയവർ ആശംസകൾ നേർന്നു. സമ്മേളനാനന്തരം മലപ്പുറം വർക്ക്മേറ്റ് സോഷ്യൽ സർവീസ് സൊസൈറ്റിയിലെ സാങ്കേതികവിദഗ്ധർ നയിച്ച നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പുതിയ ആപ്ലിക്കേഷനുകളുടെയും ഉപകരണങ്ങളുടെയും അവതരണക്ലാസും നടത്തപ്പെട്ടു. ജലദിനാചരണപരിപാടികളുടെ ഭാഗമായി വിവിധ ഗ്രാമപഞ്ചായത്തുകളിലും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി വ്യത്യസ്തങ്ങളായ ജലദിനാചരണപരിപാടികൾ സംഘടിപ്പിച്ചു. ജല

സംരക്ഷണപ്രതിജ്ഞ, ജലസൗഹൃദയാത്ര, ജലനടത്തം, ജലതരംഗം കൂട്ടായ്മ തുടങ്ങിയ വിവിധ പരിപാടികൾ വിവിധ ഗ്രാമപഞ്ചായത്തുകളിൽ സംഘടിപ്പിക്കുകയുണ്ടായി.

**സജീവം ലഹരിവിരുദ്ധയജ്ഞം**

കേരള കാത്തലിക് ബിഷപ്സ് കോൺഫ്രൻസും കാരിത്താസ് ഇന്ത്യയും കേരള സോഷ്യൽ സർവീസ് ഫോറവും സംയുക്തമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി 'സജീവം' ലഹരിവിരുദ്ധയജ്ഞത്തിന്റെ രൂപതാതല ഉദ്ഘാടനം 2023 മാർച്ച് 7 ന് പാലാ അൽഫോൻസാ കോളജിൽവച്ച് പാലാ രൂപതാമെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. കെ.എസ്.എസ്.എൽ. എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജേക്കബ് മാവുങ്കൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പാലാ ഡി.വൈ.എസ്.പി. എ.ജെ. തോമസ്, കോളജ് പ്രിൻസിപ്പൽ സി. ഡോ. റജീനാമ്മ ജോസഫ്, പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, മാതൃവേദി രൂപതാ ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിൽ, എസ്.എം.വൈ.എം. രൂപതാ ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ഫാ. ജോസഫ് പുലവയലിൽ, ഫാ. മാത്യു പുന്നത്താനത്തുകുന്നേൽ, ഡാന്റീസ് കൂനാനിക്കൽ, ഡിജി ലൂക്സൺ, ഡെൻജു ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് ലഹിവിരുദ്ധപ്രതിജ്ഞയും നടത്തി.

**വനിതാദിനാചരണം**

വനിതാദിനത്തിന്റെ ഭാഗമായി 'മയക്കുമരുന്നിനെതിരേ സ്ത്രീശക്തി' എന്ന മുദ്രാവാക്യവുമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി, മാതൃവേദി, എസ്.എം.വൈ.എം., ഡി.സി.എം.എസ്., വനിതാ സ്വാശ്രയസംഘങ്ങൾ, കോളജ് വിദ്യാർത്ഥിനികൾ എന്നിവരുടെ സഹകരണത്തോടെ അൽഫോൻസാ കോളജ് അങ്കണത്തിൽനിന്ന് ആരംഭിച്ച വനിതകളുടെ ഇരുചക്രവാഹനറാലി പാലാ ഡി.വൈ.എസ്.പി. എ.ജെ. തോമസ് ഫ്ളാഗ് ഓഫ് ചെയ്തു. ളാലം പള്ളി മൈതാനത്ത് വികാരി ഫാ. ജോസഫ് തടത്തിലിന്റെ നേതൃത്വത്തിൽ വരവേല്പു നല്കി.

**പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി**

പാലാ സോൺ വാർഷികവും വനിതാദിനാചരണവും ളാലം സെന്റ് മേരീസ് ചർച്ച് ഓഡിറ്റോറിയത്തിൽ സോൺ ഡയറക്ടർ ഫാ. ജോർജ് ഒഴുകയിലിന്റെ അധ്യക്ഷതയിൽ മാണി സി. കാപ്പൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ളാലം പഴയ പള്ളി വികാരി ഫാ. ജോസഫ് തടത്തിൽ അനുഗ്രഹപ്രഭാഷണവും പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണവും നടത്തി. പാലാ നഗരസഭ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ സാവിയോ കാവുകാട്ട്, റീജിയൻ കോർഡിനേറ്റർ ജോയി മടിക്കാങ്കൽ, സൗമ്യ ജെയിംസ് സോൺ കൺവീനർ സി.സി. ജോസഫ് മീനച്ചിൽ തുടങ്ങിയവർ ആശംസകളർപ്പിക്കുകയും ചെയ്തു. ബെസ്റ്റ് എസ്.എസ്. എസ്.എച്ച്.ജി. സമ്മാനദാനവും വിവിധ കലാപരിപാടികളും അവതരിപ്പിച്ചു.

**പി.എസ്.ഡബ്ല്യു.എസ്. മൂലമറ്റം സോൺ വാർഷികവും വനിതാദിനാചരണവും**

സോൺ ഡയറക്ടർ ഫാ. തോമസ് താന്നിമലയുടെ അധ്യക്ഷതയിൽ ഫൊറോന വികാരി ഫാ. കുര്യൻ കാലായിൽ ഉദ്ഘാടനം ചെയ്തു. പി.എസ്.ഡ

ബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണവും സി. ആൽഫി തോപ്പിൽ എസ്.എച്ച്. വനിതാദിനസന്ദേശവും ഫാ. എമ്മാനുവേൽ വരിക്കമാക്കൽ, ഫാ. അഗസ്റ്റിൻ കണ്ടത്തിൽകുടിയിൽ, ജോയി മടിക്കാങ്കൽ, ജിഷ സാബു, മേരി പോൾ, മാണി ജോസഫ് അറക്കുളം തുടങ്ങിയവർ പ്രസംഗിക്കുകയും വിവിധ മത്സരങ്ങളും സ്നേഹവിരുന്നും നടത്തപ്പെട്ടു.

**പി.എസ്.ഡബ്ല്യൂ.എസ്. രാമപുരം സോണൽ വാർഷികവും വനിതാദിനാചരണവും**

സോൺ രക്ഷാധികാരി റവ.ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേലിന്റെ അധ്യക്ഷതയിൽ പി.എസ്.ഡബ്ല്യൂ.എസ്.ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. പ്രൊഫ. ബ്രിൻസി ടോജോ വനിതാദിനസന്ദേശവും സോൺ ഡയറക്ടർ ഫാ. ജോസഫ് മണർകാട്ട് ആമുഖസന്ദേശവും നൽകി. റീജിയൻ കോർഡിനേറ്റർ ജോയി മടിക്കാങ്കൽ, സോൺ കോർഡിനേറ്റർ ആലീസ് ജോർജ്, സോൺ കോർഡിനേറ്റർ ബിനു മാണിമംഗലം തുടങ്ങിയവർ പ്രസംഗിച്ചു. ബെസ്റ്റ് എസ്. എസ്, എസ്.എച്ച്.ജി. വിവിധ മത്സരവിജയികൾക്ക് സമ്മാനവിതരണവും നടത്തി.

**ഭരണങ്ങാനം സോൺ**

ഭരണങ്ങാനം സോൺ വാർഷികവും വനിതാദിനാഘോഷവും ഭരണങ്ങാനം സെന്റ് മേരീസ് പാരിഷ് ഹാളിൽ വച്ചു നടന്നു. ഫൊറോനാപള്ളി വികാരി ഫാ. സഖറിയാസ് ആട്ടപ്പാട്ടിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ വച്ച് പി.എസ്.ഡബ്ല്യൂ.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസി സണ്ണി വനിതാദിന സന്ദേശം  നൽകി. സോൺ ഡയറക്ടർ ഫാ. ജിബിൻ ആനിത്തോട്ടത്തിൽ മുഖ്യ പ്രഭാഷണം നടത്തി. സെബാസ്റ്റ്യൻ പനയ്ക്കക്കുഴി, ഷീലാ ബെന്നി, സിബി കണിയാംപടി, ഡെയ്സമ്മ സെബാസ്റ്റ്യൻ തുടങ്ങിയവർ പ്രസംഗിച്ചു.

**കൂട്ടിക്കൽ സോൺ**

കൂട്ടിക്കൽ സോൺ വാർഷികവും വനിതാദിനാഘോഷവും കൂട്ടിക്കൽ സെന്റ് ജോർജ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽവച്ചു നടന്നു. സോൺ ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേമംഗലത്തിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനം കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സിന്ധു മുരളീധരൻ ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യൂ.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തി. ഷിജോ മാത്യു, സെലിൻ ജോർജ്, സിബി കണിയാംപടി തുടങ്ങിയവർ പ്രസംഗിച്ചു. ബെസ്റ്റ് എസ്.എച്ച്.ജി.കളെ ആദരിക്കൽ, കലാപരിപാടികൾ തുടങ്ങിയവ വാർഷികത്തിന്റെ ഭാഗമായി നടന്നു.

**കുറവിലങ്ങാട് സോൺ**

കുറവിലങ്ങാട് മേഖലയിലെ സ്വയംസഹായസംഘങ്ങൾ/ കർഷകദളങ്ങൾ എന്നിവയുടെ വാർഷികാഘോഷവും വനിതാദിനാചരണവും മാർച്ച് 10 വെള്ളി രാവിലെ 11 മണിക്ക് കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം പള്ളി പാരിഷ് ഹാളിൽ വച്ച് ആർച്ച് പ്രീസ്റ്റ് റവ.ഫാ. ഡോ. അഗസ്റ്റിൻ കൂട്ടിയാനിയുടെ അധ്യക്ഷതയിൽ കുറവിലങ്ങാട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനി

മത്തായി ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തി. സോണൽ ഡയറക്ടർ ഫാ. എമ്മാനുവേൽ കാഞ്ഞിരത്തുങ്കൽ ആശംസകളർപ്പിക്കുകയും ശ്രീമതി നിഷ ജോസ് കെ. മാണി വനിതാദിനസന്ദേശം നൽകുകയും ചെയ്തു. മലയാളിമങ്ക, നസ്രാണിമങ്ക, അടുക്കളറാണി മത്സരങ്ങൾ നടന്നു. മികച്ച സ്വാശ്രയസംഘമായി കൂടല്ലൂർ എസ്. എസിനെ തിരഞ്ഞെടുത്തു.

**മുട്ടുചിറ സോൺ**

മുട്ടുചിറ സോണിന്റെ വനിതാദിനാഘോഷവും വാർഷികവും ഹോളി ഗോസ്റ്റ് ഫൊറോന പള്ളി പാരിഷ് ഹാളിൽ വച്ച് 2023 മാർച്ച് 22 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 3 ന് സോണൽ രക്ഷാധികാരി റവ.ഫാ. അബ്രാഹം കൊല്ലിത്താനത്തുമലയിലിന്റെ അധ്യക്ഷതയിൽ കൂടിയയോഗത്തിൽ കടുത്തുരുത്തി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സൈനമ്മ ഷാജു ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തി. പരിപാടിയിൽ ശ്രീമതി ഡോ. ജാസ്മിൻ അലക്സ് വനിതാദിനസന്ദേശം നൽകി.

**ഇലഞ്ഞി സോൺ**

സോണൽ വാർഷികവും വനിതാദിനാഘോഷവും 2023 മാർച്ച് 11 ഉച്ചയ്ക്ക് 2.30 ന് ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ആൻഡ് പോൾസ് ചർച്ച് പാരിഷ് ഹാളിൽ വച്ച് റവ.ഫാ. ജോസഫ് ഇടത്തുപറമ്പിലിന്റെ (സോണൽ രക്ഷാധികാരി) അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ റവ.ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. സോൺ ഡയറക്ടർ റവ.ഫാ. പോൾ കുന്നുംപുറം ആമുഖപ്രഭാഷണം നടത്തുകയും ഡോ. ദിവ്യ സി. നായർ വനിതാ ദിനസന്ദേശം നൽകുകയും ചെയ്തു. കലാപരിപാടികൾ, വിവിധ പ്രമോട്ടർമാരെ ആദരിക്കൽ എന്നിവ നടത്തുകയുണ്ടായി.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)
**ഫാ. ജോസഫ് താഴത്തുവരിക്കയിൽ**
**ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ**
(അസി. ഡയറക്ടേഴ്സ്)

# ഡി.സി.എം.എസ്.

**മധ്യവേനലവധി ക്യാമ്പുകൾ – മുണ്ടുപാലം ബ്ലസ്സ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച്**

**1. ജീവിതദർശനക്യാമ്പ് (Juniors 1st batch) (2023 ഏപ്രിൽ 17 തിങ്കളാഴ്ച വൈകുന്നേരം 4 മണിമുതൽ 19-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണിവരെ)**

5, 6, 7 ക്ലാസ്സുകളിൽ പഠിക്കുന്ന ദളിത് കത്തോലിക്കാവിദ്യാർത്ഥികൾക്കായി ജീവിതദർശനക്യാമ്പ് മുണ്ടുപാലം ബ്ലസ്സ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്നതാണ്. പ്രസ്തുത ക്യാമ്പിലേക്ക് ആ ഇടവകയിലെ മുഴുവൻ ദളിത്

കത്തോലിക്കാവിദ്യാർത്ഥികളെയും പറഞ്ഞുവിടണമെന്ന് അഭ്യർത്ഥിക്കുന്നു. രജിസ്ട്രേഷൻ ഫീസ് : 200 രൂപ (ഒരാൾക്ക്), തീയതി, സമയം : 2023 ഏപ്രിൽ 17 തിങ്കളാഴ്ച വൈകുന്നരം 4 മണിമുതൽ 19-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണിവരെ.

**2. ജീവിതദർശനക്യാമ്പ് (Seniors 1st batch) (2023 ഏപ്രിൽ 24 തിങ്കളാഴ്ച വൈകുന്നേരം 4 മണിമുതൽ 26 ബുധനാഴ്ച വൈകുന്നേരം 4 മണിവരെ)**

8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന ദളിത് കത്തോലിക്കാവിദ്യാർത്ഥികൾക്കായി ജീവിതദർശനക്യാമ്പ് മുണ്ടുപാലം ബ്ലസ്സ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യുട്ടിൽവച്ചു നടത്തപ്പെടുന്നു. ആ ഇടവകയിലെ മുഴുവൻ ദളിത് കത്തോലിക്കാ വിദ്യാർത്ഥി കളെയും ഈ ക്യാമ്പിലേക്കു പറഞ്ഞുവിടണമെന്ന് അഭ്യർത്ഥിക്കുന്നു.

രജിസ്ട്രേഷൻ ഫീസ് : 200 രൂപ, തീയതി, സമയം : 2023 ഏപ്രിൽ 24 തിങ്കളാഴ്ച വൈകുന്നരം 4 മണിമുതൽ 26 ബുധനാഴ്ച വൈകുന്നേരം 4 മണിവരെ.

**3. കരിയർ ഗൈഡൻസ് ക്യാമ്പ് (2023 ഏപ്രിൽ 26 ബുധനാഴ്ച വൈകുന്നേരം 4 മണി മുതൽ 28-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണിവരെ)**

10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന ദളിത് കത്തോലിക്കാവിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് ക്യാമ്പ് മുണ്ടുപാലം ബ്ലസ്സ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യുട്ടിൽ വച്ച് നടത്തപ്പെടുന്നു. ആ ഇടവകയിലെ ദളിത് കത്തോലിക്കാവിദ്യാർത്ഥികളെ ഈ ക്യാമ്പിലേക്കു പറഞ്ഞുവിടണമെന്ന് അഭ്യർത്ഥിക്കുന്നു. രജിസ്ട്രേഷൻ ഫീസ്: 200 രൂപ, തീയതി, സമയം :2023 ഏപ്രിൽ 26 ബുധനാഴ്ച 4 മണിമുതൽ 28-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണിവരെ.

**4. ഉദ്യോഗസ്ഥരുടെ ട്രെയിനിംഗ് ക്യാമ്പ് (2023 മേയ് 1 തിങ്കളാഴ്ച വൈകുന്നേരം 4 മണി മുതൽ 3-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണിവരെ)**

പാലാ രൂപതയിലെ ഡി.സി.എം.എസ്. അംഗങ്ങളായുള്ള ഉദ്യോഗസ്ഥർക്കു വേണ്ടി ട്രെയിനിംഗ് ക്യാമ്പ് മുണ്ടുപാലം ബ്ലസ്സ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്നു. ഓഫീസിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരും രജിസ്റ്റർ ചെയ്യാത്തവരുമായ പ്രൈവറ്റ്, ഗവൺമെന്റ് ഉദ്യോഗസ്ഥർ പ്രസ്തുത ക്യാമ്പിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. രജിസ്ട്രേഷൻ ഫീസ് : 250 (ഒരാൾക്ക്), തീയതി, സമയം: 2023 മെയ് 1 തിങ്കളാഴ്ച വൈകുന്നേരം 4 മണിമുതൽ 3-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണിവരെ

**5. കരിയർ ഗൈഡൻസ് ക്യാമ്പ് (2023 മെയ് 3 ബുധനാഴ്ച വൈകുന്നേരം 4 മണി മുതൽ 5-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണിവരെ)**

ഡിഗ്രി, പി.ജി. ക്ലാസ്സുകളിൽ പഠിക്കുന്ന ദളിത് കത്തോലിക്കാ വിദ്യാർത്ഥി കൾക്കായി കരിയർ ഗൈഡൻസ് ക്യാമ്പ് മുണ്ടുപാലം ബ്ലസ്സ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യുട്ടിൽവച്ച് നടത്തപ്പെടുന്നു. ആ ഇടവകയിലെ ദളിത് കത്തോലിക്കാ വിദ്യാർത്ഥികളെ ഈ ക്യാമ്പിലേക്കു പറഞ്ഞുവിടണമെന്ന് അഭ്യർത്ഥിക്കുന്നു. രജിസ്ട്രേഷൻ ഫീസ് : 200 രൂപ. തീയതി, സമയം :2023 മെയ് 3 ബുധനാഴ്ച വൈകുന്നേരം 4 മണിമുതൽ 5-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണിവരെ.

**6. ഉദ്യോഗാർത്ഥികളുടെ ട്രെയിനിംഗ് ക്യാമ്പ് (2023 മെയ് 5 വെള്ളിയാഴ്ച വൈകുന്നേരം 4 മണി മുതൽ 7-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിവരെ)**

പാലാ രൂപതയിലെ ഡി.സി.എം.എസ്. അംഗങ്ങളായുള്ള ഉദ്യോഗാർത്ഥികൾക്കുവേണ്ടി ട്രെയിനിംഗ് ക്യാമ്പ് മുണ്ടുപാലം ബ്ലസ്സ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്നു. ഓഫീസിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരും രജിസ്റ്റർ ചെയ്യാത്തവരും, ഡിഗ്രി, റ്റി.റ്റി.സി, ബി.എഡ്, പി.ജി, ഇതരകോഴ്സുകൾ പൂർത്തിയാക്കിയവരുമായ ഉദ്യോഗാർത്ഥികൾ പ്രസ്തുത ക്യാമ്പിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. രജിസ്ട്രേഷൻ ഫീസ് : 200 (ഒരാൾക്ക്)

**7. സിവിൽ സർവ്വീസ് കോച്ചിംഗ് ക്യാമ്പ് (Future Stars) (2023 മെയ് 9 ചൊവ്വാഴ്ച വൈകുന്നേരം 4 മണിമുതൽ 11-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 4 മണിവരെ)**

5 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്കായി സിവിൽ സർവ്വീസ് കോച്ചിംഗ് ക്യാമ്പ് മുണ്ടുപാലം ബ്ലസ്സ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്നതാണ്. രജിസ്ട്രേഷൻ ഫീസ് : 200 (ഒരാൾക്ക്). തീയതി, സമയം : 2023 മെയ് 9 ചൊവ്വാഴ്ച വൈകുന്നേരം 4 മണി മുതൽ 11-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 4 മണിവരെ.

**8. വനിതാക്യാമ്പ് (2023 മേയ് 11 വ്യാഴാഴ്ച രാവിലെ 10 മണി മുതൽ 12-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണിവരെ)**

പാലാ രൂപതയിലെ ദളിത് കത്തോലിക്കാ വനിതകൾക്കുവേണ്ടി വനിതാക്യാമ്പ് മുണ്ടുപാലം ബ്ലസ്സ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടത്തപ്പെടുന്നു. പ്രസ്തുത പരിപാടിയിലേക്ക് ആ ഇടവകയിൽനിന്നു പരമാവധി ദളിത് കത്തോലിക്കാ വനിതകളെ പറഞ്ഞയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് രൂപത ഓഫീസിൽ തരേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് : 200. തീയതി, സമയം: 2023 മെയ് 11 വ്യാഴാഴ്ച രാവിലെ 10 മണിമുതൽ 12-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണിവരെ.

**9. യുവജനക്യാമ്പ് (2023 മേയ് 13 ശനിയാഴ്ച വൈകുന്നേരം 4 മണിമുതൽ 15-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 4 മണിവരെ)**

പാലാ രൂപതയിലെ ദളിത് കത്തോലിക്കാ യുവജനങ്ങൾക്കുവേണ്ടി യുവജനക്യാമ്പ് മുണ്ടുപാലം ബ്ലസ്സ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്നു. പ്രസ്തുത പരിപാടിയിലേക്ക് ആ ഇടവകയിൽനിന്നു പരമാവധി ദളിത് കത്തോലിക്കാ യുവജനങ്ങളെ പറഞ്ഞയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് രൂപത ഓഫീസിൽ തരേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് : 200. തീയതി, സമയം : 2023 മെയ് 13 ശനിയാഴ്ച വൈകുന്നേരം 4 മണി മുതൽ 15-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 4 മണിവരെ.

**10. റിസോഴ്സ് ടീം ട്രെയിനിംഗ് ക്യാമ്പ് (2023 മേയ് 16 ചൊവ്വാഴ്ച വൈകുന്നേരം 4 മണി മുതൽ 18-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 4 മണിവരെ)**

പാലാ രൂപതയിലെ ദളിത് കത്തോലിക്കാ യുവജനങ്ങൾക്കുവേണ്ടി റിസോഴ്സ് ടീം ട്രെയിനിംഗ് ക്യാമ്പ് മുണ്ടുപാലം ബ്ലസ്സ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച്

നടത്തപ്പെടുന്നു. പ്രസ്തുത പരിപാടിയിലേക്ക് ആ ഇടവകയിൽനിന്നു പരമാവധി ദളിത് കത്തോലിക്കാ യുവജനങ്ങളെ പറഞ്ഞയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് രൂപത ഓഫീസിൽ തരേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് : 200. തീയതി, സമയം : 2023 മേയ് 16 ചൊവ്വാഴ്ച വൈകുന്നേരം 4 മണി മുതൽ 18-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 4 മണിവരെ.

**രൂപത കമ്മിറ്റി**

2023 മാർച്ച് 5 ഞായറാഴ്ച രാവിലെ 10.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അദ്ധ്യക്ഷതയിൽ രൂപത കമ്മിറ്റി നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി. രൂപത സെക്രട്ടറി റിപ്പോർട്ട് വായിച്ചു, തുടർന്ന് ഖജാൻജി കണക്ക് അവതരിപ്പിച്ചു. കുട്ടികളുടെ ജീവിതദർശനക്യാമ്പുകളെക്കുറിച്ചും വിവിധ വിഷയങ്ങളെക്കുറിച്ചും ചർച്ച ചെയ്തു.

**രൂപത കൗൺസിൽ**

2023 മാർച്ച് 5 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 ന് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡി.സി.എം.എസ്. രൂപത കൗൺസിൽ നടത്തപ്പെട്ടു. രൂപത പ്രസിഡന്റ് ബിനോയ് ജോൺ അമ്പലംകട്ടയിൽ അധ്യക്ഷനായ യോഗത്തിൽ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖസന്ദേശം നൽകി. രൂപത ഓർഗനൈസർ ബേബി ആന്റണി പാറയ്ക്കൽ സ്വാഗതം അർപ്പിച്ചു. രൂപത സെക്രട്ടറി ബിന്ദു ആന്റണി റിപ്പോർട്ടും, രൂപത ഖജാൻജി മേരി എം.പി. ഫെബ്രുവരിമാസത്തെ കണക്കുകളും അവതരിപ്പിച്ചു.

**ഉദ്യോഗാർത്ഥി - ഉദ്യോഗസ്ഥരുടെ സമ്മേളനം**

പാലാ രൂപതയിലെ ഡി.സി.എം.എസ്. സംഘടനയിലുള്ള ഉദ്യോഗസ്ഥ - ഉദ്യോഗാർത്ഥി സമ്മേളനം 2023 മാർച്ച് 11-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് 1.30 ന് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച്, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ കൂടി. യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് കൂട്ടായ്മയുടെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു.

**യൗസേഫ് നാമധാരികൾക്ക് ആശംസകളർപ്പിച്ചു**

യൗസേഫ് നാമധാരികളായ പാലാ രൂപത മുൻ മെത്രാൻ അഭിവന്ദ്യ മാർ. ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ്, പാലാരൂപത പ്രോട്ടോസിഞ്ചെല്ലൂസ് റവ. ഫാ. ജോസഫ് തടത്തിൽ, രൂപത ചാൻസലർ ഫാ. ജോസഫ് കുറ്റ്യാങ്കൽ, ഫാ. ജോസഫ് മുത്തനാട്ട് എന്നിവരെ രൂപതാഭാരവാഹികൾ സന്ദർശിച്ച് ആശംസ കളർപ്പിച്ചു.

**സംസ്ഥാന ദ്വിദിന പഠനക്യാമ്പ്**

ദളിതർക്കുള്ള എല്ലാ ആനുകൂല്യങ്ങളും ദളിത് ക്രൈസ്തവർക്കും ലഭ്യ മാക്കണമെന്ന് കെസിബിസി പ്രസിഡന്റ് ആർച്ച് ബിഷപ് കർദിനാൾ മാർ ബസേ ലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ നാലാഞ്ചിറ മാർ ഇവാനിയോസ് കാമ്പ സിലെ റിന്യൂവൽ സെന്ററിൽ (ദേവദാസ് നഗറിൽ) കെസിബിസിഎസ് സി/എസ്ടി/

ബിസി കമ്മീഷന്റെയും ഡി.സി.എം.എസ്. സംസ്ഥാനസമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ദ്വിദിനപഠനക്യാമ്പ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വിശ്വാസത്തെ മുറുകെപ്പിടിച്ച് പ്രതിബന്ധങ്ങളെയും പ്രതിസന്ധികളെയും അതിജീവിക്കണമെന്ന് അധ്യക്ഷപ്രസംഗത്തിൽ കെസിബിസി എസ്‌സി/എസ്‌ടി/ബിസി കമ്മീഷൻ ചെയർമാൻ ബിഷപ് ഗീവർഗീസ് മാർ അപ്രേം പറഞ്ഞു. ജയിംസ് ഇലവുങ്കൽ സ്വാഗതവും ബിജി സാലസ് നന്ദിയും പറഞ്ഞു.

ഡി.സി.എം.എസ്. മുൻ സംസ്ഥാന ഡയറക്ടർ ഫാ. ജോൺ അരീക്കൽ ഡി.സി.എം.എസ്. മുൻ സംസ്ഥാന പ്രസിഡന്റ് പി.ഒ. പീറ്റർ എന്നിവർ നയരേഖ അവതരിപ്പിച്ചു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ഫാ. ജേക്കബ് പാലക്കാപ്പള്ളി, ഫാ. ജേക്കബ് പ്രസാദ്, ശ്രീ ഷിബു ജോസഫ്, സിബിസിഐ മുൻ എസ്‌സി/ബിസി കമ്മീഷൻ സെക്രട്ടറി ഫാ. ദേവസഹായ്‌രാജ്, ഫാ. ജെറി (ചെന്നൈ) എന്നിവർ വിവിധ വിഷയങ്ങളേക്കുറിച്ച് ക്ലാസ്സെടുത്തു. ഡി.സി.എം.എസ് സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, ഡി.സി.എം.എസ്. സംസ്ഥാന അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം, ഫാ. ഡി. ഷാജ്കുമാർ, പി.ജെ സ്റ്റീഫൻ, ഫാ. ജോൺ അരീക്കൽ, ജസ്റ്റിൻ പി. സ്റ്റീഫൻ, വിൻസെന്റ് ആന്റണി, ബിജി സാലസ്, ബിജു അരുവിക്കുഴി, ത്രേസ്യാമ്മ മത്തായി എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി.

മാർച്ച് 19-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 12.30 നു ചേർന്ന സമാപന സമ്മേളനം ബിഷപ് ഡോ. വിൻസെന്റ് സാമുവൽ ഉദ്ഘാടനം ചെയ്തു. വിവിധ രൂപത പ്രസിഡന്റുമാർ ആശംസകളർപ്പിച്ചു.

**ആദരാഞ്ജലികൾ അർപ്പിച്ചു**

ചങ്ങനാശ്ശേരി അതിരൂപത മുൻ ആർച്ച് ബിഷപ് മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകളിൽ (2023 മാർച്ച് 22 ചൊവ്വാഴ്ച) ഡി.സി.എം.എസ്. സംസ്ഥാന ഡയറക്ടറും കെ.സി.ബി.സി എസ്‌സി/എസ്‌ടി/ബിസി കമ്മീഷൻ സെക്രട്ടറിയുമായ ഫാ. ജോസ് വടക്കേക്കുറ്റ്, ഡി.സി.എം.എസ് പാലാ രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ എന്നിവർ പങ്കെടുത്തു.

ഡി.സി.എം.എസ്. രൂപത കമ്മിറ്റിയംഗമായ ബാബു പീറ്ററിന്റെ പിതാവിന്റെ നിര്യാണത്തിൽ ഡി.സി.എം.എസ്. രൂപത കമ്മിറ്റി അനുശോചനം രേഖപ്പെടുത്തി. ഡി.സി.എം.എസ്. രൂപത ഡയറക്ടറിന്റെ നേതൃത്വത്തിൽ ഭവനത്തിൽ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. രൂപത പ്രസിഡന്റ് ബിനോയ് ജോൺ, അമ്പലം കട്ടയിൽ, ഓർഗനൈസർ ബേബി ആന്റണി പാറയ്ക്കൽ, ശ്രീ പി. ഒ പീറ്റർ, സജി കാര്യാവുപറമ്പിൽ എന്നിവർ പ്രാർത്ഥനയിൽ പങ്കുചേർന്നു.

ഡി.സി.എം.എസ്. മുൻ സംസ്ഥാന ജനറൽ സെക്രട്ടറിയും നിലവിൽ സംസ്ഥാന കൗൺസിൽ അംഗവുമായിരുന്ന ഡേവിസ് ജോസഫ് മാളിയേക്കലിന്റെ (കറുകുറ്റി) മൃതസംസ്കാരശുശ്രൂഷകളിൽ ഡി.സി.എം.എസ്. സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യകാർമ്മികത്വം വഹിച്ചു. ശ്രീ ബേബി പാറയ്ക്കൽ, ശ്രീ പി.ഒ. പീറ്റർ പാറയിൽ, ശ്രീ സജി കാര്യാവുപറമ്പിൽ എന്നിവർ ചടങ്ങുകളിൽ പങ്കെടുത്തു.

**കെ.സി.എം.എസ്. സ്കോളർഷിപ്പ് വിതരണം ചെയ്തു.**

കേരളത്തിലെ സന്ന്യാസസഭാവിഭാഗങ്ങൾ ദളിത് കത്തോലിക്കാ കുട്ടികൾക്കു നൽകുന്ന കെസിഎംഎസ് സ്കോളർഷിപ്പ് പാലാ രൂപതാംഗങ്ങളായ ദളിത് കത്തോലിക്ക കുട്ടികൾക്ക് വിതരണം ചെയ്തു.

**അറിയിപ്പ്**

1. ഡി.സി.എം.എസ്. യൂണിറ്റ്, മേഖല, 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെയുള്ള വാർഷികറിപ്പോർട്ട്, കണക്ക് എന്നിവയും അതിന്റെ കോപ്പിയും യൂണിറ്റ് പ്രസിഡന്റ്, ഡയറക്ടറുടെ സാക്ഷിപ്പോടുകൂടി 2023 ഏപ്രിൽ 15 മുമ്പ് ഡി.സി. എം.എസ് പാലാ രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

2. കുടുംബസർവ്വേ പൂർത്തിയാക്കാത്ത യൂണിറ്റുകൾ ഏപ്രിൽ 30 മുമ്പ് സർവ്വേ പൂർത്തിയാക്കി ഡി.സി.എം.എസ്. രൂപത ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. ആവശ്യമുള്ള ഫാറം ഓഫീസിൽനിന്നു ഡി.സി.എം.എസ് യൂണിറ്റ് ഭാരവാഹികൾ വാങ്ങി ഭവനസന്ദർശനവും കുടുംബസർവ്വെയും നടത്തി യൂണിറ്റ് പ്രസിഡന്റ്, ഡയറക്ടറുടെ സാക്ഷിപ്പോടുകൂടി ഓഫീസിൽ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

1. ഡിസെയർ പ്രോജക്ടിന്റെ ഭാഗമായുള്ള മെഡിക്കൽ എക്വിപ്മെന്റ്സ് ലഭിച്ചു.
2. ഡിസെയർ പ്രോജക്ടിന്റെ ഭാഗമായി 5 വനിതകൾക്ക് പശുവിനെ വാങ്ങാനുള്ള സഹായം നൽകുവാൻ തീരുമാനമായി.
3. പുലിയന്നൂർ ഡി.സി.എം.ആർ സ്പെഷൽ സ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.
4. കാവാലി ഫാ. ബോഡ്വിംഗ് ഡേ കെയർ സെന്ററിൽ വാർഷികാഘോഷത്തിൽ പങ്കെടുത്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

1. ഡിസെയർ പ്രോജക്ടിന്റെ ഭാഗമായുള്ള മെഡിക്കൽ എക്വിപ്മെന്റ്സ് ലഭിച്ചു.

2. ഡിസെയർ പ്രോജക്ടിന്റെ ഭാഗമായി 5 വനിതകൾക്ക് പശുവിനെ വാങ്ങാനുള്ള സഹായം നൽകുവാൻ തീരുമാനമായി.

**3. ക്ഷേമപെൻഷനുകൾ**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി

4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെക്കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2023**

ബൈബിൾ സാധിക്കുന്ന വിധത്തിലെല്ലാം ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ലോഗോസ് ക്വിസ് ഈ വർഷം കൂടുതൽ ജനപങ്കാളിത്തത്തോടെ നടത്തുവാൻ എല്ലാ രൂപതകളും ഇടവകകളും പരിശ്രമിക്കണമെന്ന് കെ.സി.ബി.സി. ബൈബിൾ സൊസൈറ്റി താത്പര്യപ്പെടുന്നു.

ആയതിലേക്ക് ഇടവകാതല കോ-ഓർഡിനേറ്റേഴ്സിനെ വിളിച്ചുകൂട്ടി വിവിധങ്ങളായ കർമപരിപാടികൾ നേരത്തേതന്നെ ആരംഭിക്കുമല്ലോ. ഈ ഏപ്രിൽ മാസത്തിൽത്തന്നെ ഈ വർഷത്തെ പഠനവിഷയവും മറ്റു കാര്യങ്ങളും എല്ലാ കുടുംബയൂണിറ്റ് തലത്തിലും എത്തിക്കുകയും പഠിക്കുവാൻ അവസരമൊരുക്കുകയും ചെയ്യുമല്ലോ.

പഠനവിഷയം : ജോഷ്വാ 13-24, പ്രഭാഷകൻ 27-33
ലൂക്കാ 1-8, 2 കോറിന്തോസ് 1-6

പരീക്ഷാത്തീയതി : 2023 സെപ്റ്റംബർ 24

സമയം : 2.00 pm - 3.30 pm

രജിസ്ട്രേഷൻ ആരംഭിക്കുന്നത് : 2023 ജൂൺ 1

2023 ലെ ലോഗോസ് ക്വിസ് മത്സരത്തിൽ രൂപതയിലെ സാധിക്കുന്നത്ര ആളുകളെയും പങ്കെടുപ്പിക്കാൻ നമുക്ക് പരിശ്രമിക്കാം.

**പഠനസഹായി**

ലോഗോസ് ക്വിസ് 2023 ന്റെ പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ലോഗോസ് ക്വിസ് 2022**

ലോഗോസ് ക്വിസ് 2022 ന്റെ സമ്മാനങ്ങൾ ഇതുവരെ കൈപ്പറ്റാത്തവർ ഓഫീസിൽനിന്നു കൈപ്പറ്റേണ്ടതാണ്.

**ബൈബിൾ കോഴ്സ്**

രൂപതാ ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ബൈബിൾ കോഴ്സിന്റെ മാർച്ച് മാസത്തെ ക്ലാസ് 11 ന് നടന്നു. അടുത്ത ക്ലാസ് ഏപ്രിൽ 21 ന് നടക്കും.

**വിശുദ്ധനാട് തീർത്ഥാടനം**

പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ വിശുദ്ധനാട് തീർത്ഥാടനം സംഘടിപ്പിക്കുന്നു. 2023 മെയ് 18 ന് യാത്ര തിരിച്ച് 29 ന് തിരിച്ചെത്തുന്നു.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. മദ്ധ്യസ്ഥപ്രാർത്ഥന**

എല്ലാ ആഴ്ചകളിലും തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ ഷലോം പാസ്റ്ററൽ സെന്ററിൽ രൂപതയ്ക്കുവേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥന നടന്നു.

**2. തെരുവ് സുവിശേഷപോഷണം**

ജനുവരി 7, 10, 17, 22, 29 തീയതികളിൽ പൊന്തൻപുഴ പ്രദേശങ്ങളിൽ വചനപ്രഘോഷണം നടത്തി. റിട്ട. എസ്.ഐ. റ്റി.എം. മാത്യു ശുശ്രൂഷകൾക്കു നേതൃത്വം നൽകി. ജോബി മാത്യു, ജോയി ജേക്കബ്, മനോജ് എന്നിവർ പങ്കുചേർന്നു.

**3. നോമ്പുകാല ഇടവകധ്യാനങ്ങൾ**

മാർച്ച് 17,18,19 തീയതികളിൽ അൽഫോൻസാപുരത്തും 20,21,22 തീയതികളിൽ രത്നഗിരിയിലും 25, 26, 27 തീയതികളിൽ മുട്ടുചിറയിലും 28, 29, 30 തീയതികളിൽ വാക്കാടും നോമ്പുകാലധ്യാനങ്ങൾ നടത്തി.

**4.** ഈ മാസം 2, 9, 23 തീയതികളിൽ കരൂരും 31-ാം തീയതി ജെയ്ഗിരിയിലും സായാഹ്നകൺവൻഷനിൽ വചനം പങ്കുവച്ചു.

**5. ക്ലാസ്സ്**

28 ന് വിവാഹ ഒരുക്ക സെമിനാറിൽ ക്ലാസ്സെടുത്തു.

**6. പീഡാനുഭവസന്ദേശം**

24-ാം തീയതി വെള്ളിയാഴ്ചയും 31-ാം തീയതി നാല്പതാം വെള്ളിയാഴ്ചയും വല്യച്ചൻ മലയിൽ പീഡാനുഭവസന്ദേശം നൽകി.

**7. Holy Eucharistic Conference**

ഇവാഞ്ചലൈസഷൻ Holy Eucharistic family യുടെയും Divine Mercy Priest's of Holy Mary യുടെയും സംയുക്താഭിമുഖ്യത്തിൽ 25 ന് അൽഫോൻസിയൻ പാസ്റ്ററൽ സെന്ററിൽ വച്ച് ദിവ്യകാരുണ്യ കോൺഫറൻസ് സംഘടിപ്പിച്ചു. പ്രധാന വികാരി ജനറാൾ മോൺ ജോസഫ് തടത്തിൽ ഉദ്ഘാടനം ചെയ്തു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഫാ. കുര്യൻ മറ്റത്തിൽ, ഫാ. മാത്യു പുന്നത്താനത്തുകുന്നേൽ, ഫാ. സെന്നീസ് തെക്കുംചേരിക്കുന്നേൽ, ഫാ. മാർട്ടിൻ കല്ലറയ്ക്കൽ, ഫാ. ജോസ് തറപ്പേൽ, റവ. സിസ്റ്റർ ഷാൻ മരിയ SABS, ഡോ. ജോഷി, പ്രഫ. ജോൺ കക്കാട്ടിൽ, ഡോ. പ്രതീപ്, ഡോ. ജോസ്, അനിത ജോജി എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

**8. ജാഗ്രതാ കൺവൻഷൻ**

മാർച്ച് 12 ന് കൂട്ടിക്കൽ ഫൊറോന ജാഗ്രതാ കൺവൻഷൻ കൂട്ടിക്കൽ, ചോലത്തടം എന്നിവിടങ്ങളിൽ വച്ചും 25 ന് പൂഞ്ഞാർ ഫെറോന ജാഗ്രതാ കൺവൻഷൻ പൂഞ്ഞാർ, പെരിങ്ങുളം എന്നിവിടങ്ങളിലും വച്ച് നടത്തി.

**8. ഷാലോം ടെലിവിഷൻ**

ഈ വർഷത്തെ ഉയിർപ്പുതിരുനാൾ തിരുക്കർമ്മങ്ങൾ ഉൾപ്പടെ 6 പരിശുദ്ധ കുർബാനകളും 6 ആരാധനകളും അന്തീനാട് സെന്റ് ജോസഫ് ദേവാലയത്തിൽ വച്ച് റെക്കോർഡ് ചെയ്തു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. പാലാ കത്തീഡ്രലിൽ വെള്ളിയാഴ്ചശുശ്രൂഷകൾ**

ബഹുമാനപ്പെട്ട ഫാ. ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെയും കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു. മാർച്ച് മാസത്തിൽ സി. അൻസാ എസ്.എച്ച്., ബ്രദർ മാത്യു മാനത്തൂർ, ബ്രദർ ജോസ് ജോസഫ് കൂട്ടിക്കൽ, ബ്രദർ ലാലു പി.എസ്. പാലമറ്റത്തിൽ എന്നിവർ വചനശുശ്രൂഷയ്ക്കു നേതൃത്വം നൽകി.

**2. കരിസ്മാറ്റിക് സംഗമം**

പാലാ സോണൽ സേവനസമിതി ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ നേതൃത്വത്തിൽ പാലാ കിഴതടിയൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ച് മാർച്ച് 4 ആദ്യശനി 9 മണി മുതൽ 2 വരെ കരിസ്മാറ്റിക് സംഗമം നടത്തപ്പെട്ടു. ബ്രദർ തോമസ് കുര്യൻ ഇടവക പ്രയർ ഗ്രൂപ്പുകളെക്കുറിച്ച് പരിശീലനം നൽകി.

**3. കുരിശിന്റെ വഴി**

എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 9.30 വരെയും ഓൺലൈനിൽ കുരിശിന്റെ വഴി പ്രാർത്ഥന പാലാ സോണൽ സേവനസമിതി ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. അനേകം കുടുംബങ്ങൾ പങ്കെടുത്തു.

**4. രാത്രി ആരാധന**

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽവച്ചു നടന്നുവരുന്ന രാത്രി ആരാധന വൈകിട്ട് 7 മണി മുതൽ രാവിലെ 5 വരെ നടത്തപ്പെട്ടു. മാർച്ച് 25 ശനി റവ. ഫാ. റിന്റോ ജോസഫ് CMI (ജീവസ് ആശ്രമം, ആലുവ) വചനശുശ്രുഷയും ആരാധനയും നയിച്ചു.

തീർത്ഥാടനകേന്ദ്രം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, കരിസ്മാറ്റിക് രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, രൂപത സേവന സമിതിയംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**5. ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാർ (LSS)**

ഫിസിക്കലായി പൂഞ്ഞാർ, ഇലഞ്ഞി, തീക്കോയി എന്നി സബ് സോണുകളിൽ എല്ലാ ചൊവ്വ, വ്യാഴം, വെള്ളി എന്നീ ദിവസങ്ങളിൽ ഒരു മണി മുതൽ 4 മണി വരെയായി 7 ആഴ്ചകൾകൊണ്ട് പൂർത്തിയാകുന്ന സെമിനാർ നടന്നുകൊണ്ടിരിക്കുന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**1. പുതിയ യൂണിറ്റ്**

ഇടുക്കി ജില്ലാ ജയിലി(മുട്ടം)നോടുചേർന്ന് യൂണിറ്റ് ആരംഭിക്കുന്നതിന്റെ ഭാഗമായി മേഖലയിലെ ഇടവകകളിൽ സന്ദർശനം നടത്തി പ്രാരംഭക്രമീകരണങ്ങൾ നടത്തി.

**2. യൂണിറ്റ് സമ്മേളനം**

ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റ് അംഗങ്ങൾ ഒത്തുചേർന്ന് തുടർ പ്രവർത്തനങ്ങൾ, യൂണിറ്റ് തല മാസസമ്മേളനം, അംഗത്വനവീകരണം തുടങ്ങിയവയെ സംബന്ധിച്ചു ചർച്ച ചെയ്തു.

**3. ജയിൽ സന്ദർശനം**

വടവാതൂർ സെമിനാരിയിലെ വൈദികവിദ്യാർത്ഥികളായ ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തകർ ജീസസ് ഫ്രട്ടേണിറ്റി പാലായുടെ നേതൃത്വത്തിൽ പാലാ സബ് ജയിൽ, ഇടുക്കി ജില്ലാജയിൽ, മുട്ടം എന്നിവിടങ്ങളിൽ സന്ദർശനം നടത്തി ബോധവത്കരണ പ്രോഗ്രാമുകൾ നടത്തി.

**4. ബോധവത്കരണ ക്ലാസ്**

വടവാതൂർ സെമിനാരിയിൽനിന്ന് വന്ന ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങളായ വൈദികവിദ്യാർത്ഥികൾക്ക് ലഹരിയും കുറ്റകൃത്യങ്ങളും വിഷയത്തെക്കുറിച്ച് ബോധവത്കരണ ക്ലാസ് നടത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. ഫെബ്രുവരി 28 ന് വെകുന്നേരം ബിഷപ്സ് ഹൗസിൽ മാസധ്യാനത്തിനു വചനസന്ദേശം നൽകി.
2. മാർച്ച് 2 മുതൽ 6 വരെ മൗണ്ട് നെബോ ആബാഭവനത്തിൽവച്ച് ത്രിദിന ദൈവരാജ്യാവബോധധ്യാനം നടത്തി.

3. രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യ പ്രഘോഷണധ്യാനം - രാവിലെ 9 മണിമുതൽ മദ്ധ്യസ്ഥപ്രാർത്ഥന, 10 മണി മുതൽ അനുതാപശുശ്രൂഷ, നിയോഗസമർപ്പണശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക - കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം - മാർച്ച് 11 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്തി.
4. മാർച്ച് 14, 15 തീയതികളിൽ, ഗുഡ്നെസ്സ് ടെലിവിഷനുവേണ്ടി മുരിങ്ങൂർ ഡിവൈൻ റിട്രീറ്റ് സെന്ററിലെ സ്റ്റുഡിയോയിൽ വച്ച്, ഗുഡ്നെസ്സ് റ്റി.വി. യുടെ ഡിവൈൻ വോയ്സ് പരമ്പരയിൽ ആഴ്ചതോറും പ്രക്ഷേപണം ചെയ്യുന്നതിനായി അരമണിക്കൂർ വീതമുള്ള 19 ദൈവവചനപ്രഘോഷണപ്രഭാഷണങ്ങൾ റെക്കോർഡ് ചെയ്തു.
5. മാർച്ച് 17 മുതൽ 23 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.
6. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത രണ്ടു മാസത്തെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

| | | |
|---|---|---|
| 2023 ഏപ്രിൽ 1 | : | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2023 ഏപ്രിൽ 11-17 | : | പഞ്ചദിന ദൈവരാജ്യാഭിഷേകധ്യാനം |
| 2023 ഏപ്രിൽ 17-18 | : | യുവവൈദികരുടെ (പാലാരൂപത) തുടർപരിശീലനം- ബാച്ച് 1 |
| 2023 മെയ് 1-2 | : | യുവവൈദികരുടെ (പാലാ രൂപത) തുടർപരിശീലനം - ബാച്ച് 2 |
| 2023 മെയ് 4-10 | : | ആൻസില്ലെ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് ധ്യാനം |
| 2023 മെയ് 13 | : | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2023 മെയ് 16-22 | : | പഞ്ചദിന ദൈവരാജ്യാഭിഷേകധ്യാനം |
| 2023 ജൂൺ 10 | : | ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം |
| 2023 ജൂൺ 16-26 | : | നവദിന ദൈവരാജ്യാഭിഷേകധ്യാനം |

ബുക്കിംഗിന്: 9847472522

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറും മീറ്റിങ്ങുകളും പ്രാർത്ഥനക്കൂട്ടായ്മകളും നടന്നുവരുന്നു. സഭാംഗങ്ങൾ നോമ്പുകാലചൈതന്യം കാത്തുസൂക്ഷിച്ചുകൊണ്ട് ഉപവാസത്തിലും പ്രായശ്ചിത്തത്തിലും കുരിശിന്റെ വഴി പ്രാർത്ഥനകൾ നടത്തി തീർത്ഥാടനം നടത്തുന്നു.

**അരുവിത്തുറ വല്ല്യച്ചൻമല തീർത്ഥാടനം**

ഫ്രാൻസിസ്കൻ അല്മായ സഭ പാലാ രൂപതാസമിതി, അരുവിത്തുറ സെന്റ് ആന്റണീസ് റീജിയൻ അരുവിത്തുറ സെന്റ് ജോർജ് ഫൊറോന യൂണിറ്റ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വലിയനോമ്പിനോടനുബന്ധിച്ച് 25-03-2023

ശനിയാഴ്ച അരുവിത്തുറ വല്ല്യച്ചൻ മലയിലേക്ക് തീർത്ഥാടനം നടത്തി. അന്നേ ദിവസം രാവിലെ 8.30 ന് അരുവിത്തുറ പള്ളിയിൽനിന്നു ജപമാലപ്രദക്ഷിണം ആരംഭിക്കുകയും മലയടിവാരത്തിൽനിന്നു ആഘോഷമായ കുരിശിന്റെ വഴി പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ട് മലകയറ്റം നടത്തുകയും ചെയ്തു. മലയടിവാരത്തിൽനിന്നു ആരംഭിച്ച പരിഹാരപ്രദക്ഷിണത്തിന് സെന്റ് ജോർജ് ഫൊറോനാ പള്ളി വികാരി റവ.ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ അനുഗ്രഹസന്ദേശം നൽകി. കുരിശിന്റെ വഴി പ്രാർത്ഥനകൾക്ക് എസ്.എഫ്.ഒ. പാലാ രൂപത സ്പിരിചൽ അസിസ്റ്റന്റ് റവ.ഫാ. ആന്റണി വെച്ചൂർ OFM Cap. നേതൃത്വം നൽകി. തുടർന്ന് മലമുകളിലെ ദേവാലയത്തിൽ ദിവ്യബലി അർപ്പിക്കപ്പെടുകയും റവ.ഫാ. അമൽ OFM Cap. വചനസന്ദേശം നൽകുകയും ചെയ്തു. വി. കുർബാന അർപ്പണത്തിനു ശേഷം ഏവർക്കും നേർച്ചഭക്ഷണം വിതരണം നടത്തി. തീർത്ഥാടനത്തിനും തിരുക്കർമ്മങ്ങളുടെ ക്രമീകരണങ്ങൾക്കും എസ്.എഫ്.ഒ. പാലാ രൂപതാസമിതി ഭാരവാഹികളായ സോജൻ മാത്യു കോയിക്കൽ വാരപ്പറമ്പിൽ, തോമസ് മാത്യു മടിക്കാങ്കൽ, ടോമി കെ. മാത്യു കളപ്പുരയ്ക്കൽ, റോഷിൻ തോമസ് തോപ്പിൽ, റോസമ്മ ജോസ് വല്ലനാട്ട്, അന്നക്കുട്ടി തോമസ് പുത്തൻപറമ്പിൽ, ടോണി അഗസ്റ്റിൻ വലിയവീട്ടിൽ എന്നിവർ നേതൃത്വം നൽകി.

**ഫാ. ആന്റണി വെച്ചൂർ OFM Cap.** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. മീറ്റിങ്ങുകൾ**

10-3-2023 ൽ കോട്ടയത്തുവച്ചു നടന്ന ഡയറക്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

**2. ദീപികപത്രപ്രചരണം**

പ്ലാശനാൽ, വലവൂർ, പയസ്മൗണ്ട്, നരിയങ്ങാനം, കാക്കൊമ്പ് ഇടവകകളിൽ ഡി.എഫ്.സി വർക്ക് നടന്നു.

**3. ഇലക്ഷൻ**

ഭരണങ്ങാനം  ഫൊറോന ഇലക്ഷനും യൂണിറ്റ് ഇലക്ഷനും നടത്തി. ഭാരവാഹികളെ തിരഞ്ഞെടുത്തു.

**പുരുഷവിഭാഗം**

പ്രസിഡന്റ് : ചാക്കോച്ചൻ കളപ്പുര, പൈക
വൈസ് പ്രസിഡന്റ്: ജോണി വെച്ചൂർ, ഭരണങ്ങാനം
സെക്രട്ടറി : തോമസ് പി. മാത്യു, വിളക്കുമാടം
ജോയിന്റ് സെക്രട്ടറി: കുര്യാച്ചൻ കോക്കാട്ട്, വിളക്കുമാടം
ട്രഷറർ : തൊമ്മച്ചൻ പാറയിൽ, പ്ലാശനാൽ
എക്സിക്യൂട്ടിവ് മെമ്പേഴ്സ്: തോമാച്ചൻ പാലക്കുടിയിൽ, പൈക, ഷൈബി വർഗ്ഗീസ് ശകലാപുരിയിൽ, ഭരണങ്ങാനം, എബ്രാഹം പരുത്തിപ്പാറ, കിഴപറയാർ, രാജു കൊക്കപ്പുഴയിൽ

**വനിതാവിഭാഗം**

പ്രസിഡന്റ് ഡെയ്സമ്മ സെബാസ്റ്റ്യൻ ചൊവ്വാറ്റുകുന്നേൽ
വൈസ് പ്രസിഡന്റ് : മോളി ജോൺ കുന്നുംപുറത്ത്
സെക്രട്ടറി : ഷൈനി തോമസ് പൊറ്റോടത്തിൽ, വിളക്കുമാടം
ജോ. സെക്രട്ടറി : ആശ ബൈജു പുത്തൻപുരയിൽ, കിഴപറയാർ
ട്രഷറർ : മറിയക്കുട്ടി ദേവസ്യാ അരീക്കൽ, ചൂണ്ടച്ചേരി

**4. ദീപികപത്ര പ്രചരണം നടത്താൻ തീരുമാനിച്ച ഇടവകകൾ**

മലയിഞ്ചിപ്പാറ, കുന്നോന്നി, കാവുംകണ്ടം

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**1. പി.ഒ.സിയിൽ സെമിനാർ**

കർഷക പ്രശ്നങ്ങളെക്കുറിച്ചും സഭാനവീകരണത്തെക്കുറിച്ചും ചർച്ച ചെയ്യാൻ പി.ഒ.സിയിൽ മാർച്ച് 14 ന് യോഗം ചേർന്നു. റബ്ബർ വിലത്തകർച്ച, കാട്ടുമൃഗങ്ങളുടെ ശല്യം, ബഫർസോൺ, കർഷകകമ്പോളങ്ങളുടെ സാമ്പത്തിക തകർച്ച തുടങ്ങിയ വിഷയങ്ങൾ സെമിനാറിൽ അവതരിപ്പിക്കപ്പെട്ടു. നാഷണൽ ഡയറക്ടർ ജോസഫ് ചെറുകരക്കുന്നേലിന്റെ നേതൃത്വത്തിൽ പാലായിൽനിന്ന് അംഗങ്ങൾ പങ്കെടുത്തു.

**2. ഇൻഫാം സമ്മേളനം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ**

മാർച്ച് 30 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3 ന് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കൂടിയ ഇൻഫാം സമ്മേളനത്തിൽ റബർ വില 300 രൂപ കിലോയ്ക്ക് ലഭിക്കണമെന്ന ആവശ്യം ശക്തമായി ഉന്നയിക്കുകയും ഈ ആവശ്യം സർക്കാർ പക്കൽ അവതരിപ്പിക്കുകയും ചെയ്ത ആർച്ച് ബിഷപ് ജോസഫ് പാംപ്ലാനി പിതാവിനെ അനുമോദിച്ചു. കാർഷികപ്രശ്നങ്ങൾക്കു പരിഹാരം കാണാൻ ശക്തമായ മുന്നേറ്റം ആവശ്യമാണെന്ന് യോഗം വിലയിരുത്തി.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## സി. ശാലിനി എസ്.എം.എസ്.

പാലാ രൂപത കുടക്കച്ചിറ ഇടവകയിൽ പടിഞ്ഞാറേ കാഞ്ഞിരത്തിങ്കൽ മാത്യു-റോസമ്മ ദമ്പതികളുടെ 5 മക്കളിൽ ഇളയവളായി 1943 ജൂലൈ 17 ന് ഭൂജാതയായ സിസ്റ്റർ ശാലിനിക്ക് മാമ്മോദീസായിൽ ലഭിച്ച പേര് ത്രേസ്യ എന്നായിരുന്നു. നേഴ്സിംഗ് പൂർത്തിയാക്കി ജോലി ചെയ്തുവരവേ ദൈവത്തിന്റെ വിളിയുടെ സ്വരം ഉള്ളിൽ കേട്ട ത്രേസ്യ മടങ്ങിയെത്തി കൈപ്പൻപ്ലാക്കൽ ബഹുമാനപ്പെട്ട അബ്രഹാം അച്ചൻ അഗതികളുടെയും അശരണരുടെയും സംരക്ഷണം കാര്യക്ഷമമായി സ്വീകരിച്ച് ആരംഭിച്ച സ്നേഹഗിരി മിഷനറി സന്ന്യാസിനി സമൂഹത്തിന്റെ രണ്ടം ബാച്ചിൽ 1970 ൽ അർഥിനിയായി ചേർന്നു. 1972 ജൂൺ ഒന്നിന് ആദ്യവ്രതവും 1980 മെയ് 31 ന് നിത്യവ്രതവും സ്വീകരിച്ച് കർത്താവിനായി പൂർണമായി സമർപ്പിച്ച സിസ്റ്റർ ശാലിനിക്ക് 2022 ൽ വ്രതാർപ്പണത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യവും സിദ്ധിച്ചു. കോട്ടയം MOC യിൽ ഒരു വർഷത്തെ തിയോളജിപഠനം പൂർത്തിയാക്കി പാലാ കരുണാലയം മുണ്ടൻകുന്ന് സ്നേഹസദൻ, മണിയൻകുളം രക്ഷാഭവൻ, കൊഴുവനാൽ ഗേൾസ് ടൗൺ, നെന്മേനി ആശാഭവൻ, പെരിയപ്പുറം സ്നേഹഗിരി കോൺവെന്റ്, പാലാ സ്നേഹാലയം, എന്നിങ്ങനെ വിവിധ ഭവനങ്ങളിൽ അസിസ്റ്റന്റ് സുപ്പീരിയർ, നേഴ്സ്, നേഴ്സറി ടീച്ചർ, അക്കൗണ്ടന്റ്, സോഷ്യൽ വർക്കർ എന്നിങ്ങനെ വ്യത്യസ്ത തലങ്ങളിൽ തന്റെ ആത്മാർത്ഥമായ ശുശ്രൂഷകൾ കാഴ്ചവച്ചു. ബഹുമാനപ്പെട്ട ജോർജ് ചൂരക്കാട്ട് അച്ചനോടൊപ്പം പാലാ സ്നേഹാലയത്തിനടുത്തുള്ള ഡേവിസ് നഗറിലെ മക്കളുടെ ഉന്നമനത്തിനും വളർച്ചയ്ക്കും മാനസാന്തര

ത്തിനും, വിശ്വാസജീവിതത്തിനുംവേണ്ടി അക്ഷീണം യത്നിച്ച അമ്മ യായിരുന്നു സിസ്റ്റർ ശാലിനി. മായാത്ത പുഞ്ചിരി അധരത്തിൽ സൂക്ഷിച്ച് ദൈവസ്നേഹത്തിന്റെ അഗ്നി ഹൃദയത്തിൽ സൂക്ഷിച്ച് കണ്ടുമുട്ടിയവർ ക്കൊക്കെ ദൈവസ്നേഹത്തിന്റെ ഒരു ജീവിക്കുന്ന സാക്ഷിയായി മാറിയ ശാലിനിയമ്മ തന്റെ അവസാനകാലഘട്ടത്തിൽ പലവിധത്തിലുള്ള രോഗ ങ്ങളാൽ ശരീരം തളർന്നപ്പോഴും ആരോടും പരിഭവമില്ലാതെ ഒന്നിനും പരാതിയില്ലാതെ എല്ലാവരോടും സ്നേഹം മാത്രം സൂക്ഷിച്ചു ജീവിച്ചു. കഠിനവേദനകൾക്കു നടുവിലും മായാത്ത പുഞ്ചിരിയായിരുന്നു ശാലിനി യമ്മയുടെ മുഖമുദ്ര. ഒരാഴ്ചയായി രോഗാവസ്ഥ കഠിനമായതിനെ ത്തുടർന്ന് അന്ത്യകൂദാശകൾ നൽകപ്പെടുകയും മരിയൻ മെഡിക്കൽ സെന്ററിൽ അഡ്മിറ്റ് ആക്കുകയും ചെയ്തു. തീർത്തും അനാരോഗ്യ വതിയായി മാറിയ സിസ്റ്ററിന്റെ പാവനാത്മാവ് എല്ലാവരുടെയും പ്രാർ ത്ഥനാമധ്യേ 26.02.2023 രാവിലെ 9 ന് സ്വർഗ്ഗത്തിലെ മണവാളന്റെ പക്ക ലേക്കു യാത്രയായി. അന്നേദിവസം തന്നെ സിസ്റ്ററിന്റെ മൃതദേഹം പാലാ സ്നേഹാലയം ചാപ്പലിൽ പൊതുദർശനത്തിനായി വച്ചു. 27.2.2023 രാവിലെ 9 മണിക്ക് പാലാ രൂപത വികാരി ജനറാൾ പെരിയ ബഹുമാ നപ്പെട്ട സെബാസ്റ്റ്യൻ വേത്താനത്ത് അച്ചന്റെ മുഖ്യകാർമികത്വത്തിൽ ദിവ്യ ബലി അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് മൃത ദേഹം ളാലം പഴയ പള്ളിയിലേക്ക് സംവഹിക്കപ്പെട്ടു. പള്ളിയിൽ നടന്ന ശുശ്രൂഷകൾക്ക് പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് ബഹുമാനപ്പെട്ട മോൺ. ജോസഫ് തടത്തിൽ അനുശോചന സന്ദേശം നൽകി. തുടർന്ന് ളാലം പഴയപള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. സ്വർഗ്ഗത്തിലെ നല്ല ദൈവം തന്റെ വലതുഭാഗത്ത് ഈ പുണ്യജീവിതത്തെക്കൂടി ചേർത്തു വയ്ക്കാൻ നമുക്കു പ്രാർത്ഥിക്കാം. ശാലിനിയമ്മയോട് നമുക്കു പ്രാർ ത്ഥിക്കാം.



## സി. റോസ്ലിറ്റ് ചൂരപന്തിയിൽ SMC

പാലാ രൂപത, ചേർപ്പുങ്കൽ ഇടവക പരേതരായ ചൂര പന്തിയിൽ ജോസഫ് - ത്രേസ്യാമ്മ ദമ്പതികളുടെ എട്ട് മക്കളിൽ മൂത്തപുത്രിയായി 1937 ജൂലൈ 1-ാം തീയതി റോസക്കുട്ടി (സി.റോസ്ലിറ്റ്) ജനിച്ചു. 1973-ൽ മൂലമറ്റ ത്തുള്ള നമ്മുടെ മാതൃഭവനത്തിൽ അംഗമായി ചേർന്ന റോസക്കുട്ടി പ്രാർത്ഥനയും പ്രവർത്തനവും സമഞ്ജസമായി സമ്മേളി പ്പിച്ച സന്ന്യാസപരിശീലനകാലഘട്ടത്തിനുശേഷം 1975 മെയ് 21 ന് ആദ്യ വ്രതവാഗ്ദാനത്തിലൂടെ സെന്റ് മർത്താസ് സന്ന്യാസസമൂഹത്തിലെ അംഗ

മാവുകയും സി. റോസ്‌ലിറ്റ് എന്ന പേര് സ്വീകരിക്കുകയും ചെയ്തു. സ്വതഃസിദ്ധമായ ധാരാളം കലാപരമായ കഴിവുകൾ ഉണ്ടായിരുന്ന സി. റോസ്‌ലിറ്റ് അധ്യാപനരംഗത്തും, തയ്യൽമേഖലയിലും, ചെണ്ട്, മുടി തുടങ്ങിയവ ഉണ്ടാക്കുന്നതിലും, ദേവാലയസംഗീതം, പള്ളിയലങ്കാരങ്ങൾ എന്നിവയിലും തന്റെ പ്രാവീണ്യം തെളിയിച്ചു. 1981 മെയ് 04 ന് നിത്യവ്രതവാഗ്ദാനം നടത്തി ഈശോയുടെ സ്വന്തമായി.

സി. റോസ്‌ലിറ്റ് കുടയത്തൂർ, അമനകര, ചെങ്ങളം, കുമാരനെല്ലൂർ, പാലാ എന്നിവിടങ്ങളിൽ സ്തുത്യർഹമായ രീതിയിൽ സേവനം അനുഷ്ഠിച്ചിട്ടുൺണ്ട്. ആരുടെയും കുറവുകൾ അന്വേഷിക്കാതെ ഈശോയുടെ സ്നേഹം എല്ലാവർക്കും പകർന്നുനല്കിയ ദൈവത്തിന്റെ വയലിലെ നല്ല വേലക്കാരിയായിരുന്ന റോസ്‌ലിറ്റമ്മ ആയിരുന്ന സ്ഥലങ്ങളിലെല്ലാം ഉത്സാഹത്തോടും തീക്ഷ്ണതയോടുംകൂടി സ്നേഹപൂർവ്വം മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യാനും, എല്ലാവരെയും സഹായിക്കാനും സഹകരിപ്പിക്കാനും, എല്ലാ ഭവനങ്ങളിലും സങ്കീർത്തിജോലി ഏറ്റെടുത്തു ഭംഗിയായി ചെയ്യാനും എന്നും മുൻപന്തിയിലായിരുന്നു. അതുപോലെ, നലംതികഞ്ഞ ഒരു നേഴ്സറി ടീച്ചറും, പഠനത്തിൽ പിന്നാക്കംനിന്നിരുന്ന പാവപ്പെട്ട കുട്ടികൾക്ക് റ്റ്യൂഷൻ എടുത്ത് കൊടുത്തിരുന്ന നല്ലയൊരു അധ്യാപികയും, ഇടവകകളിൽ പ്രഥമദിവ്യകാരുണ്യം സ്വീകരിക്കാൻ കുട്ടികളെ ഒരുക്കുന്നതിലും വിശ്വാസപരിശീലനരംഗത്തും വളരെ ആത്മാർത്ഥമായി ശുശ്രൂഷ ചെയ്ത വ്യക്തിയുമായിരുന്നു. വാർദ്ധക്യകാലത്തിൽ മുഴുവൻ സമയവും ദിവ്യകാരുണ്യസന്നിധിലായിരുന്നുകൊണ്ട് ഈശോയുമായി സംഭാഷിക്കുന്നതിലും മറ്റുള്ളവരുടെ ആവശ്യങ്ങൾ ദൈവസന്നിധിയിൽ സമർപ്പിച്ച് മാധ്യസ്ഥ്യം അപേക്ഷിക്കുന്നതിലും സന്തോഷം കണ്ടെത്തിയിരുന്ന റോസ്‌ലിറ്റമ്മ പ്രാർഥനയുടെ ഒരു വ്യക്തിയായിരുന്നു.

കഴിഞ്ഞ കുറെ വർഷങ്ങളായി കുടയത്തൂരിൽ വിശ്രമജീവിതം നയിച്ചുവന്നിരുന്ന റോസ്‌ലിറ്റമ്മ ശാരീരികാസ്വസ്ഥതകളും, വേദനകളും സഹനങ്ങളും മറ്റുള്ളവരെ അധികം അറിയിക്കാതെ, തന്നെ സന്ദർശിക്കുവാൻ വരുന്നവരെ എപ്പോഴും പുഞ്ചിരിയോടെ സ്വീകരിച്ചിരുന്നു. പല ശാരീരിക അസ്വസ്ഥതകളുമുണ്ടായിരുന്ന റോസ്‌ലിറ്റമ്മ പാലാ മരിയൻ, മൂലമറ്റം ബിഷപ് വയലിൽ മുതലായ ആശുപത്രികളിൽ ചികിത്സ തേടിയിരുന്നു. അവസാനം എല്ലാ അസ്വസ്ഥതകളിൽനിന്നും വിടുതൽ നേടി 2023 മാർച്ച് 10-ന് വൈകുന്നേരം 5.30 ന് ഉണ്ടായ സൈലന്റ് അറ്റാക്ക് മൂലം കർത്താവ് ഒരുക്കിയ നിത്യസമ്മാനം വാങ്ങുന്നതിനായി സന്തോഷത്തോടെ യാത്രയായി.

2023 മാർച്ച് 11 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് കുടയത്തൂർ ഭവനത്തിൽ റോസ്‌ലിറ്റമ്മയുടെ സഹോദരികളുടെ പുത്രന്മാരായ ബഹു. ജോസി താമരശേരിയച്ചനും (CMI), ബഹു. ജോയി ചൂരപന്തിയിലച്ചനും (OCD), കസിൻ, ബഹു. ജെയിംസ് പുലിയുറുമ്പിലച്ചനും ചേർന്ന് അർപ്പിച്ച സമൂഹബലിയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. ഭവനത്തിലെ പ്രാർത്ഥനശുശ്രൂഷകൾക്കുശേഷം ദേവാലയത്തിലെ കർമ്മങ്ങൾക്ക് പാലാ രൂപത വികാരി ജനറാൾ പെരിയ ബഹു. മോൺ ജോസഫ് തടത്തിലച്ചൻ മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് മൃതദേഹം കുടയത്തൂർ സെന്റ് അഗസ്റ്റ്യൻസ് ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.



## സി. വില്യം ഡോയിൽ പ്ലാക്കൂട്ടം എസ്.എച്ച്.

പാലാ രൂപത മേലുകാവുമറ്റം ഇടവകയിൽ പുരാതനവും പ്രശസ്തവും ദൈവവിളികളാൽ അനുഗൃഹീതവുമായ പ്ലാക്കൂട്ടം കുടുമ്പത്തിൽ ലൂക്കോസ് - ഏലി ദമ്പതികളുടെ എട്ടു മക്കളിൽ ഏഴാമത്തെ പുത്രിയായി 1931 ഫെബ്രുവരി 6 ന് ഡോയിലമ്മ ഭൂജാതയായി. മാമ്മോദീസായിൽ ലഭിച്ച പേര് മറിയം എന്നായിരുന്നു. സാമാന്യ വിദ്യാഭ്യാസത്തിനുശേഷം 1956 ൽ പാലാ തിരുഹൃദയമഠത്തിൽ അർത്ഥിനിയായി ചേർന്നു. സന്ന്യാസപരിശീലനത്തിനുശേഷം 1957 ഏപ്രിൽ 13 ന് പ്രഥമ വ്രതവാഗ്ദാനവും 1960 മെയ് 12 ന് നിത്യവ്രതവാഗ്ദാനവും നടത്തി ഈശോയുടെ തിരുഹൃദയത്തിന്റെ സ്വന്തമായി. മേലുകാവ്, ചക്കാമ്പുഴ, വയല, മൂലമറ്റം, രാമപുരം, തുരുത്തിപ്പള്ളി, നീലൂർ എന്നീ ഭവനങ്ങളിലായിരുന്നുകൊണ്ട് 66 വർഷത്തെ സന്ന്യാസജീവിതം അർത്ഥപൂർണമായി ഡോയിലമ്മ ജീവിച്ചു.

ഫാർമസിസ്റ്റായി ഹോസ്പിറ്റലുകളിൽ ശുശ്രൂഷ ചെയ്തുതുടങ്ങിയ ഡോയിലമ്മ എല്പിച്ച ഉത്തരവാദിത്വങ്ങൾക്കുമപ്പുറം ഒരമ്മയായി. സഹോദരിയുടെ ലളിതമായ ജീവിതശൈലി, അതിഥി സത്കാരം, ഇടവകയിലെ സജീവപ്രവർത്തക, ദേവാലയത്തിലെ വിശുദ്ധ വസ്തുക്കളുടെ സൂക്ഷിപ്പുകാരി, കുടുംബക്കൂട്ടായ്മകളിലെ മുടങ്ങാത്ത സാന്നിധ്യം എന്നീ നന്മകളെല്ലാം അമ്മയെ സ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും ആൾരൂപമാക്കി.

തന്റെ 92-ാം വയസ്സിലും ശുശ്രൂഷാമേഖലയിൽ തീക്ഷ്ണതയോടെ മുന്നേറിക്കൊണ്ടിരുന്ന ഡോയിലമ്മ, സ്ട്രോക്ക് മൂലമുണ്ടായ വീഴ്ചയെത്തുടർന്ന് ബോധരഹിതയായി. വിദഗ്ധമായ ചികിത്സകൾ നൽകിയെങ്കിലും സൗഖ്യജീവിതത്തിലേക്ക് കടന്നുവരാതെ തന്റെ സഹനങ്ങളെല്ലാം

ചേർത്തു സമർപ്പിച്ചു. 2023 മാർച്ച് 7 ന് പ്രിയപ്പെട്ടവരുടെയെല്ലാം പ്രാർത്ഥനനാമധ്യേ ഡോയിലമ്മയുടെ പാവനാത്മാവ് ശാന്തമായി തിരുഹൃദയനാഥനിൽ വിലയം പ്രാപിച്ചു. 8-ാം തീയതി ഉച്ചകഴിഞ്ഞ് 2 ന് വിശുദ്ധ കുർബാനയോടെ മേലുകാവ് മഠം ചാപ്പലിൽ മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിലിന്റെ പ്രധാന കാർമികത്വത്തിൽ മൃതദേഹം മേലുകാവ് സെന്റ് തോമസ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## MARCH 2023

| | | |
|---|---|---|
| 01 | 10.00 am | മൂലമറ്റം സെന്റ് ജോർജ് UP സ്കൂളിന്റെ വാർഷികസമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| | 2.30 pm | കാപ്പുന്തല ബേസ് അപ്രേം നസ്രാണി ദയറായിൽ സംഘടിപ്പിക്കപ്പെട്ട സുറിയാനിസമ്മേളനത്തിൽ പങ്കെടുത്തു. |
| 02 | 2.30 pm | പാലായിൽ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട മില്ലെറ്റ്സ് എക്സ്പോയുടെ ഉദ്ഘാടനം നിർവഹിച്ചു. |
| | 8.30 pm | ബിഷപ്സ് ഹൗസിൽ പാലാ സിവിൽ സർവീസ് ട്രസ്റ്റിന്റെ ഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 03 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 04 | 10.15 am | കാഞ്ഞിരമറ്റം ലിറ്റിൽ ഫ്ളവർ LP സ്കൂളിന്റെ ശതാബ്ദി സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 2.30 pm | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ രൂപതയിലെ അല്മായ ദൈവശാസ്ത്രപഠനകേന്ദ്രം AARScൽനിന്ന് അല്മായദൈവശാസ്ത്ര ബിരുദകോഴ്സ് (BARSc) പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ നൽകി. |
| | 5.00 pm | നെല്ലാപ്പാറ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തി. ഭവനസന്ദർശനം നടത്തി. പ്രതിനിധിയോഗത്തിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 05 | 7.45 am | നെല്ലാപ്പാറ ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തി. വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. പൊതുയോഗത്തിൽ സംബന്ധിച്ചു. |
| | 1.15 pm | അടുക്കം ഇടവകപ്പള്ളിയിൽ സന്ദർശനം നടത്തി. |
| | 4.00 pm | പാദുവ ഇടവകയിൽ ശ്രീ ജോ സെബാസ്റ്റ്യന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ നേതൃത്വം നൽകി. |
| 06 | 9.00 am | പാലയ്ക്കാട്ടുമല എസ്എംഎസ് പ്രൊവിൻഷ്യൽ ഹൗസിൽവച്ചു നടത്തപ്പെട്ട സിനാക്സിസിൽ പങ്കെടുത്ത് സന്ദേശം നൽകി. |
| | 3.00 pm | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം അർക്കദിയാക്കോൻ തീർത്ഥാടന ദൈവാലയത്തിൽ ശ്രീമതി ആലീസ് ആന്റണിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 5:00 pm | പാലാ ഫ്രാൻസിസ്കൻ മിണ്ടാമഠത്തിൽ സന്ദർശനം നടത്തി. |
| 07 | 9.00 am | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2.30 pm | പാലാ അൽഫോൻസാ കോളേജിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സംഘടിപ്പിച്ച സജീവം ലഹരിവിരുദ്ധയജ്ഞത്തിന്റെയും വനിതകളുടെ ഇരുചക്രവാഹനറാലിയുടെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിച്ചു. |
| 08 | 11.45 am | കൂട്ടിക്കൽ ഫൊറോനയിൽ ശ്രീ മാത്യു സ്കറിയ പൊട്ടംകുളത്തിന്റെ മരണവാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. |
| 10 | 9.00 am | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |

| | | |
|---|---|---|
| | 10.30 am | പാലാ സെന്റ് തോമസ് TTI യിൽ വച്ച് നടന്ന പാലാ കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി യുടെ അഭിമുഖ്യത്തിൽ സംഘടിപ്പിച്ച അദ്ധ്യാപക രുടെ യാത്രയയപ്പുസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. |
| 11 | 06.30 pm | അറക്കുളം (പഴയപള്ളി) സെന്റ് തോമസ് ഇട വകയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തി. നവീകരിച്ച മദ്ബഹായുടെ കൂദാശാ കർമ്മം നിർവഹിച്ചു. പ്രതിനിധിയോഗത്തിൽ സംബന്ധിച്ചു. |
| 12 | 7.45 am | അറക്കുളം (പഴയപള്ളി) സെന്റ് തോമസ് ഇടവക യിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തി. വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. പൊതുയോഗത്തിൽ സംബന്ധിച്ചു. ഭവനങ്ങളും മഠങ്ങളും സന്ന്യാസാശ്രമങ്ങളും സന്ദർശിച്ചു. |
| | 3.30 pm | രാമപുരം ഫൊറോനയിൽ പാലാ രൂപത കത്തോ ലിക്കാ കോൺഗ്രസ് സംഘടിപ്പിച്ച കർഷക സംഗമം ഉദ്ഘാടനം ചെയ്യുകയും അവാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു. |
| 13 | 10.00 am | എറണാകുളം രൂപതയിലെ ഇളംകുളം ഇടവക യിൽ മുൻ കേന്ദ്രമന്ത്രി ശ്രീ പി.സി. തോമസിന്റെ മകൻ ജിത്തു തോമസിന്റെ ഭൗതികദേഹത്തിനരി കിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 12.30 pm | പാലാ ബിഷപ്പ്സ് ഹൗസിൽ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ കറണ്ട് അഫയേഴ്സ് കൈപ്പുസ്തകത്തിന്റെ പ്രകാശനം വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ചെയർമാൻ ശ്രീ റ്റി.കെ. ജോസ് ഐ.എ.എസിന് നൽകി നിർവഹിച്ചു. |
| | 8.30 pm | ബിഷപ്പ്സ് ഹൗസിൽ രൂപത ജാഗ്രതാസമിതി എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു. |
| 14 | 9.00 am | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |

| | | |
|---|---|---|
| | 2.30 pm | മുത്തോലിയിൽ പാലാ മരിയസദൻ ആരംഭിച്ച തലചായ്ക്കാൻ ഒരിടം എന്ന അഭയകേന്ദ്രത്തിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും നിർവഹിച്ചു. |
| | 3.00 pm | ബിഷപ്സ് ഹൗസിൽ ADCP എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു. |
| | 5.30 pm | കത്തീഡ്രൽ ഇടവകയിൽ മനോരമ ബാലജന സഖ്യം പാലാ യൂണിയൻ സംഘടിപ്പിച്ച ഡയാലിസിസ് കിറ്റ് വിതരണോദ്ഘാടനം നിർവഹിച്ചു. |
| 15 | 0.00 am | കോതമംഗലം ഇരുമലപ്പടിയിൽ ശ്രീ സാധു ഇട്ടിയവിരയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.30 pm | ചേർപ്പുങ്കൽ മെഡിസിറ്റിയിൽ അഡ്വൈസറി ബോർഡ് മീറ്റിങ്ങിൽ പങ്കെടുത്തു. |
| 16 | 9.00 | തക്കല രൂപതയിലെ രാമേശ്വരം റീജിയനിലുള്ള പാലാ മിഷൻ പ്രദേശം സന്ദർശിച്ചു |
| 17 | 8.00 am | തക്കല രൂപതയിൽ രാമേശ്വരത്തിനടുത്തുള്ള മിഷൻ ഹൗസിൽ അഭിവന്ദ്യ ജോർജ് രാജേന്ദ്രൻ പിതാവിനൊപ്പം പരിശുദ്ധ കുർബാന അർപ്പിച്ചു |
| | 10.00 am | തക്കല രൂപതയിൽ വേദാലൈ എന്ന സ്ഥലത്ത് സെന്റ് ജോസഫ് പാലാ-തക്കല മിഷന്റെ ആദ്യ മിഷൻഹൗസിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിച്ചു. |
| 19 | 6.00 am | സെന്റ് ജോസഫിന്റെ തിരുനാളിനോടനുബന്ധിച്ച് ബിഷപ്സ് ഹൗസിൽ വിശുദ്ധ കുർബാനയർപ്പിച്ചു. |
| 20 | 02.30 pm | പാലായിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നവീകരിച്ച വിൻസെൻഷ്യൻ സെന്റർ വെഞ്ചരിച്ചു. |
| | 03.15 pm | പ്രവിത്താനം ഫൊറോനയിൽ പനന്താനത്ത് കൊരംകുത്തി മാക്കൽ ഹെർഷേൽ ബിജുവിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| 21 | 6:30 am | പാലാ കത്തീഡ്രലിൽ വി. മൂറോൻ കൂദാശയുടെ കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 10:00 am | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന പ്രസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു. |
| | 2:30 pm | ചങ്ങനാശ്ശേരി കത്തീഡ്രലിൽ അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 2.30 pm | പാലാ സെന്റ് തോമസ് കോളേജിൽ സംഘടിപ്പിച്ച അധ്യാപകരുടെ യാത്രയയപ്പുസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 22 | 9.00 am | ചങ്ങനാശ്ശേരി കത്തീഡ്രലിൽ അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കുച്ചേർന്നു. |
| | 6:00 pm | ചേർപ്പുങ്കൽ ഫൊറോനയിൽ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 23 | 4.00 pm | പൂഞ്ഞാർ ഫൊറോനയിൽ എണ്ണവിളക്കും ഷ്റൈനും കുരിശടിയും വെഞ്ചരിക്കുകയും പുതിയ U.P. സ്കൂളിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിക്കുകയും ചെയ്തു. |
| | 6.00 pm | വാഗമണ്ണിൽ മൗണ്ട് നെബോ ആബാഭവനത്തിൽ നടന്ന റീജന്റ് ബ്രദേഴ്സിന്റെ മാസധ്യാനത്തിൽ സംബന്ധിച്ചു. |
| 24 | 8:00 am | വാഗമണ്ണിൽ മൗണ്ട് നെബോ ആബാഭവനം ധ്യാനകേന്ദ്രത്തിൽ ബ്രദേഴ്സിന്റെ മാസധ്യാനത്തിൽ സംബന്ധിച്ചു സംസാരിച്ചു. |
| | 12.00 pm | താബോർ ധ്യാനകേന്ദ്രത്തിൽ ഫ്രോട്ടോ മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| 25 | 9:30 am | മെഡിസിറ്റിയിൽ കിഡ്നി ഡോണേർസ് സംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 12:00 pm | മാർ അപ്രേം പ്രീസ്റ്റ് ഹോമിൽ സന്ദർശിച്ചു. |

| | | |
|---|---|---|
| | 4:00pm | കാക്കൊമ്പ് ഇടവകയിൽ ഹോം പാലാ പ്രൊജക്റ്റിലുൾപ്പെട്ട അഞ്ചു ഭവനങ്ങൾ വെഞ്ചരിച്ചു പ്രാർത്ഥിച്ചു. |
| | 5.00 pm | സിബിഗിരി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തി. ഭവനസന്ദർശനം നടത്തി. ഹോം പാലാ പ്രൊജക്ടിലുൾപ്പെട്ട രണ്ടു ഭവനങ്ങൾ വെഞ്ചരിച്ചു. പ്രതിനിധിയോഗത്തിൽ സംബന്ധിച്ചു. |
| 26 | 7.45 am | മുട്ടം ഇടവകയിൽ  ഇടയനടുത്ത സന്ദർശനത്തിനായി എത്തി. വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. സിമിത്തേരിസന്ദർശനം നടത്തി. പൊതുയോഗത്തിൽ സംബന്ധിച്ചു. |
| | 3.00 pm | ചേർപ്പുങ്കൽ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 27 | 10.00 am | ചേർപ്പുങ്കൽ ബി.വി.എം. കോളേജിൽ നടന്ന കോൺവൊക്കേഷൻ പ്രോഗ്രാമിൽ സംബന്ധിച്ചു. |
| | 3. 00 pm | ബിഷപ്സ് ഹൗസിൽ ദൈവദാസന്മാരായ ബ്രൂണോ അച്ചന്റെയും കൊളോത്തമ്മയുടെയും നാമകരണക്കോടതിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു. |
| | 5:00 pm | പൂഴിക്കോൽ ഇടവകയിൽ ഹോം പാലാ പ്രൊജക്ടിലുൾപ്പെട്ട ഭവനം വെഞ്ചരിച്ചു പ്രാർത്ഥിച്ചു. |
| | | ബേസ് അപ്രേം നസ്രാണി ദയറ സന്ദർശിച്ചു. |
| 28 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 10.00 am | രാമപുരം ഫൊറോനയിൽ അമനകര താന്നിയിൽ മേരി അഗസ്റ്റിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമികത്വം വഹിച്ചു. |
| | 12.30 pm | കത്തീഡ്രൽ ഫൊറോനയിൽ ബിജുവിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 6.00 pm | വാഗമണ്ണിൽ മൗണ്ട് നെബോ ആബാഭവനത്തിൽ മേജർ സെമിനാരി ബ്രദേഴ്സിന്റെ ട്രെയിനിങ് പ്രോഗ്രാമിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 29 | 7.00 am | വാഗമണ്ണിൽ മൗണ്ട് നെബോ ആബാഭവനത്തിൽ മേജർ സെമിനാരി ബ്രദേഴ്സിന്റെ ട്രെയിനിങ് പ്രോഗ്രാമിൽ പരി. കുർബാന അർപ്പിച്ചു. |
| | 10.00 am | കയ്യൂർ ഇടവകയിൽ പാമ്പാറ റ്റിറ്റി ബിനുവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമികത്വം വഹിച്ചു. |
| | 11.00 am | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന മാര്യേജ് കോഴ്സിൽ സന്ദർശിച്ചു സംസാരിച്ചു. |
| | 3. 00 pm | ചേർപ്പുങ്കൽ മെഡിസിറ്റിയിൽ പി.ഡി.എം.റ്റി. മീറ്റിംഗിൽ സംബന്ധിച്ചു. |
| | 7.00 pm | പാലാ കത്തീഡ്രലിൽ നടന്ന ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ സംബന്ധിച്ചു. |
| 30 | 6.45 am | ഭരണങ്ങാനം ഫൊറോനയിൽ നാല്പതുമണി ആരാധനയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് പരി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
| | 11.30 am | ഭരണങ്ങാനം അസീസിയിൽ ബ്രദർ ജോസ് ഇടയാലിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. |
| | 2.30 pm | പാലാ അൽഫോൻസാ കോളേജിൽ സംഘടിപ്പിച്ച അധ്യാപകരുടെ യാത്രയയപ്പുസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 5.00 pm | വലവൂർ ഇടവകയിൽ ഹോം പാലാ പ്രോജക്ടിൽപ്പെട്ട ഒരു ഭവനം വെഞ്ചരിച്ചു. |
| 31 | 7.00 am | പാലാ കത്തീഡ്രലിൽ വച്ച് പാലാ രൂപതയിലെ 13 വൈദികാർത്ഥികൾക്ക് മ്ശംശാന പട്ടം നൽകി. |
| | 4. 00 pm | ആലപ്പുഴ കർമസദൻ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന റീജിയണൽ ബിഷപ്സിന്റെ ധ്യാനത്തിൽ സംബന്ധിച്ചു. |


അറക്കുളം ഓൾഡ് ഇടവക –
നവീകരിച്ച മദ്ബഹായുടെ കൂദാശയും
ഇടയനടുത്ത സന്ദർശനവും


ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
സിബിഗിരി മുട്ടം ഇടവക





ബേസ് അപ്രേം നസ്രാണി ദയറായിൽ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ
അധ്യക്ഷതയിൽ ചേർന്ന സുറിയാനി സമ്മേളനം



P. S. W. S. നബാർഡിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച മില്ലറ്റ് എക്സ്പോ- 2023 ന്റെ
ഉദ്ഘാടനം അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.






ചേർപ്പുങ്കൽ മെഡിസിറ്റിയിൽ ആദ്യ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയുടെ
വാർഷികത്തിൽ നടത്തിയ വൃക്കദാതാക്കളുടെയും സ്വീകർത്താക്കളുടെയും സംഗമം



പാലാ സെന്റ് തോമസ് റ്റി.റ്റി ഐയിൽ നടന്ന പാലാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ
യാത്രയയപ്പുസമ്മേളനോദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു

2023
APRIL

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN





സെന്റ് ജോസഫ്സ് പാലാ–തക്കല മിഷനിലെ ആദ്യത്തെ മിഷൻ ഹൗസിന്റെ
ശിലാസ്ഥാപനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു



ചേർപ്പുങ്കൽ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു



പാലാ അൽഫോൻസിയൻ അക്കാഡമി ഓഫ് റിസേർച്ച് സയൻസിൽനിന്ന്
അല്മായ ദൈവശാസ്ത്ര ബിരുദ കോഴ്സ് (BARSc) പൂർത്തിയാക്കിയവർ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനൊപ്പം

*Printed at St. Thomas Press, Palai and Published by Fr. John Purakkattuputhenpura*